24
ജൂലൈ 2024
ബുധൻ
1446 മുഹറം 18
1199 കർക്കിടകം 10
പേജ് 10
അബുദാബി

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

# ഗൾഫ് ചന്ദ്രിക


കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം
Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika



08 ചൈനീസ് പാര

## പി.എ ഇബ്രാഹീം ഹാജി സ്മാരക ഹ്യൂമാനിറ്റേറിയൻ അവാർഡ് ഗൾഫാർ മുഹമ്മദലിക്ക്



ദുബൈ: ദീർഘകാലം കാലം വേൾഡ് മലയാളി കൗ ൺസിലിന് ഗ്ലോബൽ തലത്തിൽ നേതൃത്വം നൽകിയ ഡോ. പി.എ ഇബ്രാഹീം ഹാജിയുടെ സ്മരണാർത്ഥം വേൾഡ് മലയാളി കൗൺസിൽ മിഡിൽ ഈസ്റ്റ് റീജിയൺ ഏർപ്പെടുത്തിയ പ്രഥമ ഹ്യൂമാനിറ്റേറിയൻ അവാർഡ് ഗൾഫാർ മുഹമ്മദലിക്ക് സമ്മാനിക്കുമെന്ന് ഭാരവാഹികൾ ദുബൈയിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ആഗസ്റ്റ് 2ന് തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ നടക്കുന്ന സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ വേൾഡ് മലയാളി ഹ്യൂമാനിറ്റേറിയൻ ഗോൾഡൻ ലാന്റേൺ അവാർഡാണ് ഗൾഫാർ മുഹമ്മദലിക്ക് സമ്മാനിക്കും. വാർത്താസമ്മേളനത്തിൽ ജോൺ മത്തായി, ഷൈൻ ചന്ദ്രസേനൻ, ഡോ. ജെറോ വർഗീസ്, മനോജ് മാത്യു, രാജേഷ് പിള്ള, ഡയസ് ഇടിക്കുള, ജിതിൻ അരവിന്ദാക്ഷൻ, ബാവാ റേച്ചൽ പങ്കെടുത്തു.

# പ്രവാസികളെ മറന്ന കേന്ദ്ര ബജറ്റ്

### വിമാന യാത്രാ നിരക്ക്, വെൽഫയർ ഫണ്ടിന്റെ കാര്യക്ഷമ ഉപയോഗം, ഇൻഷുറൻസ് തുടങ്ങി പ്രവാസ സമൂഹം കാലങ്ങളായി ഉന്നയിക്കുന്ന പല വിഷയങ്ങൾക്കു നേരെയും കേന്ദ്ര ബജറ്റ് കണ്ണടച്ചിരിക്കുകയാണ്

ദുബൈ: കേന്ദ്ര ധനകാര്യമന്ത്രി നിർമലാ സീതാരാമൻ ഇന്നലെ അവതരിപ്പിച്ച യൂണിയൻ ബജറ്റ് കേരളത്തെ അവഗണിച്ചെന്ന് മാത്രമല്ല, പ്രവാസി സമൂഹത്തെ കടുത്ത നിരാശയിലാഴ്ത്തി. ആന്ധ്രപ്രദേശിനും ബീഹാറിനും മാത്രം പ്രധാന്യം കൊടുത്ത ബജറ്റിൽ കേരളം എന്ന വാക്ക് പോലും പ്രതിപാദിക്കാതെ പോയത് ശ്രദ്ധേയമാണ്. പാർലിമെന്റിൽ ഒറ്റക്ക് ഭൂരിപക്ഷമില്ലാത്ത ബിജെപി ഭരണം പിടിച്ചുനിർത്താൻ ചില ഘടകകക്ഷികളെ തൃപ്തിപ്പെടുത്താൻ മാത്രമായി തട്ടിക്കൂട്ടിയ ബജറ്റാണെന്ന് വ്യക്തമാണ്. ഒരു ഫെഡറൽ സംവിധാനം നിലനിൽക്കുന്ന രാജ്യത്ത് ഏതാനും രാഷ്ട്രീയ കക്ഷികളെ തൃപ്തിപ്പെടുത്താൻ വേണ്ടി മാത്രം ബജറ്റ് തയ്യാറാക്കുന്നത് വിചിത്രമായ കാര്യമാണ്.

ജീവിത നിലവാരത്തിലും വിദ്യാഭ്യാസ മേഖലയിലും രാജ്യാന്തര നിലവാരത്തിലുള്ള ഇന്ത്യയിലെ പ്രധാനപ്പെട്ട സംസ്ഥാനമായ കേരളത്തെ പൂർണമായും അവഗണിച്ചാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. കേരളത്തോട് രാഷ്ട്രീയ പകപോക്കലെന്ന രീതിയിലാണ് ഒരു ഫെഡറൽ സർക്കാർ ബജറ്റിനെ ഉപയോഗിച്ചിരിക്കുന്നത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രവാസികളുള്ള കേരളം വളരെ പ്രതീക്ഷയോടെയാണ് കാത്തിരുന്നത്. കൂട്ടുകക്ഷി സർക്കാരെന്ന നിലയിൽ വ്യത്യസ്തമായി എന്തെങ്കിലും പ്രഖ്യാപനമുണ്ടാവുമെന്ന് പ്രവാസി സമൂഹവും പ്രതീക്ഷയർപ്പിച്ചിരുന്നു. പ്രവാസികളുടെ യാത്രാപ്രശ്നം അടക്കം നിരവധി കാര്യങ്ങളിൽ കേന്ദ്രസർക്കാർ ഇടപെടേണ്ട വിഷയങ്ങളുണ്ട്.

എന്നാൽ മുഴുവൻ പ്രവാസികളെയും കേരളീയ സമൂഹത്തെ ഒന്നടങ്കം നിരാശയിലാഴ്ത്തിയ ബജറ്റായിരുന്നു. നികുതിയിളവും എക്സൈസ് തീരുവകളും കുറച്ചതിലൂടെ വൻകിട ബിസിനസുകാർക്കും കുത്തക കയറ്റുമതിക്കാർക്കും മാത്രമാണ് ഗുണമുണ്ടായിരിക്കുന്നത്. ഇതിലൂടെ കോർപറേറ്റുകളെ സഹായിക്കാൻ മാത്രമാണ് ബിജെപി നേതൃത്വത്തിലുള്ള സർക്കാർ ഉദ്ദേശിച്ചിരിക്കുന്നത്. ഫെഡറൽ സംവിധാനത്തിൽ ഒരു സംസ്ഥാന സർക്കാരിന് നിർബന്ധമായും നൽകേണ്ട ഒരു പദ്ധതിയും അനുവദിക്കാതെയും കേന്ദ്രഫണ്ടുകൾ നൽകാതെയുമാണ് കേരളത്തെ അവഗണിച്ചിരിക്കുന്നത്. ഈ അവഗണന പ്രവാസികളടക്കമുള്ള കേരളീയ സമൂഹത്തെ സാരമായി ബാധിക്കുമെന്നതിൽ സംശയമില്ല. വിലക്കയറ്റവും തൊഴിലില്ലായ്മയും കൊണ്ട് ബുദ്ധിമുട്ടുന്ന സാധാരണക്കാരായ കുടുംബങ്ങളുടെ എല്ലാ പ്രതീക്ഷകളെയും തകർക്കുന്നതാണ് ഈ ബജറ്റ്. പ്രവാസി സമൂഹം ഒന്നടങ്കം വ്യാപകമായ പ്രതിഷേധത്തിലാണ്.



പ്രവാസി സംഘടനകളുടെ പ്രതിഷേധ പ്രവാഹം 2

## ബിഹാറിനും ആന്ധ്രക്കും വാരിക്കോരി; കേരളത്തിന് വട്ടപ്പൂജ്യം
## സർക്കാറിനെ താങ്ങിനിർത്തുന്നവരെ മാത്രം താങ്ങി കേന്ദ്ര ബജറ്റ്

# കസേരക്കളി

- പ്രതിഷേധവുമായി സംസ്ഥാനങ്ങൾ
- കേരളത്തിന് പ്രത്യേക പദ്ധതികൾ ഒന്നുമില്ല, ദീർഘകാല ആവശ്യമായ എയിംസും പരിഗണിച്ചില്ല
- കോർപ്പറേറ്റുകൾക്ക് വൻ നികുതിയിളവ്
- സാധാരണക്കാരന് കഞ്ഞി കുമ്പിളിൽ തന്നെ
- ന്യായ് പദ്ധതി കോപ്പിയടിച്ചു, രൂക്ഷ പരിഹാസവുമായി കോൺഗ്രസ്
- ആദായ നികുതി ഘടന പരിഷ്കരിച്ചത് നേരിയ ആശ്വാസം

ന്യൂഡൽഹി: സർക്കാർ വീഴാതെ നോക്കാൻ ബജറ്റിലൂടെ നിതീഷിനേയും നായിഡുവിനും പ്രീണിപ്പിച്ച് മോദി സർക്കാർ. പ്രത്യേക പാക്കേജും അടിസ്ഥാന സൗകര്യ പദ്ധതികൾക്കുള്ള വൻ വിഹിതങ്ങളും ഉൾപ്പെടെ മൂന്നാം മോദി സർക്കാറിന്റെ കന്നി ബജറ്റിൽ ബിഹാറിനും ആന്ധ്രാപ്രദേശിനും വാരിക്കോരി നൽകിയപ്പോൾ മറ്റു സംസ്ഥാനങ്ങൾക്കെല്ലാം അവഗണന. തൃശൂരിൽ അക്കൗണ്ട് തുറക്കുകയും രണ്ട് കേന്ദ്രമന്ത്രിമാരെ നിയോഗിക്കുകയും ചെയ്തിട്ടും കേരളത്തിന് ബജറ്റിൽ സമ്പൂർണ അവഗണന. ഒരു പ്രത്യേക പദ്ധതികളും ബജറ്റിൽ കേരളത്തിനില്ലെന്ന് മാത്രമല്ല, സംസ്ഥാനത്തിന്റെ ദീർഘകാല ആവശ്യമായ എയിംസും പരിഗണിച്ചില്ല. കേന്ദ്ര സർക്കാർ അവഗണനക്കെതിരെ കേരളത്തിൽ നിന്നുള്ള പ്രതിപക്ഷ എം.പിമാരും സംസ്ഥാന സർക്കാറും രൂക്ഷ വിമർശനവുമായി രംഗത്തെത്തി.

പുതിയ വിമാനത്താവളങ്ങൾ, മെഡിക്കൽ കോളജുകൾ, കായിക സ്ഥാപനങ്ങൾ തുടങ്ങി വൻ വാഗ്ദാനങ്ങളാണ് ബജറ്റിൽ ബിഹാറിനു ലഭിച്ചത്. 26,000 കോടി രൂപയാണ് ബിഹാറിൽ ദേശീയ പാതാ വികസനത്തിനു മാത്രമായി അനുവദിച്ചത്. വെള്ളപ്പൊക്ക പ്രതിരോധത്തിനെന്ന പേരിൽ 11,500 കോടി വേറെയും അനുവദിച്ചു.

ആന്ധ്രാപ്രദേശിന് 15,000 കോടിയുടെ പ്രത്യേക സാമ്പത്തിക പാക്കേജാണ് ബജറ്റിൽ അനുവദിച്ചിരിക്കുന്നത്. നഗര വികസനത്തിനും പിന്നാക്ക മേഖലയുടെ വികസനത്തിനുമെന്ന പേരിൽ വേറെയും വിഹിതമുണ്ട്. തലസ്ഥാനമായ അമരാവതിയുടെ വികസനത്തിന് പ്രത്യേക സഹായവും ബജറ്റ് വാദ്ഗാനം ചെയ്യുന്നു. കേവല ഭൂരിപക്ഷമില്ലാത്ത മൂന്നാം മോദി സർക്കാർ സഖ്യകക്ഷികളായ ടി.ഡി.പിയുടേയും ജെ. ഡി.യുവിന്റെയും കനിവിലാണ് ഭരണം നിലനിർത്തുന്നത്. ഈ സാഹചര്യത്തിലാണ് മറ്റു സംസ്ഥാനങ്ങൾക്ക് നൽകേണ്ട വിഹിതം കൂടി കവർന്നെടുത്ത് ബിഹറിനും ആന്ധ്രക്കും വാരിക്കോരി നൽകിയത്.

ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പ്രകടന പത്രികയിൽ കോൺഗ്രസ് അവതരിപ്പിച്ച ന്യായ് പദ്ധതിയിലെ നിർദേശങ്ങൾ നിർമലാ സീതാരാമൻ അതേപടി കോപ്പിയടിച്ചെന്ന വിമർശനവും ഉയർന്നു. തൊഴിൽ അവസരങ്ങൾ വർധിപ്പിക്കുന്നതിനായി പ്രഖ്യാപിച്ച തൊഴിൽ ഇന്റേൺഷിപ്പ് പദ്ധതിയാണ് ഇതിൽ ഒന്ന്. രാജ്യത്തെ 500 പ്രധാന സ്ഥാപനങ്ങളിൽ അഞ്ച് വർഷത്തിനകം ഒരു കോടി യുവാക്കൾക്ക് ഇന്റേൺഷിപ്പ് ചെയ്യാൻ സൗകര്യം ഒരുക്കുമെന്നാണ് പ്രഖ്യാപനം. പ്രതിമാസം 5,000 രൂപ സ്റ്റൈപ്പന്റ് നൽകുമെന്നും രണ്ടു ലക്ഷം കോടി രൂപ ഇതിനായി നീക്കിവച്ചതായും ബജറ്റിൽ പറയുന്നു. അഭ്യസ്ഥ വിദ്യരായ യുവാക്കൾക്ക് വർഷം ലക്ഷം രൂപ വരുമാനം ലഭിക്കുന്ന തൊഴിൽ ഇന്റേൺഷിപ്പ് പദ്ധതി കോൺഗ്രസിന്റെ ന്യായ് പദ്ധതിയിലെ പ്രധാന വാഗ്ദാനമായിരുന്നു. ഇതിൽ പറഞ്ഞ പദ്ധതി മാസം 8,500 രൂപ സ്റ്റൈപ്പന്റ് എന്നത് 5,000 രൂപയാക്കി കുറച്ച് അതേപടി ധനമന്ത്രി കോപ്പിയടിക്കുകയായിരുന്നു.



*ബജറ്റ് അവതരണത്തിനായി പാർലമെന്റിലേക്ക് എത്തുന്ന ധനമന്ത്രി നിർമ്മലാസീതാരാമൻ*

സാധാരണക്കാരനെ മറന്ന ബജറ്റ് വൻകിട കോർപ്പറേറ്റുകൾക്ക് വൻ ഇളവാണ് പ്രഖ്യാപിച്ചിരിക്കുന്നത്. വിദേശ കമ്പനികൾക്കുള്ള കോർപ്പറേറ്റ് നികുതി 40ൽ നിനിന്ന് 35 ശതമാനമായി കുറച്ചു. മൂലധന നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനത്തിന് ഈടാക്കിയിരുന്ന നികുതി 20 ശതമാനത്തിൽ നിന്ന് പന്ത്രണ്ടര ശതമാനമായി വെട്ടിക്കുറച്ചു. ഇ കൊമേഴ്സ് ഇടപാടുകളുടെ നികുതി കുറച്ചതിന്റെ ഗുണവും വൻകിട വിദേശ കുത്തകകൾക്കാണ് ലഭിക്കുക. രാജ്യത്തിന്റെ സുസ്ഥിര വികസനം ലക്ഷ്യമിട്ട് ദീർഘവീക്ഷണത്തോടെയുള്ള ഒരു പദ്ധതികളും അവതരിപ്പിക്കാത്ത ബജറ്റ് വിപണിയിലും കനത്ത നിരാശയമാണ് സമ്മാനിച്ചത്. ഓഹരി വിപണിയിൽ ഉൾപ്പെടെ ഈ നിരാശ പ്രതിഫലിച്ചു.

### ബജറ്റിലെ പ്രധാന പ്രഖ്യാപനങ്ങൾ

- ബിഹാറിൽ പുതിയ വിമാനത്താവളം
- ആന്ധ്രാപ്രദേശ് തലസ്ഥാന വികസനത്തിന് 15,000 കോടി.
- ബിഹാറിലെ ഹൈവേ വികസനത്തിന് 26,000 കോടി.
- ആന്ധ്രയിലെ കർഷകർക്ക് പ്രത്യേക സഹായം
- ബിഹാറിൽ പുതിയ മെഡിക്കൽ കോളജ്
- ആന്ധ്ര പോളവാരം ജലസേചന പദ്ധതിക്ക് കേന്ദ്രഫണ്ട്
- പ്രളയ ദുരിതം നേരിടാൻ ബീഹാറിന് 11500 കോടി
- ബിഹാറിൽ രണ്ട് ക്ഷേത്ര ഇടനാഴികൾക്ക് സഹായം.
- വിദേശ കമ്പനികൾക്കുള്ള കോർപ്പറേറ്റ് ടാക്സ് 35 ശതമാനമാക്കി കുറച്ചു
- വിദേശ ക്രൂയിസ് കമ്പനികൾക്ക് നികുതിയിളവ്
- വിദ്യാഭ്യാസ, നൈപുണ്യ മേഖലകൾക്ക് 1.48 ലക്ഷം കോടി.
- ആദ്യമായി ജോലിക്ക് കയറുന്നവർക്ക് ഇ.പി.എഫ് എൻറോൾമെന്റ് പിന്തുണ.
- രാജ്യത്തെ 500 പ്രധാന സ്ഥാപനങ്ങളിൽ 5 വർഷത്തിനകം 1 കോടി യുവാക്കൾക്ക് ഇന്റേൺഷിപ്പ്. 5000 രൂപ സ്റ്റൈപ്പന്റ്
- കൂടുതൽ തദ്ദേശീയ താപവൈദ്യുതി നിലയങ്ങൾ
- ഒരു കോടി വീടുകൾക്ക് കൂടി സോളാർ പദ്ധതി
- 25,000 ഗ്രാമീണ മേഖലകളിൽ റോഡുകൾ
- നഗരങ്ങളിൽ ഭൂരേഖ ഡിജിറ്റിലൈസേഷൻ
- 12 വ്യവസായ പാർക്കുകൾ കൂടി
- കർഷകർക്കുള്ള 6000 രൂപ ധനസഹായം തുടരും
- ക്യാൻസർ രോഗത്തിനുള്ള മൂന്ന് മരുന്നുകൾക്ക് കൂടി കസ്റ്റംസ് തീരുവ ഒഴിവാക്കി
- സമുദ്രോൽപന്ന കയറ്റുമതി വർധിപ്പിക്കാൻ നികുതിയിളവ്.
- കാരുണ്യ പ്രവർത്തനങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കും
- ആദായ നികുതി റിട്ടേൺ വൈകിയാൽ ക്രിമിനൽ നടപടിയില്ല
- സ്റ്റാർട്ടപ്പുകൾക്കുള്ള ഏഞ്ചൽ ടാക്സ് ഇളവ് എല്ലാ വിഭാഗങ്ങൾക്കും
- കാർഷിക മേഖലക്ക് 1.52 ലക്ഷം കോടി.
- ആയിരം വ്യവസായ പരിശീലന കേന്ദ്രങ്ങൾ.
- മൂന്ന് വർഷത്തിനകം 400 ജില്ലകളിൽ ഡിജിറ്റൽ വിള സർവേ.
- എം.എസ്.എം.ഇകൾക്ക് ഈടില്ലാതെ വായ്പക്കായി ആയിരം കോടി
- വനിതാ ശാക്തീകരണത്തിന് 3 ലക്ഷം കോടി
- ചെറുകിട ഇടത്തരം മേഖലക്ക് 100 കോടി
- മുദ്ര വായ്പ പരിധി 20 ലക്ഷമാക്കി ഉയർത്തി
- നഗരങ്ങളിൽ 1 കോടി ഭവനങ്ങൾ. 10 ലക്ഷം കോടി.

### വില കൂടും

- അമോണിയം നൈട്രേറ്റ്
- ബയോഡീഗ്രേഡബിൾ അല്ലാത്ത പ്ലാസ്റ്റിക്
- പി.വി.സി ഫ്ളെക്സ് ബാനർ
- ടെലികോം ഉപകരണങ്ങൾ
- സോളാർ പാനലിനുള്ള ഗ്ലാസും ടിൻ കോട്ടഡ് ചെമ്പും

### വില കുറയും

- ക്യൻസർ രോഗത്തിനുള്ള മൂന്ന് മരുന്നുകൾ
- മൊബൈൽ ഫോൺ ചാർജർ
- സ്വർണം, വെള്ളി, പ്ലാറ്റിനം
- തുണി, തുകൽ ഉത്പന്നങ്ങൾ
- ചെമ്മീൻ തീറ്റ, മത്സ്യത്തീറ്റ
- എക്സ്റേ ഉപകരണങ്ങൾ

## കസേര ഉറപ്പിക്കാനുള്ള ബജറ്റെന്ന് രാഹുൽ
### ഇന്ന് കർഷക നേതാക്കളെ കാണും



ന്യൂഡൽഹി: മൂന്നാം മോദി സർക്കാറിന്റെ ആദ്യ സമ്പൂർണ ബജറ്റിനെതിരെ ആഞ്ഞടിച്ച് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. കസേര ഉറപ്പിക്കാനുള്ള ബജറ്റാണിതെന്നാരോപിച്ച, രാഹുൽ മറ്റു സംസ്ഥാനങ്ങളുടെ ചിലവിൽ ബി.ജെ.പി സഖ്യകക്ഷികൾക്ക് ശൂന്യമായ വാഗ്ദാനമാണ് നൽകുന്നതെന്നും ആരോപിച്ചു. കോൺഗ്രസ് പ്രകടന പത്രികയുടേയും മുൻ ബജറ്റുകളുടേയും കോപി പേസ്റ്റ് മാത്രമാണ് ബജറ്റെന്നും അദ്ദേഹം ആരോപിച്ചു. കുത്തക മുതലാളിമാരെ പ്രീതിപ്പെടുത്താനുള്ള ബജറ്റാണെന്ന് ആരോപിച്ച രാഹുൽ അദാനിയുടേയും അംബാനിയുടേയും പേര് പറയാതെ സാധാരണക്കാരന് ഗുണകരമല്ലാത്ത എ.എ ഉപകാരപ്രദമായ ബജറ്റെന്ന വിമർശനവും ഉന്നയിച്ചു. പ്രവൃത്തിയേക്കാളും പ്രകടനത്തിനാണ് ബജറ്റ് ശ്രദ്ധ നൽകിയതെന്നും കോപി പേസ്റ്റ് സർക്കാർ ലോക്സഭാ തിരഞ്ഞെടുപ്പിനായുള്ള കോൺഗ്രസ് വാഗ്ദാനം വലിയ രൂപത്തിൽ കോപ്പിയടിച്ചിരിക്കുകയാണെന്നും രാഹുൽ ആരോപിച്ചു. ദേശീയ തലത്തിൽ വൻതോതിലുള്ള തൊഴിലില്ലായ്മ ഉണ്ടെന്ന് ഇതിലൂടെ സർക്കാർ അംഗീകരിച്ചതായും രാഹുൽ കൂട്ടിച്ചേർത്തു.

ബജറ്റിൽ കാർഷിക മേഖലയെ പൂർണമായി അവഗണിക്കുകയും കാർഷിക വിളകൾക്ക് താങ്ങുവില ഉറപ്പാക്കി നിയമം കൊണ്ടുവരണമെന്നത് അടക്കമുള്ള നിർദേശങ്ങൾ പരിഗണിക്കാതിരിക്കുകയും ചെയ്ത പശ്ചാത്തലത്തിൽ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഇന്ന് കർഷക സംഘടനാ നേതാക്കളുമായി കൂടിക്കാഴ്ച നടത്തും.

## പാർലമെന്റിൽ ഇന്ന് ഇന്ത്യാ പ്രതിഷേധം

ന്യൂഡൽഹി: കേന്ദ്ര ബജറ്റിനെതിരെ ഇന്ന് പാർലമെന്റിൽ ശക്തമായ പ്രതിഷേധം ഉയർത്താൻ ഇന്ത്യാ സഖ്യം. രാവിലെ പാർലമെന്റിനു മുമ്പിലും തുടർന്ന് സഭ സമ്മേളിച്ചാൽ ഉടൻ പാർലമെന്റിന്റെ ഇരു സഭകളിലും പ്രതിഷേധം ഉയർത്താനാണ് തീരുമാനം. ഇന്ത്യാ സഖ്യ കക്ഷികളുടെ പാർലമെന്ററി പാർട്ടി നതാക്കൾ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുന ഖാർഗെയുടെ വസതിയിൽ യോഗം ചേർന്നാണ് പാർലമെന്റിൽ സ്വീകരിക്കേണ്ട തന്ത്രങ്ങൾ ആവിഷ്കരിച്ചത്.

ബജറ്റിൽ ബിഹാറിനും ആന്ധ്രാപ്രദേശിനും വാരിക്കോരി നൽകിയപ്പോൾ മറ്റു സംസ്ഥാനങ്ങളെല്ലാം കടുത്ത അവഗണനയാണ് നേരിട്ടത്. ഇതിൽ തന്നെ ഇന്ത്യാ സഖ്യ കക്ഷികൾ അധികാരത്തിലുള്ള സംസ്ഥാനങ്ങളോട് കൊടിയ അവഗണനയാണ് കേന്ദ്രം കാണിച്ചത്. ഈ സാഹചര്യത്തിൽ വരുന്ന നീതി ആയോഗ് യോഗത്തിൽ നിന്ന് ഇന്ത്യാ സഖ്യത്തിലെ പാർട്ടികൾ അധികാരത്തിലുള്ള സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ വിട്ടു നിൽക്കണമെന്ന നിർദേശവും യോഗത്തിൽ ഉയർന്നു. ഇക്കാര്യത്തിൽ അന്തിമ തീരുമാനം പിന്നീടുണ്ടാകും. നീതി ആയോഗ് യോഗത്തിൽ നിന്ന് വിട്ടു നിൽക്കുമെന്ന് തമിഴ്നാട് മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ ഇതിനകം തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്.

പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളോട് മുഖംതിരിച്ച ബജറ്റ്; മുസ്‌ലിംലീഗ്
ഭരണം സുരക്ഷിതമാക്കാനുള്ള ചെപ്പടിവിദ്യ: കുഞ്ഞാലിക്കുട്ടി 6–7

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 24 ബുധൻ
ഗൾഫ് ചന്ദ്രിക



## കെട്ടിടത്തിൽ നിന്ന് വീണ് യുവതി മരിച്ചു



റാസൽഖൈമ: റാസൽഖൈമയിൽ കെട്ടിടത്തിൽ നിന്ന് വീണ് യുവതി മരിച്ചു. കൊല്ലം ചാത്തന്നൂർ നെടുങ്ങോലം സ്വദേശിനി ഗൗരി മധുസൂദനൻ (28) ആണ് മരിച്ചത്. റാസൽഖൈമയിൽ ഹോട്ടൽ ജീവനക്കാരിയായിരുന്നു. ഉച്ചയ്ക്കുള്ള ഷിഫ്റ്റിൽ ജോലിക്ക് കൊണ്ടുപോകാനായി ഹോട്ടലിന്റെ വാഹനം കെട്ടിടത്തിന് മുമ്പിൽ കാത്തുനിൽക്കുമ്പോഴാണ് അപകടം. മൃതുദേഹം നടപടികൾ പൂർത്തീകരിച്ചു നാട്ടിൽ കൊണ്ടുപോകും.



## കറൻസി മൂല്യം

1 യു.എ.ഇ ദിർഹം 22.78 ₹
1 ഒമാനി റിയാൽ 217.42 ₹
1 സൗദി റിയാൽ 22.31 ₹
1 ഖത്തർ റിയാൽ 22.97 ₹
1 കുവൈത്ത് ദിനാർ 273.70 ₹
1 ബഹ്റൈൻ ദിനാർ 222.04 ₹



## സ്വർണവില

(ഗ്രാമിന്-ദിർഹം)

24 കാരറ്റ് 291.25
22 കാരറ്റ് 269.50
21 കാരറ്റ് 261.00
18 കാരറ്റ് 223.75

ഗൾഫ് വാർത്തകൾ

# കൈക്കൂലി ബജറ്റ്

കേന്ദ്ര സർക്കാർ അവതരിപ്പിച്ചത് വെറുമൊരു കൈക്കൂലി ബജറ്റാണെന്ന് യുഎഇ കെഎംസിസി പ്രസിഡന്റ് ഡോ.പുത്തൂർ റഹ്മാൻ അഭിപ്രായപ്പെട്ടു. കേരളം എന്ന പേര് പോലും പരാമർശിക്കപ്പെട്ടിട്ടില്ല. മൂന്നാം മോഡി സർക്കാരിന്റെ നിലനിൽപ്പിനായി ബീഹാറിനും ആന്ധ്രയ്ക്കും കൈക്കൂലി കൊടുക്കാനാണ് ധനമന്ത്രിക്ക് കിട്ടിയ നിർദ്ദേശം എന്ന് തോന്നുന്നു. അതവർ ഭംഗിയായി നിർവ്വഹിച്ചത് കാണാം. ഇന്ത്യയുടെ ഫെഡറലിസത്തെ ബലികഴിക്കുന്ന നയമാണിതെന്ന് പറയാതെ വയ്യ. ഈ ബജറ്റിൽ അവഗണിക്കപ്പെട്ട സംസ്ഥാനങ്ങൾ ഭരണഘടനയെ മുൻ നിർത്തി സുപ്രീം കോടതിയെ സമീപിക്കുകയാണ് ചെയ്യേണ്ടത്. വിവേചനപരമായ പൊതു ബജറ്റിനെതിരെ ഇന്ത്യാ മുന്നണി എംപിമാർ ഇന്ന് നടത്തുന്ന പ്രതിഷേധത്തിന് ധാർമ്മിക പിന്തുണ നൽകുകയാണ് പ്രവാസലോകവും ചെയ്യേണ്ടതെന്ന് പുത്തൂർ റഹ്മാൻ പറഞ്ഞു.



ഡോ.പുത്തൂർ റഹ്മാൻ

## എന്നും നിരാശ മാത്രം

കേന്ദ്ര ബജറ്റ് തീർത്തും നിരാശാജനകവും പ്രവാസിസമൂഹത്തെ പാടെ അവഗണിക്കുന്നതുമാണെന്നു അബുദാബി കെഎംസിസി അഭിപ്രായപ്പെട്ടു. വിമാന യാത്ര നിരക്ക്, വെൽഫയർ ഫണ്ടിന്റെ കാര്യക്ഷമ ഉപയോഗം, ഇൻഷുറൻസ് തുടങ്ങി പ്രവാസ സമൂഹം കാലങ്ങളായി ഉന്നയിക്കുന്ന പല വിഷയങ്ങൾക്ക് നേരെയും കണ്ണടച്ചിരിക്കുകയാണ്. ഇന്ത്യൻ സമ്പദ് ഘടനയെ താങ്ങി നിർത്തുന്നതിൽ മുഖ്യ പങ്കു വഹിക്കുന്ന പ്രവാസി സമൂഹത്തിനായി മന്ത്രി നിർമല സീതാരാമൻ അവതരിപ്പിച്ച ബജറ്റിൽ ഒന്നും ഉൾപ്പെടുത്തിയിട്ടില്ല. കേന്ദ്ര സർക്കാരിന്റെ നിലനിൽപ്പിനായി ഘടക കക്ഷികളെ ചേർത്ത് നിർത്താനുള്ള ഒരു ബജറ്റായി ഇത് മാറി. കേരളത്തിന്റെ വികസനത്തിന് ഉതകുന്ന യാതൊരുവിധ പദ്ധതിയും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് അബുദാബി കെഎംസിസി പ്രസിഡന്റ് ഷുക്കൂർ അലി കല്ലുങ്ങലും ജനറൽ സെക്രട്ടറി സി.എച്ച് യൂസഫും പ്രസ്താവനയിൽ കുറ്റപ്പെടുത്തി.

## കേരളത്തെ കളിയാക്കിയ ബജറ്റ്

ബജറ്റ് പൂർണമായും കേരളത്തെ അവഗണിക്കുന്നതും ഇന്ത്യാ മുന്നണിക്കെതിരെ രഹസ്യമായി പ്രവർത്തിച്ച ഇടതുപക്ഷത്തിനുള്ള കനത്ത പ്രഹരമാണെന്ന് അബുദാബി പ്രവാഹം പ്രസിഡന്റ് അൻവർ നഹാസും ജനറൽ സെക്രട്ടറി ഷാജികുമാർ ബാഹുലേയനും അഭിപ്രായപ്പെട്ടു. ബിജെപിക്ക് ബാലി കേറാ മലയായിരുന്ന മലയാള മണ്ണിൽ ഒരു സീറ്റു ലഭിക്കാൻ ഒപ്പം നിന്നവർക്ക് നിരാശ പകരുന്നതായിരുന്നു കേന്ദ്ര ബജറ്റ്.

കേരള ജനതയോട് സ്ഥിരമായി കാണിക്കുന്ന ബിജെപിയുടെ വർഗീയതയും സ്വേച്ഛാധിപത്യവും പ്രകടമാക്കിയ ബജറ്റാണ് മന്ത്രി നിർമല സീതാരാമൻ അവതരിപ്പിച്ചതെന്ന് ആർഎസ് പിയുടെ പ്രവാസി സംഘടനയായ പ്രവാഹം അഭിപ്രായപ്പെട്ടു. മലയാളികളോട് കേന്ദ്രത്തിലെ വർഗീയ ഫാസിസ്റ്റ് സർക്കാർ കാണിക്കുന്ന അവഗണന കൃത്യമായി മനസ്സിലാക്കി അതിനെതിരെ ശക്തമായി പ്രതികരിക്കാൻ എല്ലാ പ്രസ്ഥാനങ്ങളും സന്നദ്ധമാകണമെന്നും നേതാക്കൾ പറഞ്ഞു.

## പ്രവാസികളെ ഒരിക്കലും പരിഗണിച്ചില്ല



ജനപ്രിയ ബജറ്റാണ് മോദി സർക്കാർ അവതരിപ്പിച്ചെതെന്ന് അവകാശപ്പെടുന്ന കേന്ദ്ര ധനകാര്യ വകുപ്പ് പ്രവാസികൾക്ക് എന്താണ് പ്രഖ്യാപിച്ചെതെന്ന് വ്യക്തമാക്കണമെന്ന് ഇൻക്കാസ് സ്ഥാപക ജനറൽ സെക്രട്ടറിയും ഗ്ലോബൽ അംഗവുമായ പുന്നക്കൻ മുഹമ്മദലി പറഞ്ഞു. കേന്ദ്ര ബജറ്റിനെ 9 മേഖലയായി തിരിച്ച് ബജറ്റ് പ്രസംഗത്തിൽ അവതരിപ്പിച്ചപ്പോഴും പ്രവാസികളെ മറന്ന് പോയി ആന്ധ്ര, ബീഹാർ ബജറ്റായി മാറുകയുമായിരുന്നു. കേരളത്തിന്റെ ന്യായമായ ഒരാവശ്യവും അംഗീകരിക്കാൻ തെയ്യാറായില്ല. വിലക്കയറ്റം പിടിച്ച് നിർത്താൻ ഒരു പദ്ധതി പ്രഖ്യാപിച്ചില്ല. തൊഴിലില്ലാത്ത ചെറുപ്പാർക്ക് കൂടുതൽ തൊഴിൽ ഉണ്ടാക്കുന്ന പൊള്ളയായ പ്രഖ്യാപനമാണ് ഈ ബജറ്റിലുള്ളത്. ഏറ്റവും കൂടുതൽ ബജറ്റ് അവതരിപ്പിച്ച് റിക്കാർഡ് സൃഷ്ടിക്കാൻ കേന്ദ്ര ധനകാര്യ മന്ത്രി നിർമ്മ സീതാരാമന് സാധിച്ചുവെന്നും, എന്നാൽ മന്ത്രി ഇതുവരെ അവതരിപ്പിച്ച ഒറ്റ ബജറ്റിൽ പോലും പ്രവാസികളുടെ പേരും പോലും പരാമർശിക്കാതെ റിക്കാർഡ് സൃഷ്ടിച്ച മന്ത്രിയെന്ന ചരിത്രം കൂടിയുണ്ടെന്നും പുന്നക്കൻ മുഹമ്മദലി പറഞ്ഞു.

# കേന്ദ്ര ബജറ്റ് 2024: വ്യവസായ പ്രമുഖരുടെ പ്രതികരണങ്ങൾ

## സ്വർണ വ്യാപാര മേഖലയെ പരിപോഷിപ്പിക്കും -ഷംലാൽ അഹമ്മദ്



ദുബൈ: സ്വർണത്തിന്റെ ഇറക്കുമതി തീരുവയിൽ കുറവ് വരുത്തിയത് അടക്കം സ്വാഗതാർഹമായ നിരവധി വ്യവസ്ഥകൾ അടങ്ങിയിരിക്കുന്നതാണ് ബജറ്റെന്ന് മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്സ് ഇന്റർനാഷണൽ ഓപറേഷൻസ് എം.ഡി ഷംലാൽ അഹമ്മദ് അഭിപ്രായപ്പെട്ടു.

അനധികൃത സ്വർണ ഇറക്കുമതിയും വ്യാപാരവും തടയുന്നത് സംഘടിത ജ്വല്ലറി റീടെയിലർമാർക്ക് വളരെയധികം പ്രയോജനം ലഭിക്കുന്നതാണ്. കൂടുതൽ നിയന്ത്രിതവും അഭിവൃദ്ധി പ്രാപിക്കുന്നതുമായ ജ്വല്ലറി വിപണിയെ പരിപോഷിപ്പിക്കാനുള്ള നയമുണ്ടിതിൽ. ഉപഭോക്താക്കൾക്ക് സാമ്പത്തിക നേട്ടങ്ങളുണ്ടാക്കുന്നതും, വിപണിയും സാമ്പത്തിക വളർച്ചയും ശക്തിപ്പെടുത്തി സ്ഥിരത കൊണ്ടുവരുന്നതുമാണ് ഈ ബജറ്റ്.

## ആരോഗ്യ മേഖലയ്ക്കുള്ള വിഹിത വർധനവിൽ പ്രതീക്ഷ -ഡോ. ആസാദ് മൂപ്പൻ



ദുബൈ: ആരോഗ്യ സംരക്ഷണ മേഖലക്ക് ഇത്തവണ വലിയ ഊന്നൽ നൽകിയെന്ന് തോന്നുന്നില്ലെങ്കിലും, ഈ മേഖലയ്ക്കുള്ള ബജറ്റ് വിഹിതമായ 89,287 കോടി രൂപ, കഴിഞ്ഞ ബജറ്റുമായി താരതമ്യം ചെയ്യുമ്പോൾ 12.5% വർധന കാണിക്കുന്നത് പ്രതീക്ഷ നൽകുന്നതായി ഡോ.ആസാദ് മൂപ്പൻ അഭിപ്രായപ്പെട്ടു. ഇന്ത്യൻ ജനസംഖ്യയുടെ 66% ഇപ്പോഴും 35 വയസ്സിന് താഴെയുള്ളവരും 78 ദശലക്ഷം യുവാക്കൾ പ്രതിവർഷം തൊഴിൽ വിപണിയിലേക്ക് പ്രവേശിക്കുന്നവരുമായതിനാൽ, 2024'25ലെ യൂണിയൻ ബജറ്റ് തൊഴിലവസരങ്ങളും യുവാക്കളുടെ ഉന്നമനവും അതിലൂടെ രാജ്യത്തിന് സമഗ്ര വികസനവും ലക്ഷ്യമാക്കുന്നുവെന്ന് ആസ്റ്റർ ഡി.എം ഹെൽത് കെയർ സ്ഥാപക ചെയർമാൻ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു.

## സ്വർണത്തിന്റെയും വെള്ളിയുടെയും തീരുവ കുറച്ചത് പ്രസക്തം -ജോൺ പോൾ



ദുബൈ: ഇന്ത്യൻ യൂണിയൻ ബജറ്റിലെ മുഖ്യമായ കാര്യം സ്വർണത്തിന്റെയും വെള്ളിയുടെയും തീരുവയാണ്. വെള്ളിയുടെ തീരുവ 6% ആയും പൽറ്റിനം തീരുവ 6.4% ആയും കുറച്ചു. ഇന്ത്യ ലോകത്ത് സ്വർണ്ണത്തിന്റെ ഏറ്റവും വലിയ ഉപഭോക്താക്കളായതിനാൽ ഈ കുറവ് ഇന്ത്യയിലെ സ്വർണ്ണവും അന്താരാഷ്ട്ര വിപണിയിലെ സ്വർണവും തമ്മിലുള്ള വില അന്തരം കുറയ്ക്കുമെന്നും ജോയ് ആലുക്കാസ് ഗ്രൂപ് മാനേജിംഗ് ഡയരക്ടർ ജോൺ പോൾ ആലുക്കാസ് പറഞ്ഞു. വിനോദ സഞ്ചാരത്തിന്റെയും ഷോപ്പിംഗിന്റെയും കാര്യത്തിൽ ദുബൈ ഏറ്റവും വലിയ ആഗോള ഹോട്സ്പോട്ടുകളിൽ ഒന്നാണ്. വിപണിയിൽ എന്തെങ്കിലും മാറ്റമുണ്ടാകുമ്പോൾ അത് ടൂറിസത്തിലും സ്വർണ, വജ്രാഭരണങ്ങളുടെ വിപണിയിലും പ്രതിഫലിക്കും.

## കേരളത്തെ അവഗണിച്ചു പ്രവാസികളെ പരിഗണിച്ചില്ല -കെ.വി ഷംസുദ്ദീൻ




ഷാർജ: ധനമന്ത്രി നിർമല സീതാരാമന്റെ ഏഴാമത് ബജറ്റ് മറ്റു മേഖലകളെയും തൃപ്തിപ്പെടുത്തുന്നുവെങ്കിലും കേരളത്തെ അവഗണിച്ചു. മോദിയുടെ മൂന്നാം ടേമിലെ ഗവൺമെന്റ് മിക്കവാറും എല്ലാ മേഖലകളിലും അനുകൂലമായ മാറ്റങ്ങൾ കാണിക്കാൻ ഊന്നൽ നൽകിയത് ദൃശ്യമാണ്. എന്നാൽ വിദേശ വിനിമയ റിസർവിന്റെ പ്രധാന ഭാഗം സംഭാവന ചെയ്യുന്ന ഏകദേശം 40 ദശലക്ഷം പ്രവാസികളെ കുറിച്ച് ഒന്നും പരാമർശിച്ചിട്ടില്ലെന്നത് നിർഭാഗ്യകരമാണെന്ന് ബർജീൽ ജിയോജിത് ഫിനാൻഷ്യൽ സർവിസസ് സ്ഥാപക ഡയരക്ടർ കെ.വി ഷംസുദ്ദീൻ അഭിപ്രായപ്പെട്ടു. എല്ലാ വർഷവും സംസ്ഥാനം പ്രളയക്കെടുതിയിൽ ദുരിതമനുഭവിക്കുമ്പോഴും കേരളത്തെ അവഗണിച്ചിരിക്കുകയാണ്. ഹരിത ഊർജം, കൃഷി, എസ്എംഇ, സ്റ്റാർട്ടപ്പുകൾ, സ്ത്രീ ശാക്തീകരണം എന്നിവയെ പ്രോത്സാഹിപ്പിക്കുകയും ആന്ധ്രപ്രദേശ്, ബിഹാർ, അസം, സിക്കിം തുടങ്ങിയ സംസ്ഥാനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകിയതും പ്രശംസനീയമാണ്.





വേൾഡ് മലയാളി കൗൺസിൽ മിഡിൽ ഈസ്റ്റ് റീജിയൺ ഭാരവാഹികൾ ദുബൈയിൽ വാർത്താ സമ്മേളനത്തിൽ

## ഡോ.പി.എ ഇബ്രാഹിം ഹാജി സ്മാരക കാരുണ്യ ഭവനം പദ്ധതി സമർപ്പിക്കും



ഡോ. പി.എ ഇബ്രാഹീം ഹാജി

ദുബൈ: ദീർഘ കാലം കാലം വേൾഡ് മലയാളി കൗൺസിലിന് ഗ്ലോബൽ തലത്തിൽ നേതൃത്വം നൽകിയ ഡോ. പി.എ ഇബ്രാഹീം ഹാജിയുടെ സ്മരണാർത്ഥം വേൾഡ് മലയാളി കൗൺസിൽ മിഡിൽ ഈസ്റ്റ് റീജിയൺ നടപ്പാക്കുന്ന 'കാരുണ്യ ഭവനം പദ്ധതി' മുഖ്യമന്ത്രി പിണറായി വിജയൻ സമർപിക്കും. തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ ആഗസ്റ്റ് 2ന് നടക്കുന്ന സമ്മേളനത്തിൽ പദ്ധതി പ്രകാരം പൂർത്തീകരിച്ച വീടുകളുടെ താക്കോൽ ദാനം ഗ്ലോബൽ കോൺഫറൻസിൽ മുഖ്യമന്ത്രി നിർവഹിക്കുമെന്ന് ഭാരവാഹികൾ ദുബൈയിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ആഗസ്റ്റ് രണ്ട് മുതൽ അഞ്ചു വരെ നടക്കുന്ന ഗ്ലോബൽ കോൺഫറൻസിൽ സംസ്ഥാന മന്ത്രിമാരും എംഎൽഎമാരും മറ്റു പ്രമുഖകരും പങ്കെടുക്കും. വിവിധ രാജ്യങ്ങളിലെ വേൾഡ് മലയാളി കൗൺസിൽ പ്രതിനിധികളും സമ്മേളനത്തിനെത്തും. ഗ്ലോബൽ കോൺഫറൻസിൽ വിവിധ രാജ്യങ്ങളിലെ കൗൺസിൽ പ്രൊവിൻസുകളിൽ നിന്നും അഞ്ഞൂറോളം പ്രതിനിധികളും പങ്കെടുക്കും. പൊതു സമൂഹത്തിൽ ഒട്ടനവധി ജീവകാരുണ്യ സംരംഭങ്ങൾക്ക് ജീവിതാന്ത്യംവരെ നേതൃത്വം നൽകിയ മുൻ ഗ്ലോബൽ ചെയർമാൻ ഡോ. പി.എ ഇബ്രാഹിം ഹാജി സ്മരണാർത്ഥം നടപ്പാക്കുന്ന കാരുണ്യ ഭവനം പദ്ധതിയ്ക്ക് 50 ലക്ഷം രൂപയുടെ സഹായമാണ് ആദ്യഘട്ടത്തിൽ മിഡിൽ ഈസ്റ്റ് റീജിയണിലെ അഞ്ചു പ്രൊവിൻസുകൾ സമാഹരിച്ചത്. കേരളത്തിലെ അഞ്ചു ജില്ലകളിൽ നിന്നും തിരഞ്ഞെടുത്ത അർഹരായ അപേക്ഷകർക്ക് ഭവനം നിർമ്മിച്ച് നൽകുന്നത്. കാരുണ്യ ഭവനം പദ്ധതി പ്രകാരം 50 വീടുകൾ കേരളത്തിൽ നിർമ്മിച്ചു നൽകുന്നതിന് വിവിധ റീജിയണുകളിലെ പ്രൊവിൻസുകൾ നേതൃത്വം നൽകും. കവിയും ചലച്ചിത്രഗാന രചയിതാവും മാധ്യമ പ്രവർത്തകനുമായ പ്രഭാവർമ്മയ്ക്ക് സാഹിത്യ പുരസ്കാരം നൽകി ഗ്ലോബൽ കോൺഫറൻസിൽ ആദരിക്കും. കേരളത്തിന്റെ വിജ്ഞാന മൂലധനം ശക്തമാക്കാൻ കേരളാ സർക്കാർ സംരംഭമായ കേരളാ നോളജ് എക്കണോമി മിഷനും കേരളാ ഡെവലപ്മെന്റ് ആൻഡ് ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിലുമായി ഗ്ലോബൽ തലത്തിൽ സഹകരിച്ചു പ്രവർത്തിക്കുവാൻ കേരളാ മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ധാരണാ പത്രം ഒപ്പുവെച്ച ഏക സംഘടനയാണ് വേൾഡ് മലയാളി കൗൺസിൽ. വാർത്താസമ്മേളനത്തിൽ ഭാരവാഹികളായ ജോൺ മത്തായി, ഷൈൻ ചന്ദ്രസേനൻ, ഡോ. ജെറോ വർഗീസ്, മനോജ് മാത്യു, രാജേഷ് പിള്ള, ഡയസ് ഇടിക്കുള, ജിതിൻ അരവിന്ദാക്ഷൻ, ബാവാ റേച്ചൽ പങ്കെടുത്തു.

## ദുബൈ ജിഡിആർഎഫ്എ ഷുവർ ഫോറം

ദുബൈ: ഉപഭോക്താക്കളുമായുള്ള ആശയവിനിമയം മെച്ചപ്പെടുത്തുന്നതിനും സേവന നിലവാരം ഉയർത്തുന്നതിനും ജനറൽ ഡയറക്ടറേറ്റ് ഓഫ് റെസിഡൻസി ആൻഡ് ഫോറിനേഴ്സ് അഫയേഴ്സ് ദുബൈ 'ഷുവർ ഫോറം' എന്ന പേരിൽ പരിപാടി സംഘടിപ്പിച്ചു. ജിഡിആർഎഫ്എ കസ്റ്റമർ കമ്മ്യൂണിറ്റി നെറ്റ്‌വർക്കിലെ അംഗങ്ങളുമായി നേരിട്ട് സംവദിക്കാൻ അവസരം ഒരുക്കുന്നതിന്റെ ഭാഗമായാണ് ഫോറം ഒരുക്കിയത്. അൽ ജാഫ്‌ലിയയിലെ പ്രധാന ഓഫീസ് ക്ലബ്ബിൽ നടന്ന പരിപാടിയിൽ ജിഡിആർഎഫ്എയിൽ നിന്നുള്ള ഉന്നത ഉദ്യോഗസ്ഥരും നിരവധി കസ്റ്റമർ കമ്മ്യൂണിറ്റി അംഗങ്ങളും പങ്കെടുത്തു.

ജനറൽ ഡയറക്ടറേറ്റ് വാഗ്ദാനം ചെയ്യുന്ന പ്രധാന സേവനങ്ങൾ പരിചയപ്പെടുത്താനും അതിനോടൊപ്പം തന്നെ നേരിട്ട് തന്നെ ഉപഭോക്താക്കളിൽ നിന്ന് അഭിപ്രായം ശേഖരിക്കാനും ഫോറം അവസരം ഒരുക്കി. പരിപാടിക്കിടെ, ജിഡിആർഎഫ്എ ഉദ്യോഗസ്ഥരും നെറ്റ്‌വർക്ക് അംഗങ്ങളും ഉപഭോക്തൃ അനുഭവങ്ങളെക്കുറിച്ചും സേവനങ്ങളുടെ ലഭ്യത എളുപ്പമാക്കുന്നതിനായി നിലവാരം ഉറപ്പാക്കുന്നതിനെപറ്റിയും ചർച്ചകൾ നടത്തി. സേവന വിതരണം മെച്ചപ്പെടുത്തുന്നതിനായി കസ്റ്റമർ കമ്മ്യൂണിറ്റിയുടെ പ്രധാന ആവശ്യങ്ങളും പ്രതീക്ഷകളും പരിപാടിയിൽ ഉന്നയിച്ചു. ഉപഭോക്താക്കളുമായുള്ള തുറന്ന ആശയവിനിമയം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ജിഡിആർഎഫ്എയുടെ തുടർച്ചയായ ശ്രമങ്ങളുടെ ഭാഗമായാണ് ഇത്തരത്തിലുള്ള ഫോറംസംഘടിപ്പിച്ചതെന്നും ഉപഭോക്താക്കളുടെ അനുഭവങ്ങളും പ്രതീക്ഷകളും കൂടുതൽ മനസ്സിലാക്കാൻ പരിപാടി സഹായിക്കുമെന്നും ജിഡിആർഎഫ്എ ദുബൈ മേധാവി ലഫ്റ്റനന്റ് ജനറൽ മുഹമ്മദ് അഹമ്മദ് അൽ മർറി പറഞ്ഞു.

ആധുനിക സാങ്കേതികവിദ്യയും വിവിധ സേവന ചാനലുകളും ഉപയോഗിച്ച് ഉപഭോക്താക്കൾക്കുള്ള ഇടപാടുകൾ എളുപ്പമാക്കുന്ന പുതിയ സേവനങ്ങൾ നൽകാനാണ് ജിഡിആർഎഫ്എ പരിശ്രമിക്കുന്നത്. ഉയർന്ന നിലവാരത്തിലുള്ള തൃപ്തിയും മികവും ഉറപ്പാക്കാൻ ഞങ്ങൾ പരമാവധി ശ്രമിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി. ഉപഭോക്താക്കളുമായി നടത്തുന്ന കൂടിക്കാഴ്ചകൾ ആശയങ്ങളും നിർദ്ദേശങ്ങളും കൈമാറുന്നതിനുമുള്ള ഒരു ഇടം പ്ലാറ്റ്ഫോം നൽകുന്നുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഇത് ഉദ്യോഗസ്ഥർക്ക് ഉപഭോക്താക്കളുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും ആഴത്തിൽ മനസ്സിലാക്കാൻ സഹായിക്കുകയും, അതുവഴി ഉപഭോക്തൃ തൃപ്തി വർദ്ധിപ്പിക്കുന്നതും അവരുടെ പ്രതീക്ഷകൾ നിറവേറ്റുന്നതുമായ നൂതന പരിഹാരങ്ങൾ നൽകുന്നതിന് സൗകര്യമൊരുക്കുകയും ചെയ്യും. ഗോൾഡൻ വിസ സേവനങ്ങൾ, ഹത്ത ലാൻഡ് പോർട്ട്, എമിറേറ്റുകൾക്കുള്ള സേവനങ്ങൾ, സ്മാർട്ട് ട്രാവൽ, ഫോളോഅപ്പ്, ഇൻവെസ്റ്റിഗേഷൻ എന്നിവയുൾപ്പെടെ വിവിധ ജിഡിആർഎഫ്എ സേവനങ്ങൾ ഫോറത്തിൽ പ്രദർശിപ്പിച്ചു. കമ്മ്യൂണിറ്റി നെറ്റ്‌വർക്കിലെ അംഗങ്ങൾ ഈ സേവനങ്ങളുടെ ഗുണനിലവാരം, അവയുടെ പ്രവർത്തന സംവിധാനങ്ങൾ, മികച്ച നിലവാരത്തിലേക്ക് അവയെ പരിഷ്കരിക്കുന്നതിനും ഉയർത്തുന്നതിനുമുള്ള നിരന്തരമായ ശ്രമങ്ങൾ എന്നിവയെക്കുറിച്ചും ഫോറത്തിൽ ചർച്ച ചെയ്തു.



ഷുവർ ഫോറത്തിൽ ജിഡിആർഎഫ്എ ഉദ്യോഗസ്ഥൻ ഉപഭോക്താക്കളുമായി സംവദിക്കുന്നു





സി.പി അബൂബക്കർ മൗലവി അനുസ്മരണം റഹ്ദാദ് മുഴിക്കര ഉദ്ഘാടനം ചെയ്യുന്നു

## അനുസ്മരണവും പ്രാർഥനാ സദസും

ദുബൈ: കണ്ണൂർ ജില്ലാ മുസ്‌ലിംലീഗ് മുൻ നേതാവും ദുബൈ കെഎംസിസി കണ്ണൂർ ജില്ലാ ഉപാധ്യക്ഷനും പെരിങ്ങോം വയക്കര പഞ്ചായത്ത് മുസ്‌ലിംലീഗ് പ്രസിഡന്റും പയ്യന്നൂർ മണ്ഡലം ഉപാധ്യക്ഷനുമായ സി.പി അബൂബക്കർ മൗലവിയുടെ നിര്യാണത്തിൽ അനുശോചിച്ച് പഞ്ചായത്ത് കെഎംസിസി പ്രാർത്ഥനാ സദസും അനുസ്മരണവും സംഘടിപ്പിച്ചു. ജില്ലാ ട്രഷറർ റഹ്ദാദ് മുഴിക്കര ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് കെഎംസിസി പ്രസിഡന്റ് ലത്തീഫ് വട്ട്യേര അധ്യക്ഷനായി. സംസ്ഥാന വൈസ് പ്രസിഡന്റ് അബ്ദുൽ ഖാദർ അരിപ്പാമ്പ്ര അനുസ്മരണ പ്രഭാഷണം നടത്തി. ജനറൽ സിക്രട്ടറി റാഷിദ് തട്ടുമ്മൽ സ്വാഗതവും ഹുസൈൻ പെരിങ്ങാല നന്ദിയും പറഞ്ഞു. മണ്ഡലം പ്രസിഡന്റ് ഹാഷിം പെരിങ്ങോം, സെക്രട്ടറി ജബ്ബാർ കവ്വായി, ശംസുദ്ദീൻ പെരുമ്പട്ട, സിദ്ദിഖ് ഹാജിമുക്ക്, സലാം പെടേന പ്രസംഗിച്ചു. റാഷിദ് ഹുദവി പെടേന പ്രാർത്ഥനക്ക് നേതൃത്വം നൽകി.





സിഎ പരീക്ഷയിൽ ഉന്നത വിജയം നേടിയ ഹൈഫ ഷറഫിന് ഷാർജ കെഎംസിസി ഗുരുവായൂർ മണ്ഡലം കമ്മിറ്റിയുടെ ഉപഹാരം തൃശൂർ ജില്ലാ പ്രസിഡന്റ് അബ്ദുൽകാദർ ചക്കനത്ത് സമ്മാനിക്കുന്നു





## യു.എസ് സീക്രട്ട് സർവീസ് മേധാവി രാജിവെച്ചു

വാഷിങ്ടൺ: അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിലെ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയും മുൻ പ്രസിഡന്റുമായ ഡൊണാൾഡ് ട്രംപിനുനേരെയുണ്ടായ വധശ്രമത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തതിനു പിന്നാലെ യു.എസ് സീക്രട്ട് സർവീസ് ഡയറക്ടർ കിംബർലി ചിയറ്റിൽ രാജിവെച്ചു. ഡയറക്ടർ സ്ഥാനം ഒഴിയാനുള്ള തന്റെ തീരുമാനം അറിയിച്ച് അവർ തന്റെ സ്റ്റാഫിന് ഇമെയിൽ സന്ദേശം അയച്ചതായി അസോസിയേറ്റഡ് പ്രസ് പറയുന്നു. ഈ മാസം 13ന് പെൻസിൽവാനിയയിലെ റാലിയിൽ ട്രംപിന് സുരക്ഷയൊരുക്കുന്നതിൽ സീക്രട്ട് സർവീസിന് വീഴ്ച പറ്റിയതായി യു.എസ് കോൺഗ്രസിന്റെ അന്വേഷണ സമിതി മുമ്പാകെ ചിയറ്റിൽ സമ്മതിച്ചിരുന്നു.

## ലബനാനിൽ വീണ്ടും ഇസ്രാഈൽ ആക്രമണം

ബെയ്റൂത്ത്: ഗസ്സയ്ക്കു പുറത്തേക്കും സംഘർഷം വ്യാപിപ്പിച്ച് പശ്ചിമേഷ്യയെ യുദ്ധക്കളമാക്കി മാറ്റാൻ ശ്രമിക്കുന്ന ഇസ്രാഈൽ ഇന്നലെയും ലബനാനിൽ ആക്രമണം നടത്തി. ഹിസ്ബുല്ല അംഗങ്ങൾ കയറിയ വാഹനം ഇസ്രാഈൽ സേന ബോംബിട്ട് തകർത്തതായി റിപ്പോർട്ടുണ്ട്. ലബനാനിൽനിന്ന് വ്യോമാതിർത്തി ലംഘിച്ചെത്തിയ ഡ്രോണുകൾ വെടിവെച്ചു വീഴ്ത്തിയതായി ഇസ്രാഈൽ അവകാശപ്പെട്ടു. തകർന്ന ഡ്രോണുകളുടെ അവശിഷ്ടങ്ങൾ വടക്കൻ ഇസ്രാഈലിൽ വീണതായും ആർക്കും പരിക്കില്ലെന്നും സൈന്യം അറിയിച്ചു.

**വിദേശ വാർത്തകൾ**

### ഗസ്സയിൽ 24 മണിക്കൂറിനിടെ കൊല്ലപ്പെട്ടത് 84 ഫലസ്തീനികൾ; മൊത്തം മരണനിരക്ക് 39,090

# ലോകം കാത്തിരിക്കുന്നത് എന്തിനു വേണ്ടിയാണ്

ഗസ്സ: ഇസ്രാഈൽ സേന ഖാൻ യൂനിസിൽ പുതിയ കരയാക്രമണം തുടങ്ങിയതിനു പിന്നാലെ ഗസ്സയിൽ മരണനിരക്ക് കുതിച്ചുയരുന്നു. നിരപരാധികളെ കൊന്നൊടുക്കി രക്തപ്പുഴ ഒഴുക്കുന്ന ഇസ്രാഈലിനോട് അരുതെന്ന് പോലും പറയാൻ ധൈര്യപ്പെടാതെ ലോകം കാത്തിരിക്കുമ്പോൾ ഗസ്സയിൽ മൃതദേഹങ്ങൾ നിറയുകയാണ്. ഇന്നലെ ഗസ്സയിലുടനീളം 84 പേർ കൊല്ലപ്പെടുകയും 329 പേർക്ക് പരിക്കേൽക്കുകയും ചെയ്തതോടെ ഒൻപത് മാസത്തിലേറെ നീണ്ട കൂട്ടക്കുരുതിയിൽ കൊല്ലപ്പെട്ട ഫലസ്തീനികളുടെ എണ്ണം 39,090 ആയി.

രക്ഷപ്പെടാൻ ഇടം നൽകാതെ ഇസ്രാഈൽ സേന ഫലസ്തീനികളെ വളഞ്ഞിട്ട് ആക്രമിക്കുകയാണ്. ഖാൻ യൂനിസിലെ വടക്കുകിഴക്കൻ മേഖലയിൽനിന്ന് ഫലസ്തീനികളെ ആട്ടിപ്പുറത്താക്കാനുള്ള ഇസ്രാഈൽ നീക്കത്തെ യു.എൻ മനുഷ്യാവകാശ ഓഫീസ് അപലപിച്ചു.

രക്ഷപ്പെടാൻ സമയം കൊടുക്കാതെ അവരെ ആക്രമിച്ചതായും ഏജൻസി പറയുന്നു. തിങ്കളാഴ്ച ഖാൻ യൂനിസിലെ ബനീ സുഹൈല, അൽ ഖറാറ, അബസാൻ അൽ കാബിറ എന്നിവിടങ്ങളിൽ വ്യോമാക്രമണത്തിലും ഷെല്ലാക്രമണത്തിലുമായി സ്ത്രീകളും കുട്ടികളുമടക്കം എഴുപതോളം പേരാണ് കൊല്ലപ്പെട്ടത്. കുടുങ്ങിക്കിടക്കുന്ന നൂറുകണക്കിന് ആളുകൾ പുറത്തുകടക്കാൻ സഹായം ചോദിച്ച് സിവിൽ ഡിഫൻസിനെ വിളിക്കുകയാണ്. ഖാൻ യൂനിസിൽ കാണാതായ 68 പേരെ ഇനിയും കണ്ടെത്തിയിട്ടില്ല. ഇവർ തകർന്ന കെട്ടിടാവശിഷ്ടങ്ങളിൽ അകപ്പെട്ടതായി ഫലസ്തീൻ രക്ഷാപ്രവർത്തകർ സംശയിക്കുന്നു. മധ്യ ഗസ്സയിലെ ബുറെയ്ജ് അഭയാർത്ഥി ക്യാമ്പിൽ ഒരു വീടിനുനേരെയുണ്ടായ ബോംബാക്രമണത്തിൽ നാലു കുട്ടികളടക്കം ഒൻപത് പേർ കൊല്ലപ്പെടുകയും 10 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ആളുകൾ മൃതദേഹങ്ങൾ നീക്കിക്കൊണ്ടിരിക്കെ വീടിന്റെ തകർന്ന ചുമരുകളിൽ രക്തം തെറിച്ച ദൃശ്യങ്ങൾ അൽ ജസീറ പുറത്തുവിട്ടു. ഇന്നലെ രാവിലെ അധിനിവേശ വെസ്റ്റ് ബാങ്കിലെ തുൽകരിം അഭയാർത്ഥി ക്യാമ്പിൽ ഇസ്രാഈൽ സേന നടത്തിയ ആക്രമണത്തിൽ അഞ്ചുപേർ കൊല്ലപ്പെട്ടു. ഒരു പെൺകുട്ടിയും അമ്പത് വയസുള്ള സ്ത്രീയും മൂന്ന് പുരുഷന്മാരുമാണ് കൊല്ലപ്പെട്ടത്. വെസ്റ്റ്ബാങ്കിന്റെ മുക്കുമൂലകളിൽ ശത്രുവിന് സ്വസ്ഥത കൊടുക്കാതെ ചെറുത്തുനിൽപ്പ് തുടരുന്ന ഫലസ്തീൻ പോരാളികളെ ഹമാസ് അഭിനന്ദിച്ചു. അതേസമയം ഗസ്സയിൽ അടിയന്തര വെടിനിർത്തൽ പ്രഖ്യാപിക്കണമെന്ന് ബ്രിട്ടീഷ് വിദേശകാര്യ മന്ത്രി ഡേവിഡ് ലാമിയും ജോർദാൻ വിദേശ മന്ത്രി അയ്മാൻ സഫാദിയും ആവശ്യപ്പെട്ടു.



ഗസ്സയിലെ ഖാൻ യൂനിസിൽ ഇസ്രാഈൽ ബോംബിട്ടു തകർത്ത വീടിന്റെ അവശിഷ്ടങ്ങൾക്കിടയിൽ തിരച്ചിൽ നടത്തുന്ന ഫലസ്തീനികൾ



ഗസ്സയിലെ ഖാൻ യൂനിസിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്ന ഫലസ്തീനികൾ പുറത്തുകടക്കാൻ കഴിയാതെ തെരുവിൽ കുടുങ്ങിയ നിലയിൽ

## ഐക്യ കരാറിൽ ഒപ്പുവെച്ച് ഹമാസും ഫതഹ് പാർട്ടിയും

ബെയ്ജിങ്: ഇസ്രാഈൽ ആക്രമണം അവസാനിപ്പിച്ച ഉടൻ ഗസ്സയുടെ നിയന്ത്രണം ഫലസ്തീനികളുടെ കൈകളിൽ തന്നെ നിലനിൽത്തുകയെന്ന ലക്ഷ്യത്തോടെ ദേശീയ ഐക്യസർക്കാർ രൂപീകരിക്കുന്നതിന് ഹമാസും ഫതഹ് പാർട്ടിയും കരാറിൽ ഒപ്പുവെച്ചു. ചൈയിൽ മൂന്ന് ദിവസം നീണ്ട ചർച്ചക്കൊടുവിലാണ് ഇരുവിഭാഗങ്ങളും കരാറിലെത്തിയതെന്ന് ചൈനീസ് വിദേശകാര്യ മന്ത്രി വാങ് യി അറിയിച്ചു. ദീർഘകാല വൈരികളായ ഹമാസിനും ഫതഹ് പാർട്ടിക്കും പുറമെ മറ്റു 12 ഫലസ്തീൻ സംഘടനകളും കരാറിൽ ഒപ്പുവെച്ചിട്ടുണ്ട്. ദേശീയ ഐക്യ സർക്കാർ എന്നത് ഫലസ്തീനികളുടെ ദീർഘകാല സ്വപ്നമാണെന്ന് മുതിർന്ന ഹമാസ് നേതാവ് മൂസ അബു മർസൂഖ് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ഇടക്കാല ദേശീയ ഐക്യ സർക്കാർ രൂപീകരിക്കുക, ഏകീകൃത നേതൃത്വത്തിനു കീഴിൽ തിരഞ്ഞെടുപ്പ് നടത്തുക, ഫലസ്തീനിയൻ ദേശീയ കൗൺസിൽ അംഗങ്ങളെ തിരഞ്ഞെടുക്കുക, ഇസ്രാഈൽ ആക്രമണം തുടരുന്ന പശ്ചാത്തലത്തിൽ പൊതു ഐക്യ പ്രഖ്യാപനം നടത്തുക എന്നിവയാണ് കരാറിലെ സുപ്രധാന നിർദ്ദേശങ്ങൾ. ഫലസ്തീൻ ജനതയുടെ അവകാശങ്ങൾ കവർന്നെടുത്ത് ഇസ്രാഈൽ നടത്തുന്ന നീക്കങ്ങൾക്ക് തടയിടാൻ ദേശീയ ഐക്യം അനിവാര്യമാണെന്ന് ഫലസ്തീനിയൻ നാഷണൽ ഇനിഷ്യേറ്റീവ് സെക്രട്ടറി ജനറൽ മുസ്തഫ ബർഗൂതി പറഞ്ഞു.

ശത്രുക്കളെപ്പോലെ കഴിയുന്ന ഫതഹ് പാർട്ടിയും ഹമാസും ഐക്യത്തിന് തയാറായത് ഫലസ്തീൻ വിമോചന പോരാട്ടത്തിലെ നാഴികക്കല്ലായാണ് വിലയിരുത്തപ്പെടുന്നത്. ഗസ്സയുടെ നിയന്ത്രണം പിടിച്ചെടുക്കാൻ ഇസ്രാഈൽ ശ്രമം തുടരുകയും അമേരിക്ക അതിന് പിന്തുണ നൽകുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ പ്രത്യേകിച്ചും ഐക്യകരാറിന് പ്രസക്തി ഏറെയുണ്ട്. അതുകൊണ്ട് തന്നെ കരാർ പ്രഖ്യാപനം വന്ന് മിനുട്ടുകൾക്കകം തന്നെ ഇസ്രാഈൽ അതിനെ തള്ളിക്കളഞ്ഞ് രംഗത്തെത്തുകയും ചെയ്തു. ആക്രമണത്തിനൊടുവിൽ ഗസ്സയുടെ നിയന്ത്രണം ഇസ്രാഈലിന്റെ നിയന്ത്രണത്തിലല്ലാതെ മറ്റാർക്കും വിട്ടുകൊടുക്കില്ലെന്ന് ഇസ്രാഈൽ വിദേശകാര്യ മന്ത്രി ഇസ്രാഈൽ കട്സ് വ്യക്തമാക്കി.



ഐക്യ കരാറിൽ ഒപ്പുവെച്ച ശേഷം ഫതഹ് പാർട്ടി, ഹമാസ് നേതാക്കൾ ചൈനീസ് വിദേശ മന്ത്രി വാങ് യിയോടൊപ്പം

## എത്യോപ്യയിൽ മണ്ണിടിച്ചിൽ 229 മരണം

അഡിസ് അബാബ: കനത്ത മഴയെത്തുടർന്ന് തെക്കൻ എത്യോപ്യയുടെ ഉൾപ്രദേശത്തുണ്ടായ രണ്ട് മണ്ണിടിച്ചിലുകളിൽ 229 പേർ മരണപ്പെട്ടു. നിരവധി പേരെ കാണാതായി. ഗോഫ മേഖലയിലെ വിദൂര പ്രദേശത്താണ് ദുരന്തമുണ്ടായത്. ആദ്യ മണ്ണിടിച്ചിലിൽ അകപ്പെട്ടവരെ സഹായിക്കാൻ പൊലീസുകാരും രക്ഷാപ്രവർത്തകരും ഒത്തുകൂടി മിനുട്ടുകൾക്കകം രണ്ടാമത്തെ മണ്ണിടിച്ചിലുമുണ്ടായി. സ്ത്രീകളും കുട്ടികളും ദുരന്തത്തിൽ അകപ്പെട്ടിട്ടുണ്ട്. കാണാതായവർക്കുവേണ്ടി തിരച്ചിൽ തുടരുകയാണ്. മരണനിരക്ക് ഉയർന്നേക്കുമെന്ന് ഗോഫയിലെ ദേശീയ ദുരന്ത നിവാരണ ഏജൻസി മേധാവി മാർകോസ് മാലിസ് പറഞ്ഞു. അനവധി ആളുകൾ ചെളിയും കല്ലും നിറഞ്ഞ അവശിഷ്ടങ്ങൾക്കടിയിൽ അകപ്പെട്ടിട്ടുണ്ട്.

## അഡ്വ. ഹബീബ് റഹ്മാൻ അനുസ്മരണം

തളിപ്പറമ്പ്: എം.എസ്.എഫ് മുൻ സംസ്ഥാന പ്രസിഡന്റ് അഡ്വ. ഹബീബ് റഹ്മാന്റെ ഓർമകൾക്ക് 34 വർഷങ്ങൾ പിന്നിടുന്ന വേളയിൽ അനുസ്മരണ, പ്രാർത്ഥന സംഗമം നടത്തി. എം.എസ്.എഫ് സംസ്ഥാന ജനറൽ സെക്രട്ടറി സി.കെ നജാഫ് ഉദ്ഘാടനം ചെയ്തു. മുസ്‌ലിം ലീഗ് കണ്ണൂർ ജില്ലാ സെക്രട്ടറി മഹമൂദ് അള്ളാംകുളം, എം.എസ്.എഫ് കണ്ണൂർ ജില്ലാ ജനറൽ സെക്രട്ടറി റംഷാദ് കെ.പി, മണ്ഡലം ജനറൽ സെക്രട്ടറി ആഷിക് തടിക്കടവ്, മുസ്‌ലിം യൂത്ത് ലീഗ് ജില്ലാ വൈസ് പ്രസിഡന്റ് ഫൈസൽ ചെറുകുന്നോൻ, സി.പി.വി അബ്ദുള്ള, പി മുഹമ്മദ് ഇഖ്ബാൽ, കെ.വി മുഹമ്മദ് കുഞ്ഞി, സിദ്ധീഖ് ഗാന്ധി, യു.എം ശറഫുദ്ധീൻ, എൻ.യു ഉമ്മർ, കെ.പി നൗഷാദ് തുടങ്ങിയവർ പങ്കെടുത്തു. തളിപ്പറമ്പ് വലിയ ജുമാ മസ്ജിദ് ഖത്തീബ് ഉമർ നദ്‌വി തോട്ടീക്കൽ പ്രാർത്ഥനക്ക് നേതൃത്വം നൽകി.



തളിപ്പറമ്പ് വലിയ ജുമാ മസ്ജിദ് ഖത്തീബ് ഉമർ നദ്‌വി തോട്ടീക്കൽ പ്രാർത്ഥനക്ക് നേതൃത്വം നൽകുന്നു.

# നീറ്റിൽ പുനഃപരീക്ഷയില്ല

### വ്യാപക ചോദ്യപേപ്പർ ചോർച്ച ഉണ്ടായിട്ടില്ലെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: ചോദ്യപേപ്പർ ചോർച്ചയുടെ പശ്ചാത്തലത്തിൽ നീറ്റ് പരീക്ഷ റദ്ദാക്കി വീണ്ടും നടത്തണമെന്ന ആവശ്യം തള്ളി സുപ്രീംകോടതി. വ്യാപകമായ ചോദ്യപേപ്പർ ചോർച്ച ഉണ്ടായിട്ടില്ലെന്നും ഈ സാഹചര്യത്തിൽ പുനഃപരീക്ഷ ആവശ്യമില്ലെന്നും കോടതി വ്യക്തമാക്കി.

വ്യാപകമായ ചോദ്യപേപ്പർ ചോർച്ച ഉണ്ടായിട്ടില്ല. രണ്ടിടങ്ങളിൽ പ്രാദേശികമായി മാത്രമാണ് ചോദ്യപേപ്പർ ചോർന്നത്. പരീക്ഷയുടെ മൊത്തത്തിലുള്ള വിശുദ്ധിയേയോ വിശ്വാസ്യതയേയോ ഇത് ബാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ നേരത്തെ പരീക്ഷ എഴുതിയ 23.33 ലക്ഷം വിദ്യാർത്ഥികളോടും വീണ്ടും പരീക്ഷ എഴുതാൻ ആവശ്യപ്പെടുന്നത് നീതി കേടാണെന്നും ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് വിലയിരുത്തി. അതേസമയം നീറ്റ് ചോദ്യപേപ്പർ ചോർന്ന കാര്യം തർക്കമില്ലാത്തതാണെന്ന് കോടതി പറഞ്ഞു. വ്യാപകമായി ചോദ്യപേപ്പർ ചോർന്നു എന്ന് സ്ഥാപിക്കുന്ന തെളിവുകൾ ഇതുവരെ ലഭിച്ചിട്ടില്ല. നിലവിൽ ലഭ്യമായ തെളിവുകൾ അനുസരിച്ചാണ് ഇത്തരമൊരു നിഗമനം. എന്നാൽ ഇത് അന്തിമമല്ല. സി.ബി.ഐ അന്വേഷണം തുടരുകയാണ്. അന്വേഷണം അന്തിമ ഘട്ടത്തിലാണെന്ന് ഇപ്പോൾ പറയാനാകില്ല. പരീക്ഷയുടെ വിശുദ്ധിയേയോ വിശ്വാസ്യതയേയോ ബാധിക്കുന്ന തരത്തിൽ വ്യാപകമായ ചോർച്ച ഉണ്ടായിട്ടില്ലെന്നു മാത്രമാണ് നിലവിലെ രേഖകളുടെ അടിസ്ഥാനത്തിലുള്ള അനുമാനം. 23.33 ലക്ഷം വിദ്യാർത്ഥികളാണ് മെയ് അഞ്ചിനു നടന്ന നീറ്റ് പരീക്ഷ എഴുതിയത്. നൂറു കണക്കിന് കിലോമീറ്റർ സഞ്ചരിച്ചാണ് പല വിദ്യാർത്ഥികളും പരീക്ഷക്ക് ഹാജരായത്. ഇത്രയും വിദ്യാർത്ഥികളോട് വീണ്ടും പരീക്ഷ എഴുതാൻ ആവശ്യപ്പെടുന്നത് ഗുരുതര പ്രത്യാഘാതമുണ്ടാക്കും. പുനഃപരീക്ഷ പ്രഖ്യാപിക്കുന്നത് മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളേയും കുട്ടികളുടെ പഠനത്തേയും വരെ ബാധിക്കും എന്നതും ഗൗരവത്തോടെയാണ് കാണുന്നതെന്നും കോടതി പറഞ്ഞു.

ജാർഖണ്ഡിലെ ഹസാരിബാഗ്, ബിഹാറിലെ പട്ന പരീക്ഷാ കേന്ദ്രങ്ങളിലാണ് ചോദ്യപേപ്പർ ചോർന്നതെന്ന് കോടതി സ്ഥിരീകരിച്ചു.

### ഒപ്ഷൻ പിഴവ്; ഗ്രേസ് മാർക്ക് റദ്ദാക്കി

**നാലു ലക്ഷം പേർക്ക് അഞ്ച് മാർക്ക് നഷ്ടമാകും**



ഒപ്ഷൻ നൽകിയതിലെ പിഴവു കാരണം തെറ്റുത്തരം എഴുതിയവർക്ക് നൽകിയ ഗ്രേസ് മാർക്ക് റദ്ദാക്കാനും സുപ്രീം കോടതി ഇന്നലെ ഉത്തരവിട്ടു. ഡൽഹി ഐ. ഐ.ടി സംഘം നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി. ഇതോടെ നാലു ലക്ഷം പരീക്ഷാർത്ഥികൾക്ക് അഞ്ചു മാർക്ക് വീതം കുറയും. ഗ്രേസ് മാർക്കായി ലഭിച്ച നാലു മാർക്കും തെറ്റുത്തരം എഴുതിയതിനുള്ള ഒരു നെഗറ്റീവ് മാർക്കും ഉൾപ്പെടെയാണ് അഞ്ചു മാർക്ക് കുറയുക. ഇതോടെ റാങ്ക് ലിസ്റ്റിലും നേരിയ മാറ്റം വന്നേക്കും.

## എട്ടാം ദിനവും നിരാശ; അർജുന് വേണ്ടിയുള്ള തിരച്ചിൽ തുടരും

### മലയാളി റിട്ട. മേജർ ജനറലിന്റെ നേതൃത്വത്തിലുള്ള സംഘം ഷിരൂരിലേക്ക്

അങ്കോല: ഉത്തര കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുന് വേണ്ടിയുള്ള തിരിച്ചിലിനായി ആധുനിക സാങ്കേതിക സഹായം തേടി ദൗത്യസംഘം. ദുരന്തം നടന്ന് എട്ടാം ദിവസവും അർജുനെ കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിലാണ് നീക്കം. റിട്ട. മലയാളി മേജർ ജനറൽ ഇന്ദ്രബാലന്റെയും സംഘത്തിന്റെയും സഹായമാണ് ദൗത്യസംഘം തേടിയത്. സംഘം ഉടൻ ഷിരൂരിലെത്തും. അത്യാധുനിക സാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെയാകും സംഘം തിരച്ചിൽ നടത്തുക.

കരയിലും വെള്ളത്തിലും ഒരുപോലെ 20 മീറ്റർ വരെ താഴ്ചയിലുള്ള ഏത് വസ്തുവും കണ്ടെത്താൻ കഴിയുന്ന സാങ്കേതിക വിദ്യയാണ് ഷിരൂരിൽ എത്തിക്കുന്നത്. ഷിരൂരിൽ അപകടം നടന്ന മേഖലയിലെ ഭൂപ്രകൃതി വെല്ലുവിളി നിറഞ്ഞതാണെന്ന് റിട്ട. മേജർ ജനറൽ ഇന്ദ്രബാൽ പറഞ്ഞു. ഇങ്ങനെ ഒരു സാഹചര്യത്തിൽ ഡ്രോൺ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി തിരച്ചിൽ നടത്തുന്നതാണ് ഉചിതം. ഡ്രോണിൽ ഘടിപ്പിച്ചിട്ടുള്ള സാങ്കേതിക വിദ്യയാണ് തങ്ങളുടെ പക്കലുള്ളത്. ഇത് ഉപയോഗിച്ച് ദുരന്ത മേഖലയിൽ നിരീക്ഷണം നടത്തിയാൽ കുറച്ചുകൂടി വേഗത്തിൽ ലോറി കണ്ടെത്താൻ കഴിയുമെന്നാണ് പ്രതീക്ഷയെന്നും അദ്ദേഹം പറഞ്ഞു.

അർജുന് വേണ്ടി എട്ടാം ദിവസവും നടന്ന തിരച്ചിൽ നിരാശയിലാണ് അവസാനിച്ചത്. കനത്ത മഴ കാരണം ഇന്നലെയും തിരച്ചിൽ നേരത്തെ അവസാനിപ്പിച്ചു. പുഴയിലെ നീരൊഴുക്ക് വർധിച്ചതാണ് വെല്ലുവിളിയായത്. ഇന്ന് കൂടുതൽ യന്ത്രങ്ങളെത്തിച്ച് തിരച്ചിൽ തുടരുമെന്ന് കൻവാർ എം.എൽ.എ സതീഷ് കൃഷ്ണ സെയിൽ പറഞ്ഞു.

### കേന്ദ്ര, സംസ്ഥാന സർക്കാറുകൾക്ക് നോട്ടീസയച്ച് കർണാടക ഹൈക്കോടതി

ബെംഗളൂരു: കോഴിക്കോട് സ്വദേശി ട്രക്ക് ഡ്രൈവർ അർജുനെ കണ്ടെത്താനുള്ള രക്ഷാ ദൗത്യം ഗൗരവമുള്ള വിഷയമെന്ന് കർണാടക ഹൈക്കോടതി. കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് ഹൈക്കോടതി നോട്ടീസ് അയച്ചു. ഇരു സർക്കാരുകളോടും ഇതുവരെയുള്ള രക്ഷാ ദൗത്യത്തിന്റെ വിവരങ്ങൾ ഇന്നു തന്നെ അറിയിക്കാൻ കോടതി നിർദേശിച്ചു.

രണ്ട് മലയാളി അഭിഭാഷകരാണ് ഹൈക്കോടതിയെ സമീപിച്ചത്. ഉച്ചയ്ക്ക് രണ്ടരയ്ക്കാണ് ചീഫ് ജസ്റ്റിസിന്റെ ബെഞ്ച് ഹർജി പരിഗണിച്ചത്. നേര ത്തെ സുപ്രീംകോടതിയെ സമീപിച്ചെങ്കിലും കർണാടക ഹൈക്കോടതിയെ സമീപിക്കാൻ നിർദേശിക്കുകയായിരുന്നു.

## ഉമ്മൻചാണ്ടി അനുസ്മരണം

ബംഗളൂരു: കർണാടക മലയാളി കോൺഗ്രസ് സംസ്ഥാന കമ്മറ്റിയുടെ നേതൃത്വത്തിൽ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി അനുസ്മരണം നടത്തി. വൈസ് പ്രസിഡന്റ് ജേക്കബ് മാത്യു അധ്യക്ഷതയിൽ സീനിയർ വൈസ് പ്രസിഡന്റ് അരുൺകുമാർ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി നന്ദകുമാർ കൂടത്തിൽ മുഖ്യ പ്രഭാഷണം നടത്തി. അനിൽകുമാർ ഒ.കെ സ്വാഗതവും ജസ്റ്റിൻ ജെയിംസ് നന്ദിയും പറഞ്ഞു. ഷാജി ജോർജ്, അനിൽകുമാർ ഒ.കെ, രാജീവൻ കളരിക്കൽ, പി.എഫ് ജോബി, ജസ്റ്റിൻ ജെയിംസ്, ബെൻസിഗർ മാർക്കോസ്, നിമ്മിരവീന്ദ്രൻ, ഷാജിൽ കുമാർ, സനീഷ് പൈലി, രാജീവൻ എം.പി, പ്രവീൺ പ്രകാശ്, ചന്ദ്രൻ കെ.വി, ജിമ്മി അനുസ്മരണ പ്രഭാഷണം നടത്തി.

## തർക്കം: പള്ളിയിൽ പ്രവേശിക്കാനാകാതെ ഓർത്തഡോക്സ് വിഭാഗം

കൊച്ചി: സുപ്രീം കോടതി വിധി പ്രകാരം പെരുമ്പാവൂർ ഓടക്കാലി സെന്റ് മേരീസ് പള്ളി ഏറ്റെടുക്കുവാനുള്ള പൊലീസിന്റെ നീക്കം പരാജയപ്പെട്ടു. തിങ്കളാഴ്ച വൈകീട്ട് മുതൽ പള്ളി പരിസരത്ത് പൊലീസ് ക്യാമ്പ് ചെയ്തിരുന്നു. തുടർന്ന് ഇന്നലെ രാവിലെ പള്ളി ഏറ്റെടുക്കാൻ തഹസിൽദാരുടെയും പെരുമ്പാവൂർ എ.എസ്.പിയുടെയും നേതൃത്വത്തിൽ നടത്തിയ ശ്രമമാണ് പരാജയപ്പെട്ടത്. പള്ളിമുറ്റത്തും പുറത്തുമായി നൂറുകണക്കിന് പൊലീസുകാർ ഉണ്ടായിരുന്നു. ഫയർഫോഴ്സിന്റെ സഹായത്തോടെ പള്ളിയുടെ ഗേറ്റിൽ ഉണ്ടായിരുന്ന താഴുകൾ അറുത്ത് മാറ്റിയെങ്കിലും ഗെയ്റ്റിൽ ചുറ്റിപ്പിടിച്ച് യാക്കോബായ വിശ്വാസികൾ നിലയുറപ്പിച്ചതോടെ പൊലീസ് നടപടികളിൽ നിന്ന് പിന്മാറുകയിരുന്നു. ഇതിനിടെ യാക്കോബായ വിഭാഗം വിശ്വാസികളിൽ ചിലർ കുഴഞ്ഞുവീണു. ഇവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ച് പ്രാഥമിക ചികിത്സ നൽകി വിട്ടയച്ചു.





വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ഗ്ലോബൽ ഇസ്‌ലാഹീ പ്രവാസി മീറ്റ് സംസ്ഥാന പ്രസിഡണ്ട് പി.എൻ അബ്ദുൽ ലത്തീഫ് മദനി ഉദ്ഘാടനം ചെയ്യുന്നു

## വെല്ലുവിളികളെ തിരിച്ചറിയുന്ന പ്രവാസികൾക്കേ അതിജീവനം സാധ്യമാകൂ

കോഴിക്കോട്: അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഗ്ലോബൽ സങ്കൽപ്പങ്ങളിലെ വെല്ലുവിളികളെ തിരിച്ചറിയുന്ന പ്രവാസികൾക്കേ അതിജീവനം സാധ്യമാകൂ എന്ന് ഗ്ലോബൽ ഇസ്‌ലാഹീ പ്രവാസി മീറ്റ് അഭിപ്രായപ്പെട്ടു. ആഗോളതലത്തിൽ വിദ്യാഭ്യാസ, തൊഴിൽ മേഖലയിൽ വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. മനുഷ്യ വിഭവശേഷിയോടൊപ്പം സാങ്കേതിക പരിജ്ഞാനവും ഉള്ളവർക്കേ പിടിച്ചു നിൽക്കാൻ സാധിക്കൂ എന്നത് ഗൗരവമായി കാണണമെന്നും ഗ്ലോബൽ ഇസ്‌ലാഹീ പ്രവാസി മീറ്റ് ആവശ്യപ്പെട്ടു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡണ്ട് പി.എൻ അബ്ദുൽ ലത്തീഫ് മദനി ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി നാസിർ ബാലുശ്ശേരി അധ്യക്ഷത വഹിച്ചു. ലജ്നത്തുൽ ബുഹൂഥുൽ ഇസ്‌ലാമിയ്യ ചെയർമാൻ കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡണ്ട് അബൂബക്കർ സലഫി, സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, പ്രൊഫ. ഹാരിസ് ബ്നു സലീം, സുഫ്‌യാൻ അബ്ദുസ്സലാം പ്രസംഗിച്ചു. ജുബൈൽ ഇന്ത്യൻ ഇസ്‌ലാഹി സെന്റർ പ്രസി. അർഷദ് ബിൻ ഹംസ, ഡോ. മുഹമ്മദ് ശഹീർ, വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡണ്ട് കെ. താജുദ്ദീൻ സ്വലാഹി, ജന: സെക്രട്ടറി നിഷാദ് സലഫി, ശമീൽ മഞ്ചേരി തുടങ്ങിയവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. സിപി അസീസ്, അഷ്റഫ് എകരൂൽ, അസ്ഹർ അതേരി, സക്കീർ (കുവൈത്ത്), മുജീബ്റഹ്മാൻ മിഷ്കാത്തി, സ്വലാഹുദ്ദീൻ സ്വലാഹി (ഖത്തർ), ഷരീഫ് ഏലാങ്കോട്, ജലീൽ ഒട്ടുമ്മൽ (യു.എ.ഇ), ടി.പി അസീസ്, ഷാഫി നന്തി (ബഹ്റൈൻ), ഫൈസൽ വാഴക്കാട്, മൊയ്തു അരൂർ, ഖാലിദ് സ്വലാഹി (സഊദി അറേബ്യ), സകരിയ അൽ ഖോബാർ, അബ്ദുൽ ഗഫൂർ ജിദ്ദ, ശുഹൈബ് അൽറാസ്, നൂറുദ്ദീൻ സ്വലാഹി മദീന, ആബിദ് മക്ക, സാദിഖ് മാസ്റ്റർ ജിസാൻ, എൻ.എം മുഹമ്മദ് അലി ഒമാൻ പ്രസംഗിച്ചു.

# നിരീക്ഷണം

നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുകയും എന്നിട്ട് അവനിലേക്ക് ഖേദിച്ചുമടങ്ങുകയും ചെയ്യുക. എങ്കിൽ നിർണിതമായ ഒരു അവധിവരെ അവൻ നിങ്ങൾക്ക് നല്ല സൗഖ്യമനുഭവിപ്പിക്കുകയും, ഉദാരമനസ്ഥിതിയുള്ള എല്ലാവർക്കും തങ്ങളുടെ ഉദാരതയ്ക്കുള്ള പ്രതിഫലം നൽകുകയും ചെയ്യുന്നതാണ്. നിങ്ങൾ തിരിഞ്ഞുകളയുന്ന പക്ഷം ഭയങ്കരമായ ഒരു ദിവസത്തിലെ ശിക്ഷ നിങ്ങളുടെ മേൽ ഞാൻ നിശ്ചയമായും ഭയപ്പെടുന്നു. (വിശുദ്ധ ഖുർആൻ: 11: 03 )

gulfchandrikanews@gmail.com

ഗൾഫ് ചന്ദ്രിക

1446 മുഹറം 18 • 1199 കർക്കിടകം 10

## സങ്കുചിത രാഷ്ട്രീയം, കേരളം പടിക്ക് പുറത്ത്

തുടർച്ചയായി ഏഴുബജറ്റ് അവതരിപ്പിക്കുന്ന ആദ്യ ധനമന്ത്രിയെന്ന ഖ്യാതിയുമായെത്തി നിർമല സീതാരാമൻ അവതരിപ്പിച്ച ബജറ്റ് മൂന്നാംമോദി സർക്കാറിന്റെ രാഷ്ട്രീയ അസ്ഥിരത പരിഹരിക്കാനുള്ള പോംവഴിയും സങ്കുചിത രാഷ്ട്രീയത്തിന്റെ പ്രതിഫലനവുമായിമാറി. സംസ്ഥാനങ്ങളെ ബി.ജെ.പി, ബി.ജെ.പി ഇതരമെന്ന് വേർതിരിച്ച് ബജറ്റിന്റെ പൊതുസ്വഭാവത്തെ പോലും വെല്ലുവിളിച്ച മന്ത്രി സഖ്യകക്ഷികൾക്ക് വാരിക്കോരിക്കൊടുത്തപ്പോൾ ഇതര സംസ്ഥാനങ്ങളെ നോക്കുകുത്തിയാക്കി മാറ്റുകയായിരുന്നു. നിയമസഭാ തിരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന മഹാരാഷ്ട്ര, ഹരിയാന സംസ്ഥാനങ്ങളെ പോലും പരിഗണിക്കാൻ കഴിയാത്തത് ബി.ജെ.പിയുടെ രാഷ്ട്രീയ ദൗർബല്യത്തിന്റെ തെളിവാണ്. വികസിത ഭാരതത്തിലേക്കുള്ള ചുവടുവെപ്പെന്ന് നാഴികക്ക് നാൽപതുവട്ടം വിളിച്ചുപറയാറുള്ള മോദി സർക്കാർ ആ സങ്കൽപ്പത്തിനനുഗുണമായ വൻകിട പദ്ധതികൾക്കോ പ്രഖ്യാപനങ്ങൾക്കോ ഇടംനൽകാതെ പതിവുതെറ്റിക്കാതെ കോർപറേറ്റുകളുടെ പിന്നാലെ പോവുകയാണ് ചെയ്തിരിക്കുന്നത്.

പ്രത്യേക പാക്കേജിന്റെ പേരിൽ സർക്കാറിന് നിരന്തരം തലവേദന സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ഘടകകക്ഷികളായ ജെ.ഡി.യു വിനെയും ടി.ഡി.പിയേയും മെരുക്കാനുള്ള ചെപ്പടി വിദ്യകൾ പ്രതീക്ഷിക്കപ്പെട്ടിരുന്നതാണെങ്കിലും അത് ഇത്രത്തോളം പക്ഷപാതപരമാവുമെന്ന് കരുതപ്പെട്ടിരുന്നില്ല. ബീഹാറിൽ റോഡ് വികസനത്തിന് 26000 കോടി അനുവദിച്ചപ്പോൾ ഊർജപ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ആദ്യഗഡുവായി 21400കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ആന്ധ്രക്കാകട്ടേ തലസ്ഥാന നിർമിതിക്കായി പ്രഖ്യാപിച്ചിരിക്കുന്നത് 1500 കോടിയാണ്. കേരളം ഇന്ത്യയിലല്ലെന്ന മനോഭാവമാണ് ബജറ്റ് പ്രകടിപ്പിക്കുന്നതെന്ന റവന്യൂ മന്ത്രി കെ. രാജന്റെ പ്രതികരണം സംസ്ഥാനത്തോടുള്ള അവഗണനയെ പ്രതിധ്വനിപ്പിക്കുന്നുണ്ട്. സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ 2400 കോടി, ഉയർന്ന ജി.എസ്.ടി വിഹിതം, എയിംസ്, റബറിന് 250 രൂപ താങ്ങുവില, സിൽവർ ലൈൻ തുടങ്ങി ആവശ്യങ്ങളുടെ നീണ്ടപട്ടികയുമായി ധനമന്ത്രി കെ.എൻ ബാലഗോപാൽ നിർമല സീതാരാമനെ നേരിട്ടു സന്ദർശിച്ചിരുന്നുവെങ്കിലും എല്ലാം ചോദിച്ചു, ഒന്നുമില്ല എന്ന പതിവു രീതിക്കുമാറ്റമൊന്നുമുണ്ടായില്ല. കേരളത്തിനൊരു എയിംസ് എന്നത് ലോകസഭാ തിരഞ്ഞെടുപ്പ് കാലത്ത് ബി.ജെ.പിയുടെ പ്രധാന പ്രചരണമായിരുന്നു. എന്നാൽ സംസ്ഥാനത്തോടുള്ള ബി.ജെ.പിയുടെ സമീപനത്തിന്റെ നിദർശനം കൂടിയാണീ വാഗ്ദാന ലംഘനം. ദുരന്ത നിവാരണ പാക്കേജിലും കേരളത്തെ ഉൾപ്പെടുത്തിയിട്ടില്ല.

ഗ്രാമീണ മേഖലയെ പടിക്കുപുറത്തു നിർത്തിയതിലൂടെ യാഥാർത്ഥ്യബോധം തൊട്ടുതീണ്ടിയിട്ടില്ലാത്ത ബജറ്റെന്ന വിശേഷണം വെറും ക്ലീഷെ അല്ലെന്ന് ധനമന്ത്രിതന്നെ അടിവരയിടുകയാണ്. 68 ശതമാനം ജനങ്ങളും ഗ്രാമീണ മേഖലയിൽ അധിവസിക്കുകയും അതിൽ 20 ശതമാനത്തിന് മൂന്നുനേരം ഭക്ഷണം കഴിക്കാനില്ലാതിരിക്കുകയും ചെയ്യുന്ന ഒരു രാജ്യത്തെ ബജറ്റിലാണ് ഗ്രാമീണ മേഖല അവഗണിക്കപ്പെടുന്നത് എന്നുവരുമ്പോൾ ഈ ബജറ്റിനെ എങ്ങിനെയാണ് അഭിസംബോധന ചെയ്യേണ്ടത്. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വിഹിതം ആനുപാതികമായി വർധിപ്പിക്കാനോ കാർഷിക കടങ്ങൾ എഴുതിത്തള്ളാനോ തയാറായിട്ടില്ല. സാധാരണക്കാരെ ലക്ഷ്യംവെച്ച് മോദി സർക്കാർ തന്നെ കൊണ്ടുവന്ന പി.എം കിസാൻ സമ്മാൻ നിധി, ജൽ ജീവൻ, സ്വച്ഛ ഭാരത് മിഷൻ എന്നീ പദ്ധതികളെപ്പോലും ബജറ്റ് നിഷ്പ്രഭമാക്കിയിരിക്കുകയാണ്. എന്നാൽ കോർപറേറ്റുകളോടുള്ള ഉദാര സമീപനത്തിൽ ഇത്തവണയും ഒരു പിശുക്കും കാണിച്ചിട്ടില്ല. ജനപ്രിയമെന്ന് പറയാവുന്ന വിരലിലെണ്ണാവുന്ന നിർദേശങ്ങളാകട്ടെ പ്രതിപക്ഷത്തിന്റെ തിരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ നിന്ന് കടമെടുത്തവയുമാണ്. പുതുതായി ജോലിക്കുകയറുന്ന എല്ലാവർക്കും ഒരുമാസ ശമ്പളമെന്നത്, അപ്രന്റീസുകൾക്ക് ഒരുവർഷം ഒരു ലക്ഷം രൂപ ലഭ്യമാക്കുകയും അതുവഴി അവരുടെ കഴിവുകൾ വർധിപ്പിച്ച് തൊഴിലവസരങ്ങൾ വർധിപ്പിക്കുകയും ചെയ്യുകയെന്ന യുവാക്കൾക്ക് ഏറെ പ്രതീക്ഷ നൽകിയിരുന്ന കോൺഗ്രസ് പ്രകടനപത്രികയുടെ കട്ട് ആന്റ് പേസ്റ്റാണ്. കേരളത്തിൽ താമര വിരിയുകയും കേന്ദ്രത്തിൽ രണ്ട് സഹമന്ത്രിമാരുണ്ടാവുകയും ചെയ്ത സാഹചര്യത്തിൽ പതിവിൽനിന്ന് വിഭിന്നമായി എന്തെങ്കിലും സംഭവിക്കുമെന്ന് പ്രതീക്ഷിച്ച മലയാളികളെ നിരാശയുടെ പടുകുഴിയിലേക്ക് തള്ളിവിട്ടിരുക്കുകയാണീ ബജറ്റ്.

### അടിക്കുറിപ്പ്

പൊതുബജറ്റ് താൽപര്യങ്ങളെ ബലികഴിച്ച് സർക്കാരിനെ താങ്ങിനിർത്തുന്ന സഖ്യകക്ഷികളെ സുഖിപ്പിക്കാനുള്ള പ്രഖ്യാപനങ്ങളാണ് മോദിസർക്കാരിന്റെ ബജറ്റിലുള്ളത്. നിതീഷ്നായിഡു വിധേയത്വം പ്രകടമാക്കുന്നതിനപ്പുറം സാധാരണക്കാരന് ആശാവഹമല്ല പ്രഖ്യാപനങ്ങൾ. മാത്രമല്ല, കേരളത്തെ പാടേ അവഗണിക്കുന്നതാണ് ബജറ്റ്. ബജറ്റ് പ്രസംഗത്തിൽ കേരളം എന്ന പേര് പോലും പരാമർശിച്ചില്ല. എംയിസ് ഉൾപ്പെടെ സംസ്ഥാനത്തിന് അർഹമായ ആനുകൂല്യം പോലും നൽകിയില്ല. ബി.ജെ.പിക്ക് എം.പിയുണ്ടായാൽ കേരളത്തിൽ വികസനം കൊണ്ടുവരുമെന്നാണ് പ്രധാനമന്ത്രി തിരഞ്ഞെടുപ്പ് സമയത്ത് പറഞ്ഞത്. പ്രധാനമന്ത്രിയുടെ മറ്റൊരു പൊള്ളയായ വാഗ്ദാനം.

**കെ.സി വേണുഗോപാൽ**

### ചരിത്രത്തിൽ ഇന്ന്

1567 സ്കോട്ട്സ് രാജ്ഞിയായ മേരിയെ സ്ഥാനമൊഴിയാൻ നിർബന്ധിതയാക്കി, പകരം ഒരുവയസുള്ള മകൻ ജെയിംസ് ആറാമൻ ആ സ്ഥാനത്ത് അവരോധിതനായി.

1910 ഓട്ടോമൻ സാമ്രാജ്യം 1910 ലെ അൽബേനിയൻ കലാപം അവസാനിപ്പിച്ച് ഷ്കോഡർ നഗരം പിടിച്ചെടുത്തു.

1915 ചിക്കാഗോ നദിയിലെ ഒരു കപ്പലിൽ കെട്ടിയിട്ടപ്പോൾ എസ്എസ് ഈസ്റ്റ്ലാൻഡ് എന്ന യാത്രാ കപ്പൽ മറിഞ്ഞു. ഗ്രേറ്റ് തടാകങ്ങളിലെ ഒരൊറ്റ കപ്പൽ തകർച്ചയിൽ നിന്ന് ഏറ്റവും കൂടുതൽ ജീവൻ നഷ്ടപ്പെട്ട സംഭവത്തിൽ 844 യാത്രക്കാരും ജോലിക്കാരും മരിച്ചു.

# ബജറ്റ് സഖ്യകക്ഷികൾക്കുള്ള പാരിതോഷികം



**പി.എം.എ സമീർ**

**കോർപറേറ്റുകളുടെ വളർച്ചയും സാമ്പത്തിക അഭിവൃദ്ധിയും മാത്രം മുൻനിർത്തി സഖ്യകക്ഷികൾക്ക് വാരിക്കോരി നൽകി രാഷ്ട്രീയ ഗിമ്മിക്കുകൾ കാണിച്ച് തന്റെ ബജറ്റ് ജീവിതത്തിൽ പൊള്ളയായ ഒരേട് കൂടി എഴുതി ചേർത്തു നിർമ്മലാ സീതാരാമൻ. അത്രമാത്രമാണ് ഈ ബജറ്റ്.**

ഭരണ മുന്നണിയിലെ സഖ്യ കക്ഷികൾക്കുള്ള പാരിതോഷിക വിതരണമായിരുന്നു ഇന്നലെ അവതരിപ്പിച്ച കേന്ദ്ര ബജറ്റ്. എൻ.ഡി.എ മുന്നണി അധികാരത്തിലെത്താൻ സഹായിച്ച സഖ്യകക്ഷികൾ ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് കോടിക്കണക്കിന് രൂപ അനുപാതരഹിതമായി വകയിരുത്താൻ വേണ്ടിയുള്ള ഫെഡറൽ വഞ്ചനയാണ് നിർമല സീതാരാമൻ നിർവ്വഹിച്ചത്. അഥവാ ആസൂത്രിത ഖജനാവ് കൊള്ളയ്ക്ക് സഭയുടെ മേലൊപ്പ് ചാർത്തുന്ന പണി. 28 സംസ്ഥാനങ്ങളും 8 കേന്ദ്രഭരണ പ്രദേശങ്ങളും ഉൾപ്പെടുന്ന ഒരു രാജ്യത്തിന്റെ ബജറ്റ് ഫെഡറലിസത്തിൽ അനീതിയുടെ കാഹളം മുഴക്കുന്നു. ആന്ധ്രയും ബീഹാറും യുപിയും ഗുജറാത്തും അല്ലാതെ ഇന്ത്യയിൽ മറ്റു സംസ്ഥാനങ്ങളും പൗരസഞ്ചയവുമുണ്ടെന്ന് ഭരണകൂടം ബോധപൂർവ്വം അവഗണിക്കുന്നു. കേരളത്തിൽ ഇലക്ഷൻ സമയത്ത് മുഴങ്ങി കേട്ട എയിംസും റെയിൽവേ പദ്ധതികളും മറ്റു പാക്കേജുകളും കൊട്ടിഘോഷിച്ച് ഇറക്കി നിർത്തിയിരിക്കുന്നവരുടെ ഗീർവ്വാണം മാത്രമായി. ബജറ്റിൽ കേരളമെന്ന പേര് പരാമർശിച്ചു പോലുമില്ല.





വടക്കു കിഴക്കൻ സംസ്ഥാനങ്ങൾക്ക് മുഴുവനായി 10 കോടിയിൽ താഴെ മാത്രമാണ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. കലാപവും അസമത്വവും അസമാധാനവും നിലനിൽക്കുന്ന മണിപ്പൂർ ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളോടാണ് ഈ അവഗണന. സമാധാനം പുനസ്ഥാപിച്ച് ജനങ്ങൾ തൊഴിലിലേക്കും സമാധാനത്തിലേക്കും അഭിവൃദ്ധിയിലേക്കും തിരിച്ചെത്തുന്നത് മോദി ഭരണകൂടം ആഗ്രഹിക്കുന്നില്ല. സംസ്ഥാനങ്ങളുടെ സമഗ്ര വളർച്ചക്ക് ഉതകുന്ന സാഹചര്യവും സഹായവും മുന്നോട്ട് വെക്കാൻ കേന്ദ്രഭരണകൂടം വിമുഖത കാണിക്കുന്നത് അവരുടെ പ്രത്യയശാസ്ത്ര നിലപാട് കൂടിയാണ്. ജനങ്ങളെ ദാരിദ്ര്യത്തിലും അസമാധാനത്തിലും തളച്ചിട്ട് മതാന്ധത പ്രചരിപ്പിച്ച് തമ്മിൽ ശത്രുതയിൽ പുലരണം എന്നതത്രേ പ്രത്യയശാസ്ത താല്പര്യം . ദാരിദ്ര്യവും നിരക്ഷരതയും അവസാനിപ്പിച്ച് സംസ്ഥാനങ്ങൾ ഉത്പാദനക്ഷമത കൈവരിക്കുന്നതിന് വേണ്ടിയുള്ള സാമ്പത്തിക നീക്കിയിരിപ്പുകളൊന്നും ബജറ്റിൽ കാണാൻ സാധിക്കാത്തതും അതുകൊണ്ടു കൂടിയാണ്.

ഒരു പതിറ്റാണ്ടു കാലം കൊണ്ട് രാജ്യം എത്തിച്ചേർന്ന ദുരന്തമുഖം പേടിപ്പെടുത്തുന്നതാണ്. നിരന്തരമായ സാമ്പത്തിക അസമത്വവും സാമൂഹിക അസമത്വവും സൃഷ്ടിച്ച തകർച്ചയിൽ നിന്ന് രാജ്യത്തെ കരകയറ്റാനുള്ള ഒരു പദ്ധതിയും ബി.ജെ.പി മുന്നണിക്ക് മുന്നോട്ട് വെക്കാൻ കഴിയുന്നില്ല. ഈ ഭരണകൂടം നിർമ്മിച്ചെടുത്ത അതി സങ്കീർണ്ണമായ സാഹചര്യമാണിത്. കോർപറേറ്റുകൾക്ക് ദാസ്യവേല ചെയ്തും രാജ്യത്തെ വിഭവ കൊള്ളക്ക് തുറന്നു കൊടുത്തും ലഭിക്കുന്ന മൂലധനം ശേഖരിച്ച് ജനാധിപത്യത്തെ വിലക്കെടുത്താണ് പത്തു കൊല്ലം ഭരിച്ചത്. ജനങ്ങളെ ഭിന്നിപ്പിച്ച് നിർത്തി മനുഷ്യരെ കശാപ്പു ചെയ്യുന്ന വെറുപ്പിന്റെ പ്രചാരകരായി, ആധുനിക ലോകത്ത് പൗരാന്തസിന്റെ അന്തകരായി, ജനാധിപത്യത്തിന്റെ ജീവനെടുക്കാനുള്ള ആവേശ കുതിപ്പിലായിരുന്നു ഇവർ തിരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചത്. തിരഞ്ഞെടുപ്പ് പക്ഷേ തിരിച്ചടിച്ചു. ജനങ്ങളുടെ ജീവൽ പ്രശ്നങ്ങളെ മുൻനിർത്തി ഇന്ത്യമുന്നണി ജനങ്ങളെ അണിനിരത്തി. സാമ്പത്തിക അസമത്വവും ദാരിദ്ര്യവും തൊഴിലില്ലായ്മയും കർഷക പ്രക്ഷോഭവും രാജ്യം ചർച്ച ചെയ്തു.

രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് അമ്പരപ്പിക്കുന്നതാണ്. നാഷണൽ സാമ്പിൾ സർവേ പ്രകാരം അസംഘടിത മേഖലയിൽ മാത്രം കഴിഞ്ഞ ആറു വർഷത്തിനിടെ 30 ലക്ഷം തൊഴിലവസരങ്ങൾ ഇല്ലാതായി. സെന്റർ ഫോർ മോണിറ്ററിംങ് ഇക്കണോമി റിപ്പോർട്ട് പ്രകാരം നമ്മുടെ തൊഴിലില്ലായ്മ നിരക്ക് 9.2 ശതമാനമാണ്. അഥവാ ഇന്ത്യയിൽ ഇന്ന് നാൽപത് കോടിയിലേറെ മനുഷ്യർ തൊഴിൽ രഹിതരാണ്. തൊഴിലില്ലായ്മ പരിഹരിക്കാനുള്ള സക്രിയമായ ഒരിടപെടലും ഈ ബജറ്റിൽ മുന്നോട്ട് വെക്കുന്നില്ല. നിലവിൽ കേന്ദ്ര സർക്കാർ മേഖലയിൽ മുപ്പത് ലക്ഷത്തിലധികം ഒഴിവുകളുണ്ട്. അവയൊന്നും നികത്താതെ കോർപറേറ്റ് കമ്പനികളിൽ ഇന്റേൺഷിപ്പ് നൽകുന്നത് കൊണ്ട് പരിഹരിക്കാനാവുന്നതല്ല യുവാക്കളുടെ തൊഴിലില്ലായ്മ. ഇന്ത്യയിലെ അതിവേഗം വളരുന്ന ജനസംഖ്യയുടെ അറുപത്തിയഞ്ച് ശതമാനവും 35 വയസ്സിന് താഴെയുള്ളവരാണ്. ഇത്തരം അവബോധങ്ങളൊന്നും മുൻനിർത്തിയല്ല ധനമന്ത്രിയുടെ ബജറ്റ് തയ്യാറെടുപ്പെന്ന് നമുക്കറിയാം.

കർഷകർ ജീവത്യാഗം നടത്തി മുന്നോട്ട് വെച്ച അഹിംസാ സമരം ഒരിടവേളക്കു ശേഷം വീണ്ടും ശക്തി പ്രാപിക്കുകയാണ്. 159 മണ്ഡലങ്ങളിൽ ബി.ജെ.പിയുടെ പതനത്തിന് വഴിവെച്ചത് കർഷക പ്രക്ഷോഭമായിരുന്നു. രൂക്ഷമാകുന്ന വിലക്കയറ്റത്തെ തടഞ്ഞു നിർത്താനുള്ള നിർദേശങ്ങളൊന്നും ബജറ്റ് മുന്നോട്ട് വെക്കുന്നില്ല. ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് രാജ്യ വിസ്തൃതിയുടെ പകുതിയിലധികം വരുന്ന ഗ്രാമങ്ങളിലാണ്. അവിടെ ദാരിദ്ര്യവും നിത്യദുരിതവും പേറുന്ന മനുഷ്യരുടെ ജീവിത നിലവാരം ദയനീയമായി തുടരുന്നു. ആ ദരിദ്ര നാരായണൻമാരുടെ ജീവിതം മെച്ചപ്പെടാനുള്ള പദ്ധതികൾ മുന്നോട്ട് വെക്കാതെയുള്ള പൊള്ളയായ വാഗ്ദാനങ്ങൾ നിറഞ്ഞ ബജറ്റിന് രാജ്യം മറുപടി നൽകുക തന്നെ ചെയ്യും.

കോർപറേറ്റുകളുടെ വളർച്ചയും സാമ്പത്തിക അഭിവൃദ്ധിയും മാത്രം മുൻനിർത്തി സഖ്യകക്ഷികൾക്ക് വാരിക്കോരി നൽകി രാഷ്ട്രീയ ഗിമ്മിക്കുകൾ കാണിച്ച് തന്റെ ബജറ്റ് ജീവിതത്തിൽ പൊള്ളയായ ഒരേട് കൂടി എഴുതി ചേർത്തു നിർമ്മലാ സീതാരാമൻ. അത്രമാത്രമാണ് ഈ ബജറ്റ്.

അതേ സമയം ചില ജനക്ഷേമ നിർദേശങ്ങൾ ബജറ്റിൽ ഇടം കണ്ടെത്തിയത് കോൺഗ്രസ് പ്രകടന പത്രികയിൽ നിന്നാണെന്നുള്ളതാണ് രസകരമായ കാര്യം . അഥവാ ജാഗ്രതയുള്ള പ്രതിപക്ഷമാണ് ജനാധിപത്യത്തിന്റെ ഉൾകരുത്തെന്ന് ഒരിക്കൽ കൂടി തെളിഞ്ഞിരിക്കുന്നു. ജനോന്മുഖമായ വികസന ക്ഷേമ കാഴ്ചപാടുകളായിരുന്നു ഇന്ത്യമുന്നണി ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ മുന്നോട്ട് വെച്ചത്. ബി.ജെ.പി മുന്നണിയുടെ അടിവേരറുത്ത പ്രതിപക്ഷ മുന്നേറ്റത്തിന്റെ മുഖ്യകാരണവും അതായിരുന്നു. തിരഞ്ഞെടുപ്പിലെ തിരിച്ചടി കാരണം അൽപം കണ്ണിൽ പൊടിയിടൽ മാത്രമാണ് സർക്കാറിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുള്ളത്. ആ പ്രകടന പത്രികയിലെ ഭാഗങ്ങൾ ബജറ്റിൽ പകർത്തി എഴുതാൻ ധനകാര്യ മന്ത്രി നിർമല സീതാരാമന് അശേഷം ജാള്യത തോന്നാതിരുന്നതും അതുകൊണ്ടാണ്.

# പ്രധാനമന്ത്രിയുടെ നുണകൾ



**റസാഖ് ആദൃശ്ശേരി**

രാജ്യത്ത് ശ്രദ്ദേയമായ മൂന്ന് വിഷയങ്ങളിൽ ഈയിടെ പ്രധാനമന്ത്രി നരേന്ദ്രമോദി നടത്തിയ അവകാശവാദങ്ങൾ വസ്തുതാ വിരുദ്ധവും ജനങ്ങളെ കബളിപ്പിക്കുന്നതുമാണ്. ജമ്മു കാശ്മീരിൽ ഭീകരതക്കെതിരായ പോരാട്ടം അതിന്റെ അന്തിമഘട്ടത്തിലെത്തിയെന്നും കഴിഞ്ഞ 10 വർഷമായി മേഖലയിൽ ഭീകരാക്രമണങ്ങൾ കുറഞ്ഞു വരികയാണെന്നും പാർലമെന്റിൽ മോദി അവകാശപ്പെട്ടു. മണിപ്പൂർ സംസ്ഥാനത്ത് സമാധാനം പുനഃസ്ഥാപിക്കാൻ കേന്ദ്രം തുടർച്ചയായി ശ്രമങ്ങൾ നടത്തുന്നുണ്ടെന്നും അക്രമസംഭവങ്ങൾ കുറഞ്ഞു വരുന്നുണ്ടെന്നും മോദി അവകാശപ്പെട്ടത് രാജ്യസഭയിലായിരുന്നു. ജൂലൈ 13ന് മുംബൈയിൽ ഒരു പരിപാടിയിൽ കഴിഞ്ഞ നാല് വർഷത്തിനിടെ രാജ്യത്ത് എട്ടു കോടി തൊഴിലവസരങ്ങൾ സൃഷ്ടിച്ചുവെന്ന മോദിയുടെ അവകാശവാദമാണ് ഏറ്റവും ഒടുവിലത്തേത്.

ജമ്മു കശ്മീരിൽ ഭീകരപ്രവർത്തനങ്ങൾ കുറച്ചുവെന്നും ജനങ്ങൾ സാധാരണ നിലയിലേക്ക് എത്തപ്പെട്ടുവെന്നും കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പി വൻ പ്രചരണം നടത്തിയിരുന്നു. സംസ്ഥാനത്തിനുള്ള പ്രത്യേക അധികാരം എടുത്തുകളഞ്ഞതിന്റെയും ശക്തമായ സൈനിക പൊലിസ് നടപടികൾ സ്വീകരിച്ചതിന്റെയും ഫലമാണതെന്നായിരുന്നു അവകാശവാദം. കഴിഞ്ഞ വർഷം ഡിസംബറിൽ അന്നത്തെ ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ റായി കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഭീകരാക്രമണതോത് കുറഞ്ഞെന്നു ലോക്സഭയിൽ അവകാശപ്പെട്ടു. മോദിയുടെ മൂന്നാംമൂഴത്തിൽ, ജൂലൈ മൂന്നിന് രാജ്യസഭയിൽ രാഷ്ട്രപതിയുടെ അഭിസംബോധനക്കുള്ള നന്ദി പ്രമേയ ചർച്ചയിലാണ് പ്രധാനമന്ത്രി ജമ്മു കശ്മീരിൽ ഭീകരതക്കെതിരായ പോരാട്ടം അതിന്റെ അന്തിമഘട്ടത്തിലാണെന്നു പറഞ്ഞത്. ഭരണഘടന കശ്മീരിനു പ്രത്യേകാധികാരം നൽകിയിരുന്ന അനുച്ഛേദം 370 റദ്ദാക്കിയതോടെ താഴ് വരയിൽ ഭീകരത അവസാനിച്ചെന്നാണ് ആഭ്യന്തര മന്ത്രി അമിത് ഷാ അവകാശപ്പെട്ടു കൊണ്ടേയിരിക്കുന്നത്.

എന്നാൽ ഈ അവകാശവാദങ്ങളെല്ലാം വെറും പൊള്ളയാണെന്നും അവിടെ ഭീകരാക്രമണം ശക്തി പ്രാപിച്ചിരിക്കുകയാണെന്നും ജനങ്ങളുടെ ജീവിതം കൂടുതൽ ദുരിതപൂർണ്ണമായിരിക്കുന്നു തുടങ്ങിയ വാർത്തകളാണ് ഓരോ ദിവസവും പുറത്ത് വരുന്നത്. കഴിഞ്ഞ 32 മാസത്തിനിടെ ജമ്മു കശ്മീരിൽ വീരമൃത്യു വരിച്ചത് 48 സൈനികരാണ്. മൂന്നാം മോദി സർക്കാർ അധികാരത്തിലേറി 40 ദിവസം തികയും മുമ്പ് ഭീകരാക്രമണങ്ങളിലും ഏറ്റുമുട്ടലുകളിലുമായി ജമ്മു കശ്മീരിൽ കൊല്ലപ്പെട്ടത് 35 പേരാണ്. ഇതിൽ 13 പേർ സുരക്ഷാഭടൻമാരാണ്. 13 ഭീകരരും ഒമ്പത് തദ്ദേശിയരും കൊല്ലപ്പെട്ടു. പുതിയ മോദി സർക്കാരിന്റെ സത്യപ്രതിജ്ഞക്കു ശേഷം കശ്മീരിന്റെ വിവിധ ഭാഗങ്ങളിൽ ഭീകരാക്രമണങ്ങൾ ശക്തമാകുന്നുവെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. മോദിയും കൂട്ടരും സത്യപ്രതിജ്ഞ ചെയ്ത ജൂൺ ഒമ്പതിനാണ് ജമ്മുവിലെ റിയാസിൽ ഭീകരർ തീർത്ഥാടക സംഘത്തിന്റെ ബസ് ആക്രമിച്ച് ഒമ്പതു പേരെ കൊന്നത്. മുൻ കാലങ്ങളിൽ നിന്നും വ്യത്യസ്ഥമായി ജമ്മു മേഖലയിലേക്ക് കൂടി ഇപ്പോൾ ആക്രമണങ്ങൾ വ്യാപിച്ചുകൊണ്ടിരിക്കുന്നു. കശ്മീരിലെ ഭീകര സാന്നിധ്യം കുറയുകയല്ല, കൂടുതൽ കൂടുതൽ മേഖലകളിലേക്ക് വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. അത് ഫലപ്രദമായി തടയാൻ സർക്കാരിന് കഴിയുന്നില്ലയെന്നിരിക്കെ, ജമ്മു കശ്മീരിൽ സെപ്റ്റംബർ 30 നു മുമ്പ് നിയമസഭാ തിരഞ്ഞെടുപ്പ് നടത്തണമെന്ന് സുപ്രിം കോടതി ഉത്തരവ് നിലനിൽക്കുകയും ചെയ്യുന്നു. തിരഞ്ഞെടുപ്പിനുള്ള തയ്യാറെടുപ്പുകളുമായി രാഷ്ട്രീയ പാർട്ടികൾ മുന്നോട്ടു പോയി കൊണ്ടിരിക്കുകയാണ്. പക്ഷേ, സർക്കാർ ഭാഗത്ത് നിന്നുള്ള നീക്കം ആശാവഹമല്ല. കശ്മീരിനു സംസ്ഥാന പദവി തിരിച്ചു നൽകുന്ന കാര്യത്തിലും തിരഞ്ഞെടുപ്പ് നടത്തുന്ന കാര്യത്തിലും സർക്കാർ ഒളിച്ചുകളി തുടരുകയാണ്. എന്നാൽ കശ്മീർ ജനത സമാധാനം ആഗ്രഹിക്കുന്നുണ്ട്. അവർ ബാലറ്റിനെ അംഗീകരിക്കുന്നുമുണ്ട്. ഇക്കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ 35 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന പോളിങ്ങ് 58.6 ശതമാനം രേഖപ്പെടുത്തിയത് അതിനുള്ള തെളിവാണ്. പക്ഷേ, സംസ്ഥാന തിരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കുമ്പോൾ കശ്മീർ രാഷ്ട്രീയം കൂടുതൽ കലുഷിതമാകുന്ന കാഴ്ചകളാണ് കാണുന്നത്.

2023 മെയ് 3 ന് ആരംഭിച്ച മണിപ്പൂരിലെ വംശഹത്യാ കലാപം ഒരു വർഷവും രണ്ടു മാസവും പിന്നിട്ടിരിക്കുന്നു. മനുഷ്യ മനഃസാക്ഷിയെ നടുക്കുന്ന നിരവധി സംഭവങ്ങൾ ഇതിനകം അവിടെയുണ്ടായി. നൂറു കണക്കിനാളുകൾ കൊല്ലപ്പെട്ടു. സ്ത്രീകളെ നഗ്നരായി നടത്തുകയും ബലാത്സംഗം ചെയ്ത് കൊല്ലുകയും ചെയ്തു. ആയിരകണക്കിനാളുകൾ ഭവനരഹിതരായി. 60,000 ത്തോളം ആളുകൾ പലായനം ചെയ്തു. എന്നിട്ടും പ്രധാനമന്ത്രി മണിപ്പൂരിനെ കുറിച്ച് ഒരക്ഷരം മിണ്ടിയില്ല. മണിപ്പൂർ സന്ദർശിച്ച് ദുരിതമനുഭവിക്കുന്ന ജനതയെ ആശ്വാസിപ്പിച്ചില്ല. മൂന്നാം പ്രാവശ്യം പ്രധാനമന്ത്രിയായതിനു ശേഷം ലോക്സഭയിൽ സംസാരിക്കുമ്പോഴും മണിപ്പൂരിനെ മോദി അവഗണിച്ചു. അന്നേരം പ്രതിപക്ഷം മുഴക്കിയ മുദ്രാവാക്യത്തിൽ നിറഞ്ഞത് മണിപ്പൂർ, മണിപ്പൂർ എന്നായിരുന്നു. അന്ന് മണിപ്പൂരിൽ നിന്നുള്ള അംഗങ്ങൾ നടത്തിയ വികാരഭരിതമായ സംസാരം സഭയെ സ്തബ്ധമാക്കി. പിറ്റേന്നായിരുന്നു മോദി രാജ്യസഭയിൽ മണിപ്പൂർ പരാമർശിച്ചത്.

രാജ്യസഭയിൽ നരേന്ദ്ര മോദി മണിപ്പൂരിനെ സംബന്ധിച്ച് പറഞ്ഞത് വാസ്തവ വിരുദ്ധമായ കാര്യങ്ങളായിരുന്നു. വടക്കുകിഴക്കൻ സംസ്ഥാനത്ത് സമാധാനം പുനഃസ്ഥാപിക്കാൻ കേന്ദ്രം തുടർച്ചയായി ശ്രമങ്ങൾ നടത്തുന്നുണ്ടെന്നും അവിടെ അക്രമസംഭവങ്ങൾ കുറഞ്ഞിട്ടുണ്ടെന്നും ജനജീവിതം സാധാരണ നിലയിലെത്തിയിട്ടുണ്ടെന്നും അമിത് ഷാ സംസ്ഥാനം സന്ദർശിച്ച് വേണ്ടത് ചെയ്തിട്ടുണ്ടെന്നും പ്രധാനമന്ത്രി അവകാശപ്പെട്ടു. എന്നാൽ ഇപ്പോഴും അവിടെ സംഘർഷം തുടരുന്നുവെന്ന വാർത്തകളാണ് പുറത്തു വരുന്നത്.അര ലക്ഷത്തിലധികം പേർ സംസ്ഥാനത്തിനകത്തും പുറത്തും അഭയാർത്ഥികളായി കഴിയുന്നതൊന്നും മോദി അറിഞ്ഞതേയില്ല. മോദി രാജ്യസഭയിൽ പറഞ്ഞ കാര്യം വസ്തുതാവിരുദ്ധമാണെന്നു മനസ്സിലാക്കാൻ സുപ്രിം കോടതി മണിപ്പൂർ വിഷയുമായിട്ട് പുറപ്പെടുവിച്ച വിധി വിലയിരുത്തിയാൽ മാത്രം മതിയാവുന്നതാണ്. മണിപ്പൂരിലെ സംസ്ഥാന സർക്കാരിനെ തങ്ങൾക്ക് വിശ്വാസമില്ലെന്നായിരുന്നു വിചാരണത്തടവുകാരന് ചികിത്സ നിഷേധിച്ച വിഷയത്തിൽ ഇടപെട്ട് ജസ്റ്റീസുമാരായ ജെ.ബി പർഡിവാല, ഉജ്വൽ ഭുയാൻ എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കിയത്. കുക്കിവിഭാഗത്തെ ഉന്മൂലനം ചെയ്യാനുള്ള ബി.ജെ.പി സ്പോൺസേഡ് കലാപമാണ് മണിപ്പൂരിലേത് എന്ന വിമർശനം ശരി വെക്കുന്ന പരാമർശങ്ങളാണ് കോടതി നടത്തിയത്. ബി.ജെ.പിക്ക് മണിപ്പൂർ കലാപത്തിൽ വ്യക്തമായ പങ്കുള്ളത് കൊണ്ടായിരിക്കണം മണിപ്പൂർ സന്ദർശിക്കാനും ജനങ്ങളെ കേൾക്കാനും ഇത്ര കാലമായിട്ടും നരേന്ദ്ര മോദി തയ്യാറാവാത്തത്. പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി മൂന്ന് പ്രാവശ്യമാണ് ഇതിനകം മണിപ്പൂർ സന്ദർശിച്ചത് എന്ന കാര്യം ഓർക്കേണ്ടതാണ്.

ജൂലൈ 13നാണ് പ്രധാനമന്ത്രി മുംബൈയിലെ ഒരു പരിപാടിയിൽ കഴിഞ്ഞ നാല് വർഷത്തിടെ എട്ടു കോടി തൊഴിലവസരങ്ങൾ സൃഷ്ടിച്ചു എന്ന് അവകാശപ്പെട്ടത്. പാർലമെന്റ് തിരഞ്ഞെടുപ്പിൽ പ്രതിപക്ഷം ഉയർത്തിയ ഒരു വലിയ വിഷയമായിരുന്നു രാജ്യത്തെ തൊഴിലില്ലായ്മ. അന്നൊന്നും മോദിയോ ബി.ജെ.പിയോ തൊഴിൽ സൃഷ്ടിച്ചതിനെക്കുറിച്ച് എവിടെയും മിണ്ടിയില്ല. പിന്നെയെവിടെ നിന്നാണ് വീണ്ടും അധികാരത്തിലെത്തി ഒരു മാസം പിന്നിടുമ്പോൾ ഇങ്ങനെയൊരു കണക്ക് കിട്ടുന്നത്? 202324 സാമ്പത്തിക വർഷം 4.7 കോടി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടുവെന്ന അവ്യക്തമായ ഒരു കണക്ക് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർ.ബി.ഐ) പുറത്ത് വിട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിലാവാം മോദിയുടെ അവകാശവാദം. എന്നാൽ ഏതൊക്കെ മേഖലയിൽ ഏതൊക്കെ തരത്തിലുള്ള തൊഴിലുകളാണ് സൃഷ്ടിക്കപ്പെട്ടത്, ആ ജോലികൾക്കെല്ലാം നിയമനങ്ങൾ നടന്നോ തുടങ്ങിയ കണക്കുകൾ പുറത്ത് വിടാത്തത് എന്തുകൊണ്ടാണ്?

എന്നാൽ യാഥാർത്ഥ്യം എന്താണ്? കേന്ദ്ര സർക്കാറിന് കീഴിലുള്ള നാഷണൽ സാമ്പിൾ സർവേ ഓഫീസ് (എൻഎസ്എസ് ഒ) പുറത്ത് വിട്ട പുതിയ റിപ്പോർട്ട് അനുസരിച്ച് രാജ്യത്ത് ഏഴ് വർഷത്തിനിടെ അസംഘടിത മേഖലയിൽ 30 ലക്ഷം തൊഴിലവസരങ്ങൾ ഇല്ലാതായിയെന്നു പറയുന്നു. കോവിഡാനന്തരം 2021–2023 വരെയുള്ള കാലയളവിൽ കർണാടകയിൽ 13 ലക്ഷം തൊഴിലുകളാണ് നഷ്ടമായത്. തമിഴ്നാട് 12, ഉത്തർപ്രദേശ് 7.91, ആന്ധ്രാപ്രദേശ് 6.77, അസം 4.94, തെലങ്കാന 3.34 ലക്ഷം വീതം തൊഴിൽ നഷ്ടമുണ്ടായി. എൻ.എസ്.എസ്.ഒ റിപ്പോർട്ട് പ്രകാരം ഈ രണ്ട് വർഷങ്ങളിൽ ഒരു കോടി പേർക്ക് പോലും ജോലി ലഭിച്ചിട്ടില്ല. മറ്റൊരു പഠനത്തിൽ പറയുന്നത് പ്രതിവർഷം 80 90 ലക്ഷം തൊഴിലവസരങ്ങൾ മാത്രമെ ഇന്ത്യയിൽ സൃഷ്ടിക്കപ്പെടുന്നുള്ളു എന്നാണ്. കഴിഞ്ഞ മെയ് മാസത്തെ തൊഴിലില്ലായ്മാ നിരക്ക് സെന്റർ ഫോർ മോണിറ്ററിങ്ങ് ഇക്കണോമി റിപ്പോർട്ട് പ്രകാരം 9.2 ശതമാനമാണ്. പ്രതിവർഷം രണ്ടു കോടി യുവജനങ്ങൾക്ക് തൊഴിൽ നൽകും എന്ന വാഗ്ദാനം നൽകി കൊണ്ടായിരുന്നു 2014ൽ നരേന്ദ്ര മോദി അധികാരത്തിൽ വന്നത്. എന്നാൽ മോദി കാലത്ത് രാജ്യത്തെ തൊഴിലില്ലായ്മ ഏറ്റവും ഭീകരമായ സാഹചര്യത്തിലെത്തിയിരിക്കുന്നു. രാജ്യത്തെ 39 ശതമാനം പേരും അതായത് 45 കോടി ആളുകൾ തൊഴിൽ തേടി രാജ്യം മുഴുവൻ അലയുകയാണ്. 2023 ൽ രാജ്യത്ത് തൊഴിൽ രഹിതരുടെ എണ്ണം 42 കോടിയിലേറെയാണ്. 2018–20 വർഷത്തിൽ തൊഴിലില്ലായ്മ നിമിത്തം 9,140 പേരാണ് ഇന്ത്യയിൽ ജീവനൊടുക്കിയത്.

കശ്മീർ, മണിപ്പൂർ, തൊഴിലില്ലായ്മ തുടങ്ങി ഏത് വിഷയങ്ങളിലായാലും വസ്തുതകൾ മറച്ചുവെച്ച് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന ഒരു രീതിയാണ് ബി.ജെ.പിയും മോദിയും പിന്തുടരുന്നത്. യഥാർത്ഥ വിഷയങ്ങളിൽ നിന്നും ഒളിച്ചോടി വ്യാജ കണക്കുകൾ കൊണ്ടും തന്റെ വാക്ക് വിലാസം കൊണ്ടും കൂടുതൽ കാലം ജനങ്ങളെ വിഡ്ഢികളാക്കാൻ സാധിക്കില്ലയെന്ന കാര്യം കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ ജനം ബി.ജെ.പിക്കും മോദിക്കും മനസ്സിലാക്കി കൊടുത്തിട്ടും ഒരു നുണ നൂറ് വട്ടം ആവർത്തിച്ചാൽ അത് സത്യമായി തീരുമെന്ന ഗീബൽസിയൻ സിദ്ധാന്തം മുറുകെ പിടിക്കാൻ തന്നെയാണ് നരേന്ദ്രമോദിയുടെ തീരുമാനം.

RNI Reg No. KERMAL/2009/30266. Vol No.16. Issue No. 102 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikkode at Chandrika Press, Bypass road, Malappuram - 676 509.
Editor-Kamal Varadoor ( responsible for selection of news under PRB Act). Phone: 0483-2735901, 2735902, 2733283, Email-chandrikanews@gmail.com, chandrikaadmlp@gmail.com



## തമിഴ്നാടിനെ കേന്ദ്രം വഞ്ചിച്ചു

ചെന്നൈ: കേന്ദ്ര ബജറ്റിൽ തമിഴ്നാട് ജനതയുടെ പ്രതീക്ഷ നിറവേറ്റിയില്ലെന്ന് മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ. സംസ്ഥാനത്തോടുള്ള കടുത്ത അവഗണനയാണിത്. തമിഴ് ജനതയെ കേന്ദ്ര സർക്കാർ വഞ്ചിച്ചു. ബജറ്റിൽ തമിഴ്നാട് എന്ന വാക്ക് പോലും ധനമന്ത്രി പരാമർശിച്ചില്ല. ബി.ജെ.പി സഖ്യകക്ഷികൾ തമ്മിലുള്ള ധാരണയാണ് ബജറ്റിൽ പ്രകടമായത്. ചെന്നൈ മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് പ്രഖ്യാപനമില്ല. മധുര- കോയമ്പത്തൂർ മെട്രോയെ കുറച്ചും വിവരമില്ല. കഴിഞ്ഞ മൂന്നു തവണയും ചെന്നൈ മെട്രോ റെയിൽ പദ്ധതിക്ക് ഫണ്ട് അനുവദിക്കാത്തത് പ്രതിഷേധാർഹമാണ്.



## കേന്ദ്ര ബജറ്റിൽ നിരാശ മാത്രം

ബെംഗളൂരു: കേന്ദ്ര ബജറ്റ് തീർത്തും നിരാശാജനകവും ജനവിരുദ്ധവുമാണെന്ന് കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ. കർണാടകയോട് കടുത്ത അനീതിയാണ് കേന്ദ്ര സർക്കാർ കാണിച്ചത്. ധനമന്ത്രി നിർമ്മല സീതാരാമൻ കർണാടകയിൽ നിന്നുള്ള രാജ്യസഭാംഗമാണ്. എന്നിട്ടും അവർ സംസ്ഥാനത്തെ ജനങ്ങളെ കൈവിട്ടു. അഞ്ച് കേന്ദ്രമന്ത്രിമാർ കർണാടകയിൽ നിന്നുണ്ടായിട്ടും വ്യവസായം, റെയിൽവേ തുടങ്ങിയ മേഖലകളിലെല്ലാം നിരാശയാണ്. ആന്ധ്രാപ്രദേശ് ഒഴികെ ദക്ഷിണേന്ത്യയിൽ നിന്ന് ഒരു സംസ്ഥാനത്തിനും ഒന്നും ലഭിച്ചിട്ടില്ല. കേന്ദ്രത്തിൽ ഭരണം നിലനിർത്തുന്നതിനാണ് ബിഹാറിനും ആന്ധ്രയ്ക്കും എല്ലാം നൽകിയത്.

ഇന്ത്യ വാർത്തകൾ

### ചുരുക്കത്തിൽ

**നീറ്റിനെതിരെ പ്രമേയവുമായി കർണാടക**

ബെംഗളൂരു: നീറ്റ് പരീക്ഷക്ക് എതിരായ പ്രമേയത്തിന് അനുമതി നൽകി കർണാടക മന്ത്രിസഭ. മുഖ്യമന്ത്രി സിദ്ധരാമയ്യയുടെ നേതൃത്വത്തിൽ തിങ്കളാഴ്ച രാത്രി ചേർന്ന കർണാടക മന്ത്രിസഭാ യോഗത്തിലാണ് തീരുമാനം. ദേശീയ യോഗ്യതപ്രവേശന പരീക്ഷ ഒഴിവാക്കണമെന്നും സംസ്ഥാനങ്ങൾക്ക് സ്വന്തം പ്രവേശന പരീക്ഷ നടത്താൻ അനുമതി നൽകണമെന്നും ഉപമുഖ്യമന്ത്രി ഡി.കെ ശിവകുമാർ അടുത്തിടെ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. 'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ്', ലോക്സഭ- സംസ്ഥാന നിയമസഭ എന്നിവയിലേക്കുള്ള മണ്ഡലങ്ങളുടെ അതിർത്തി നിർണയം എന്നിവക്കെതിരെയുള്ള പ്രമേയങ്ങൾക്കും മന്ത്രിസഭ അംഗീകാരം നൽകി. ഗ്രേറ്റർ ബെംഗളൂരു ഗവേണൻസ് ബിൽ 2024ന് മന്ത്രിസഭ അംഗീകാരം നൽകി. ബ്രഹത് ബംഗളൂരു മഹാനഗര പാലികെ പുനഃസംഘടിപ്പിക്കാൻ മുൻ ചീഫ് സെക്രട്ടറി ബി എസ് പാട്ടീലിന്റെ നേതൃത്വത്തിലുള്ള നാലംഗ സമിതി രൂപീകരിച്ച് ഈ മാസം ആദ്യം സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

**അമ്മയടക്കം കുടുംബത്തിലെ ആറ് പേരെ മുൻ സൈനികൻ വെട്ടിക്കൊന്നു**

അംബാല: ഭൂമി തർക്കത്തിന്റെ പേരിൽ അമ്മയടക്കം കുടുംബത്തിലെ ആറ് പേരെ വെട്ടിക്കൊന്ന് മുൻ സൈനികൻ. ഹരിയാനയിലെ നരൈൻഗഡിലുള്ള റാത്തൗർ ഗ്രാമത്തിലാണ് ദാരുണ സംഭവം. മുൻ സൈനികനായ ഭൂഷൺ കുമാർ തന്റെ കുടുംബാംഗങ്ങളെ മൂർച്ചയുള്ള ആയുധം കൊണ്ട് കഴുത്തറുത്ത് കൊലപ്പെടുത്തുകയായിരുന്നുവെന്ന് പൊലീസ് അറിയിച്ചു. രണ്ടേക്കർ ഭൂമിയെ ചൊല്ലിയുള്ള തർക്കമാണ് കൊലപാതകത്തിൽ കലാശിച്ചത്. അമ്മ സരൂപി ദേവി (65), സഹോദരൻ ഹരീഷ് കുമാർ (35), ഭാര്യാസഹോദരി സോണിയ (32), ഇവരുടെ മക്കളായ പരി (7), യാഷിക (5), ആറ് മാസം പ്രായമുള്ള മകൻ എന്നിവരാണ് കൊല്ലപ്പെട്ടത്. എല്ലാവരും ഉറങ്ങിക്കിടക്കവെയാണ് പ്രതി കൃത്യം നടത്തയതെന്ന് പൊലീസ് അറിയിച്ചു. പ്രതി പിതാവായ ഓം പ്രകാശിനെയും സഹോദരന്റെ മറ്റൊരു മകളെയും ആക്രമിക്കുകയും ചെയ്തു. നരൈൻഗഡിലെ സിവിൽ ആശുപത്രിയിൽ ചികിത്സയിലായിരുന്ന ഓം പ്രകാശിനെ ചണ്ഡീഗഡിലെ ആശുപത്രിയിലേക്ക് മാറ്റി. കൃത്യത്തിന് ശേഷം പ്രതി രാത്രിയിൽ മൃതദേഹങ്ങൾ ദഹിപ്പിക്കാൻ ശ്രമിച്ചു. പൊലീസ് സ്ഥലത്തെത്തി പാതി കത്തിക്കരിഞ്ഞ മൃതദേഹങ്ങൾ കണ്ടെടുത്തു. സൈനികൻ രക്ഷപ്പെട്ടെങ്കിലും പിന്നീട് പൊലീസ് പിടികൂടി.

**19 കാരിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ചു; മുഖ്യപ്രതി കൗമാരക്കാരൻ**

ജയ്പൂർ: രാജസ്ഥാനിൽ 19 കാരിയെ തട്ടിക്കൊണ്ടുപോയി ബലാത്സംഗം ചെയ്ത സംഭവത്തിൽ പ്രായപൂർത്തിയാകാത്ത ഒരാളടക്കം നാലു പേർക്കെതിരെ കേസ്. സിരോഹി ജില്ലയിലാണ് സംഭവം. ഈമാസം 19നാണ് പെൺകുട്ടിയെ കാണാതായതായി ബന്ധുക്കൾ സ്വരൂപ്ഗഞ്ച് പൊലീസ് സ്റ്റേഷനിൽ പരാതി നൽകിയത്. അന്വേഷണം നടക്കുന്നതിനിടെ ഞായറാഴ്ച പെൺകുട്ടി വീട്ടിലേക്ക് വിളിക്കുകയും താൻ ഉദയ്പൂരിലെ ആശുപത്രിയിൽ ചികിൽസയിലാണെന്ന് അറിയിക്കുകയും ചെയ്തു. തന്നെ നാലംഗ സംഘം തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച വിവരം പെൺകുട്ടി വെളിപ്പെടുത്തി. തുടർന്ന് കാലു കൽബെലിയ എന്നയാൾക്ക് കൈമാറി. ഇയാൾക്കൊപ്പം ബൈക്കിൽ പോകുന്നതിനിടെ അപകടം സംഭവിച്ചതോടെയാണ് പെൺകുട്ടിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

### ബജറ്റിൽ പരാമർശിച്ചത് ഒറ്റത്തവണ

# റെയിൽ സുരക്ഷ കടലാസിൽ തന്നെ

ന്യൂഡൽഹി; മൂന്നാം മോദി സർക്കാറിന്റെ കന്നി ബജറ്റിലും റെയിൽവേക്ക് അവഗണന. സർക്കാറിന്റെ പ്രധാന വരുമാന സ്രോതസ്സുകളിൽ ഒന്നായി സാമ്പത്തിക സർവേയിൽ പ്രത്യേകം ചൂണ്ടിക്കാണിച്ച റെയിൽവേയുടെ പേര് ബജറ്റ് അവതരണത്തിനിടെ ധനമന്ത്രി പറഞ്ഞത് ഒറ്റത്തവണ മാത്രം. അതും മറ്റു വകുപ്പുകൾക്കുള്ള വിഹിതം പറയുന്ന കൂട്ടത്തിൽ.



ജലം, ഊർജ്ജം, റെയിൽവേ തുടങ്ങിയ മേഖലകളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കും എന്നായിരുന്നു ഈ പരാമർശം. ചില പുതിയ ട്രെയിനുകളും ഗേജ് മാറ്റങ്ങളും ബജറ്റ് രേഖകളിൽ പറയുന്നുണ്ടെങ്കിലും ഇക്കാര്യമാവട്ടെ മന്ത്രി പരാമർശിച്ചിരുന്നുമില്ല. ട്രാക്കുകളുടെ അറ്റകുറ്റപ്പണി, പാത ഇരട്ടിപ്പിക്കൽ, റെയിൽ സുരക്ഷ വർധിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതി, സാധാരണക്കാർക്കും ദൈനംദിന യാത്രക്കാർക്കും ആശ്രയിക്കാവുന്ന കൂടുതൽ സർവീസ്, സ്റ്റേഷൻ നവീകരണം തുടങ്ങിയ വലിയ പ്രതീക്ഷകളോടെ ബജറ്റിനെ നോക്കിക്കണ്ട റെയിൽ യാത്രക്കാരുടെ നെഞ്ചു തകർക്കുന്നതാണ് ബജറ്റ്.

ഫലത്തിൽ മതിയായ അടിസ്ഥാന സൗകര്യങ്ങൾ പോലും ഒരുക്കാതെ യാത്രക്കാരെ പിഴിഞ്ഞ് പണമുണ്ടാക്കുന്ന കറവപ്പശുവായി റെയിൽവേ തുടരും. ഒന്നാം മോദി സർക്കാർ അധികാരത്തിൽ എത്തിയതിനു പിന്നാലെയാണ് റെയിൽവേക്ക് പ്രത്യേക ബജറ്റ് അവതരിപ്പിക്കുന്ന കീഴ്‌വഴക്കം അട്ടിമറിച്ചത്. രാജ്യത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക ഊന്നൽ നൽകുക എന്ന ലക്ഷ്യത്തിൽനിന്നാണ് പ്രത്യേക റെയിൽ ബജറ്റ് എന്ന ആശയം ഉടലെടുത്തത്. എന്നാൽ റെയിൽ ബജറ്റ് ഇല്ലാതായതോടെ റെയിൽവേക്കായി കേന്ദ്രത്തിന്റെ നീക്കിയിരിപ്പിലും കുറവുണ്ടായി.

മറ്റു വകുപ്പുകൾക്കെന്ന പോലെ ബജറ്റിൽ ഒരുവിഹിതം റെയിൽവേക്കും നീക്കി വെക്കുക എന്നതിനപ്പുറം ദീർഘ വീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിക്കാനോ നടപ്പാക്കാനോ റെയിൽവേക്ക് കഴിയാത്ത സാഹചര്യമാണ്. ട്രാക്ക് സംവിധാനങ്ങൾ മെച്ചപ്പെടുത്താതെ അതിവേഗ വന്ദേഭാരത് ട്രെയിനുകൾ അവതരിപ്പിച്ചതിലൂടെ റെയിൽ യാത്ര കൂടുതൽ ദുഷ്കരമാകുകയാണ് ചെയ്തത്. വന്ദേഭാരതിനായി മറ്റു ദീർഘദൂര ട്രെയിനുകൾ ഉൾപ്പെടെ പിടിച്ചിടുന്നത് വലിയ പ്രതിഷേധത്തിനും ഇടയാക്കി.

കഴിഞ്ഞ ബജറ്റിനെ അപേക്ഷിച്ച് റെയിൽ ബജറ്റിൽ നാമമാത്ര വർധനവ് മാത്രമാണ് വരുത്തിയത്. പുതിയ പാതകൾക്ക് 2023-24ൽ 31,850 കോടി നീക്കിവച്ചിരുന്നത് ഇത്തവണ 34,603 കോടിയായി. അതേസമയം പാത ഇരട്ടിപ്പിക്കലിന് കഴിഞ്ഞ ബജറ്റിൽ 30,749 കോടി നീക്കിവെച്ചപ്പോൾ ഇത്തവണ 29,312 കോടിയായി ചുരുങ്ങി. ഗേജ് മാറ്റത്തിന് 120 കോടിയും ട്രാക്ക് നവീകരണത്തിന് 355 കോടിയും മാത്രമാണ് കഴിഞ്ഞ ബജറ്റിനെ അപേക്ഷിച്ച് അധികമായി നീക്കിവച്ചത്. പാത വൈദ്യുതീകരണത്തിന് 8070 കോടി നീക്കിവച്ചിരുന്ന സ്ഥാനത്ത് ഇത്തവണ 6,742 കോടി മാത്രം.




*അന്വേഷണ ഏജൻസികളെ ബി.ജെ.പി ദുരുപയോഗം ചെയ്യുന്നതിനെതിരെ പാർലമെന്റിന് മുന്നിൽ പ്രതിഷേധിക്കുന്ന ആംആദ്മി പാർട്ടി എം.പിമാർ*

### കേന്ദ്ര ഏജൻസികളുടെ ദുരുപയോഗം

# പാർലമെന്റിന് മുന്നിൽ എ.എ.പി പ്രതിഷേധം

**കെജ്‌രിവാളിന്റെ ജീവന് ഭീഷണി: സഞ്ജയ് സിങ്**

ന്യൂഡൽഹി: കേന്ദ്ര അന്വേഷണ ഏജൻസികളെ ബി.ജെ.പി ദുരുപയോഗം ചെയ്യുന്നു എന്നാരോപിച്ച് പാർലമെന്റിന് മുന്നിൽ ആംആദ്മി പാർട്ടി എം.പിമാർ പ്രതിഷേധിച്ചു. ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന്റെ അടക്കം പ്രതിപക്ഷ നേതാക്കളുടെ അറസ്റ്റ് ചൂണ്ടിക്കാട്ടിയാണ് സഞ്ജയ് സിങ്, രാഘവ് ഛദ്ദ ഉൾപ്പെടെയുള്ള എ.എ.പി എം.പിമാർ പ്രതിഷേധിച്ചത്. മൂന്നാം മോദി സർക്കാറിന്റെ ആദ്യ ബജറ്റ് അവതരണത്തിന് തൊട്ടുമുമ്പാണ് ഇവർ പ്ലക്കാർഡുകളും മുദ്രാവാക്യങ്ങളുമായി എത്തിയത്. ജയിലിൽ കഴിയുന്ന കെജ്‌രിവാളിന്റെ ആരോഗ്യ നില മോശമാവുകയാണെന്ന് സഞ്ജയ് സിങ് പറഞ്ഞു.

'കെജ്‌രിവാളിന്റെ ഷുഗർ ലെവൽ ഇതുവരെ 36 തവണ കുറഞ്ഞു. അറസ്റ്റ് എന്നതിനപ്പുറത്തേക്ക് കെജ്‌രിവാളിനെ കൊല്ലാനുള്ള ആഴത്തിലുള്ള ഗൂഢാലോചനയാണ് ഇത് തെളിയിക്കുന്നത്. തിരഞ്ഞെടുക്കപ്പെട്ട മുഖ്യമന്ത്രിയുടെ ജീവിതം കൊണ്ടാണ് നിങ്ങൾ കളിക്കുന്നത്- സഞ്ജയ് സിങ് ഓർമിപ്പിച്ചു.

കെജ്‌രിവാളിന് ജയിലിൽ ആവശ്യമായ വൈദ്യസഹായം നൽകാതെ കൊലപ്പെടുത്താൻ ബി.ജെ.പി ഗൂഢാലോചന നടത്തുകയാണെന്നും അദ്ദേഹം പറഞ്ഞു. മദ്യനയ അഴിമതിയിലെ കള്ളപ്പണ കേസുമായി ബന്ധപ്പെട്ട് മാർച്ച് 21നാണ് കെജ്‌രിവാളിനെ ഇ.ഡി അറസ്റ്റുചെയ്തത്. പിന്നീട് ജൂൺ 26ന് സി.ബി.ഐയും അറസ്റ്റ് രേഖപ്പെടുത്തിയിരുന്നു. നിലവിൽ തിഹാർ ജയിലിലാണ് കെജ്‌രിവാൾ.

## സെൻസസും എൻ.പി.ആറും നടക്കില്ല; അനുവദിച്ചത് 1,309.46 കോടി മാത്രം

ന്യൂഡൽഹി: രാജ്യത്ത് സെൻസസും ദേശീയ ജനസംഖ്യ പട്ടികയും 2024ലും നടന്നേക്കില്ല. ബജറ്റിൽ സെൻസസ് വിഹിതത്തിൽ ഗണ്യമായ കുറവ് വരുത്തിയതോടെയാണ് ഏറെ വൈകിയ സെൻസസ് നടപടി വീണ്ടും വൈകുമെന്ന സൂചന പുറത്ത് വരുന്നത്.

ഇത്തവണ 1,309.46 കോടി രൂപയാണ് സെൻസസിനായി ബജറ്റിൽ അനുവദിച്ചത്. 2021-22ൽ 3,768 കോടി വകയിരുത്തിയ സ്ഥാനത്താണ് ഇത്തവണ 1,309.46 കോടിയായി ബജറ്റ് വിഹിതം കുറച്ചത്. 2019 ഡിസംബർ 24ന് ചേർന്ന കേന്ദ്ര കാബിനറ്റ് യോഗം 2021ൽ സെൻസസ് നടത്തുന്നതിനായുള്ള നിർദേശത്തിന് അംഗീകാരം നൽകിയിരുന്നു.

ഇതിനായി 8,754.23 കോടി രൂപയും ദേശീയ ജനസംഖ്യ പട്ടിക പുതുക്കുന്നതിനായി 3,941.35 കോടി രൂപയുമാണ് ചെലവ് കണക്കാക്കിയിരുന്നത്. 2020 ഏപ്രിൽ ഒന്ന് മുതൽ സെപ്തംബർ 30വരെ ഭവന സന്ദർശനം വഴി ലിസ്റ്റ് പുതുക്കാനായിരുന്നു നിശ്ചയിച്ചിരുന്നത്. എന്നാൽ കോവിഡ് മഹാമാരി കാരണം നടപടികൾ നിർത്തിവെക്കുകയായിരുന്നു. സെൻസസ് നടപടികൾക്കുള്ള പുതിയ തീയതി പ്രഖ്യാപിക്കാത്തതിനാൽ നടപടികൾ നിലക്കുകയും ചെയ്തു. പൊതു തിരഞ്ഞെടുപ്പ് നടക്കുന്നതിനാൽ 2024ലും സെൻസസ് പൂർത്തിയാക്കാനാവില്ലെന്ന് അധികൃതർ അറിയിച്ചിരുന്നു.

2024-25ന്റെ ബജറ്റ് വിഹിതത്തിൽ സെൻസസ് നടപടികൾക്കായി 1309.46 കോടി രൂപയും 2023-24ലെ സ്ഥിതിവിവര കണക്കുകൾക്കായി 578.29 കോടി രൂപയുമാണ് വകയിരുത്തിയത്. സെൻസസ്, എൻ.പി.ആർ നടപടികൾക്കായി ഏകദേശം 12,000 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

എന്ന് ആരംഭിച്ചാലും ഇന്ത്യയിൽ ആദ്യമായി ഡിജിറ്റൽ സെൻസസായിരിക്കും ഇനി നടക്കുക. വ്യക്തികൾക്ക് സ്വയം വിലയിരുത്താൻ ഇതുവഴി അവസരമുണ്ടാകും. സെൻസസ് രേഖ സ്വയം പൂരിപ്പിക്കുന്നവർക്ക് എൻ.പി.ആറും നിർബന്ധമാവും. ഇതിനായി സെൻസസ് വകുപ്പ് വ്യക്തികൾക്ക് സ്വയം പരിശോധിക്കുന്നതിന് അനുയോജ്യമായ പോർട്ടലും തയാറാക്കും. ഇതുവരെ പോർട്ടൽ തയാറായിട്ടില്ല. സെൻസസ് നടപടിക്കായി ഓഫീസ് ഓഫ് ദി രജിസ്ട്രാർ ജനറൽ ആന്റ് സെൻസസ് കമ്മീഷണർ 31 ചോദ്യാവലികളും തയാറാക്കിയിട്ടുണ്ട്.

വീട്ടിൽ ഫോണുണ്ടോ, ഇന്റർനെറ്റ് കണക്ഷനുണ്ടോ, മൊബൈൽ, സൈക്കിൾ, സ്കൂട്ടർ, കാർ, ജീപ്പ് തുടങ്ങി വാഹനങ്ങളുടെ വിവരങ്ങളടക്കം ചോദ്യാവലിയിലുണ്ട്. വീടിന്റെ ചുമര്, തറ, മേൽക്കൂര തുടങ്ങിയവയുടെ നിർമാണ വസ്തുക്കളും വീട്, വീടിന്റെ അവസ്ഥ, കുടുംബാംഗങ്ങൾ, കുടുംബത്തെ നയിക്കുന്നത് സ്ത്രീയാണോ, എസ്.സി, എസ്.ടി, വിഭാഗക്കാരുടെ ഭവനങ്ങൾ, മുറികൾ, വിവാഹിതരുടെ എണ്ണം തുടങ്ങിയവയും ചോദ്യാവലിയിൽ ഉൾപ്പെടുന്നുണ്ട്.

സെൻസസ് നടപടികൾ പൂർത്തിയായെങ്കിൽ മാത്രമേ 2029ലെ പൊതു തിരഞ്ഞെടുപ്പിൽ പാർലമെന്റ് പാസാക്കിയ വനിതാ സംവരണം നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

**നായിഡുവിനെ വിമർശിച്ച് ജയറാം രമേശ്**

ന്യൂഡൽഹി: ആന്ധ്രപ്രദേശിന് പ്രത്യേക പദവിയെന്ന ആവശ്യത്തിൽ നിന്ന് പിന്നാക്കം പോയ ടി.ഡി.പി നേതാവ് എൻ. ചന്ദ്രബാബു നായിഡുവിനെ വിമർശിച്ച് കോൺഗ്രസ് നേതാവ് ജയറാം രമേശ്. 2018ൽ ആന്ധ്രയ്ക്ക് പ്രത്യേക പദവി നൽകാത്തതിൽ പ്രതിഷേധിച്ച് എൻ.ഡി.എ വിട്ട നായിഡു, ഇപ്പോൾ അമരാവതിക്ക് പ്രത്യേക പാക്കേജ് നേടിയെടുത്തിരിക്കുന്നുവെന്നായിരുന്നു പരിഹാസം. കേന്ദ്ര ബജറ്റിൽ ആന്ധ്രപ്രദേശിന് പുതിയ തലസ്ഥാന നഗരത്തിന്റെ വികസനത്തിനടക്കം 15,000 കോടിയുടെ പാക്കേജാണ് പ്രഖ്യാപിച്ചത്. '2018ൽ ആന്ധ്രപ്രദേശിന് പ്രധാനമന്ത്രി മോദി പ്രത്യേക പദവി നൽകാത്തതിൽ പ്രതിഷേധിച്ച് എൻ. ഡി.എ വിട്ടതാണ് നായിഡു. ആറുവർഷത്തെ നാടകത്തിന് ശേഷം ടി.ഡി.പി എം.പിമാരുടെ കൂടി പിന്തുണയോടെ എൻ.ഡി.എ സർക്കാർ വീണ്ടും അധികാരമേറ്റപ്പോൾ, അമരാവതിക്ക് പ്രത്യേക സഹായം നേടിയെടുക്കാൻ അദ്ദേഹത്തിന് സാധിച്ചു. 2014ൽ പ്രഖ്യാപിച്ച ആന്ധ്രപ്രദേശ് പുനഃസംഘടന നിയമം നടപ്പാക്കാൻ 10 വർഷം എടുത്തത് എന്തുകൊണ്ടാണ്'- ജയറാം രമേശ് എക്സിൽ കുറിച്ചു.

## പ്രതിരോധ മേഖലയ്ക്ക് 6.21 ലക്ഷം കോടി; ബജറ്റിന്റെ 12.9 ശതമാനം

ന്യൂഡൽഹി: കഴിഞ്ഞ വർഷത്തെ ബജറ്റ് വിഹിതത്തേക്കാൾ 5.94 ലക്ഷം കോടി രൂപയുടെ വർധനവോടെ പ്രതിരോധ മേഖലയ്ക്ക് ബജറ്റിൽ വകയിരുത്തിയത് 6.21 കോടി രൂപ. 2024-25ലെ ബജറ്റ് വിഹിതത്തിന്റെ 12.9 ശതമാനമാവും പ്രതിരോധ മേഖലക്കായാണ് അനുവദിച്ചത്.

ബജറ്റ് വിഹിതത്തിലെ 1.05 ലക്ഷം കോടി സൈന്യത്തിനാവശ്യമായ സാമഗ്രികൾ ആഭ്യന്തരമായി വാങ്ങിക്കുന്നത് ആത്മനിർഭർ ഭാരതക്ക് കൂടുതൽ അവസരം നൽകുമെന്നു പ്രതിരോധ മന്ത്രി രാജ്നാഥ് സിങ് പറഞ്ഞു.

1,72,000 കോടി സായുധ സേനയെ കൂടുതൽ കരുത്തുള്ളതാക്കി മാറ്റാൻ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു. അതിർത്തി റോഡുകളുടെ നിർമാണത്തിന് 30 ശതമാനം തുക വർധിപ്പിച്ചിട്ടുണ്ട്. 6500 കോടി രൂപയാണ് ഇതിനായി ബജറ്റിൽ വകയിരുത്തിയത്. പ്രതിരോധ മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കായി 518 കോടിയും അനുവദിച്ചിട്ടുണ്ട്.

# കായിക മേഖലയ്ക്കും അവഗണന; 'ഖേലോ ഇന്ത്യ' അവതാളത്തിൽ

ന്യൂഡൽഹി: രണ്ട് വർഷത്തിനിടെ കോമൺവെൽത്ത്, ഏഷ്യൻ ഗെയിംസ് മത്സരങ്ങൾ നടക്കാനിരിക്കെ കായിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുള്ള ഖേലോ ഇന്ത്യക്ക് ബജറ്റിൽ നാമമാത്ര വർധനവ്.




കഴിഞ്ഞ വർഷത്തേക്കാൾ 20 കോടിയുടെ വർധനവുമായി 900 കോടി രൂപയാണ് ബജറ്റിൽ അനുവദിച്ചിരിക്കുന്നത്. 2022-23ൽ ഖേലോ ഇന്ത്യക്ക് 596.39 കോടിയായിരുന്നു അനുവദിച്ചിരുന്നത്. ഇത് പിന്നീട് 400 കോടി വർധിപ്പിച്ച് 1000 കോടിയാക്കുകയും പിന്നീട് 880 കോടിയായി നിജപ്പെടുത്തുകയുമായിരുന്നു. ദേശീയ കായിക ഫെഡറേഷനുകൾക്കുള്ള ബജറ്റ് വിഹിതത്തിലും നാമമാത്ര വർധനവ് വരുത്തിയിട്ടുണ്ട്. 2023-24ൽ 325 കോടിയായിരുന്നത് ഇത്തവണ 340 കോടിയായി ഉയർത്തിയിട്ടുണ്ട്. രാജ്യത്തെ സ്റ്റേഡിയങ്ങൾ പരിപാലിക്കുകയും അത്‌ലറ്റുകളെ ആഗോള കായിക മാമാങ്കത്തിന് തയാറാക്കുകയും ചെയ്യുന്നതിന് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ (സായി)ക്കുള്ള വിഹിതത്തിലും നേരിയ വർധനവ് വരുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷം 795.77 കോടിയായിരുന്നത് ഇത്തവണ 822.60 കോടിയായി ഉയർത്തിയിട്ടുണ്ട്.

കായിക താരങ്ങളുടെ ഉത്തേജക മരുന്നു ഉപയോഗം കണ്ടെത്തുന്നതിനായുള്ള ദേശീയ ആന്റി ഡോപിങ് ഏജൻസി (നാഡ)യ്ക്കുള്ള വിഹിതം കഴിഞ്ഞ വർഷത്തെ 21.73 കോടിയിൽ നിന്നും 22.30 കോടി രൂപയായി ഉയർത്തി.

## രാജസ്ഥാനിലെ ചോദ്യപേപ്പർ ചോർച്ച; പ്രതിയുടെ വീട് ഇടിച്ചുനിരത്തി

ജയ്പൂർ: രാജസ്ഥാനിൽ സബ് ഇൻസ്പെക്ടർ റിക്രൂട്ട്മെന്റ് പരീക്ഷാ പേപ്പർ ചോർച്ചക്കേസിലെ പ്രതിയുടെ വീട് അധികൃതർ തകർത്തു. ചുരു ജില്ലയിലെ പൂനിയ കോളനിയിലെ വിവേക് ബംഭു എന്നയാളുടെ വീടാണ് അനധികൃത നിർമാണം ആരോപിച്ച് മുനിസിപ്പൽ കൗൺസിൽ അധികൃതർ ബുൾഡോസർ ഉപയോഗിച്ച് പൊളിച്ചുനീക്കിയത്. കനത്ത സുരക്ഷാ ക്രമീകരണങ്ങളോടെ തിങ്കളാഴ്ച രാത്രിയാണ് ചുരു മുനിസിപ്പൽ കൗൺസിലിന്റെ നടപടിയുണ്ടായതെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു.

പൂനിയ കോളനിയിലെ 114, 115 നമ്പരുകളിലുള്ള പ്ലോട്ടിലെ അനധികൃത നിർമാണമാണ് അസി. എഞ്ചിനീയർ രവി രാഘവിന്റെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥ സംഘം പൊളിച്ചു നീക്കിയത്. നഗരസഭാ പരിധിയിൽ അനധികൃതമായാണ് ഇയാൾ വീട് നിർമിച്ചതെന്നും അതുകൊണ്ടാണ് ജെസിബിയുടെ സഹായത്തോടെ ഇത് പൊളിച്ചുനീക്കിയതെന്നും ഡെപ്യൂട്ടി പൊലീസ് സൂപ്രണ്ട് സുനിൽ കുമാർ പറഞ്ഞു. രാജസ്ഥാൻ സ്പെഷ്യൽ ഓപറേഷൻസ് ഗ്രൂപ്പ് അന്വേഷിക്കുന്ന പേപ്പർ ചോർച്ചാ കേസിൽ ട്രെയ്നി സബ് ഇൻസ്പെക്ടർമാരടക്കം നിരവധി പേർ അറസ്റ്റിലായിട്ടുണ്ട്.



*തമിഴ്നാട് സ്കൂൾ വിദ്യാഭ്യാസ മന്ത്രി അൻബിൽ മഹേഷിന്റെ നേതൃത്വത്തിൽ ഇന്ത്യ സഖ്യ നേതാക്കൾ രാഹുൽ ഗാന്ധിയുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ. എം.പിമാരായ ജ്യോതിമണി സെന്നിമലൈ, കെ നവാസ് ഗനി, കനിമൊഴി സമീപം*

**കശ്മീരിൽ ഏറ്റുമുട്ടൽ തുടരുന്നു; ജവാന് വീരമൃത്യു**

ശ്രീനഗർ: ജമ്മു കശ്മീരിലെ ബട്ടാൽ സെക്ടറിൽ ഭീകരരുടെ നുഴഞ്ഞുകയറ്റ ശ്രമം സൈന്യം പരാജയപ്പെടുത്തുന്നതിനിടെ ഒരു സൈനികൻ കൊല്ലപ്പെട്ടു. പൂഞ്ച് ജില്ലയിലെ ബാറ്റൽ സെക്ടറിലാണ് ഏറ്റുമുട്ടൽ നടന്നത്. മേഖലയിൽ സുരക്ഷാ സേന ഓപ്പറേഷൻ തുടരുകയാണെന്നാണ് റിപ്പോർട്ട്. കഴിഞ്ഞ ദിവസം രജൗരി ജില്ലയിൽ സൈനിക പോസ്റ്റിന് നേരെയുണ്ടായ ഭീകരാക്രമണത്തിൽ ഒരു സൈനികനും സാധാരണക്കാരനും പരിക്കേറ്റിരുന്നു. പാകിസ്താൻ സ്വദേശികളായ മൂന്ന് ഭീകരരാണ് ആക്രമണം നടത്തിയതെന്നാണ് സംശയം.

## സ്ത്രീധനത്തിന്റെ പേരിൽ ക്രൂരത; ഗർഭിണിയെ കൊന്ന് കത്തിച്ചു

■ ഭർതൃ വീട്ടുകാർ ഒളിവിലെന്ന് പൊലീസ്

ഭോപാൽ: മധ്യപ്രദേശിലെ രാജ്ഗഡിൽ സ്ത്രീധനത്തിന്റെ പേരിൽ ഗർഭിണിയായ യുവതിയെ കൊന്ന് കത്തിച്ച് ഭർതൃ വീട്ടുകാരുടെ കൊടുംക്രൂരത. 23കാരിയായ റീന തൻവാറാണ് കൊല്ലപ്പെട്ടത്. നാല് മാസം ഗർഭിണിയായ റീനയുടെ കൈകളും കാലുകളും വെട്ടിമാറ്റിയ ശേഷമാണ് ശരീരം കത്തിച്ചത്.

കൃത്യത്തിനു പിന്നാലെ ഭർത്താവ് മിഥുനും ഇയാളുടെ മാതാപിതാക്കളും ഒളിവിൽ പോയി. കാളിപീഠ് പൊലീസ് സ്റ്റേഷൻ പരിധിയിലുള്ള തൻഡിഖുർദ് ഗ്രാമത്തിൽ തിങ്കളാഴ്ചയാണ് സംഭവം. റീന കൊല്ലപ്പെട്ട വിവരം ഗ്രാമവാസികൾ കഴിഞ്ഞ ദിവസം സ്വന്തം വീട്ടുകാരെ അറിയിക്കുകയായിരുന്നു. സംഭവസ്ഥലത്ത് എത്തിയ വീട്ടുകാർക്ക് പാതി കത്തിയ ശരീരം മാത്രമാണ് കാണാനായത്. മൃതദേഹ അവശിഷ്ടങ്ങൾ പോസ്റ്റ്മോർട്ടത്തിന് അയച്ചിട്ടുണ്ട്.



അഞ്ച് വർഷം മുൻപ് വിവാഹിതയായ റീന, നിരന്തരം ഭർതൃ വീട്ടുകാരുടെ പീഡനത്തിന് ഇരയായിരുന്നതായി ബന്ധുക്കൾ പറഞ്ഞു. മിഥുന്റെ മാതാപിതാക്കൾ പണം ആവശ്യപ്പെട്ട് തുടർച്ചയായി മകളെ ഉപദ്രവിച്ചിരുന്നെന്ന് റീനയുടെ പിതാവ് രാംപ്രസാദ് തൻവാർ പ്രതികരിച്ചു.

പലപ്പോഴായി പണം നൽകിയിട്ടും അവർ പീഡനം നിർത്തിയില്ല. ഇത്തവണ തങ്ങൾ എത്തിയപ്പോഴേക്ക് എല്ലാം കഴിഞ്ഞിരുന്നു- നിറകണ്ണുകളോടെ രാംപ്രസാദ് പറഞ്ഞു. റീനക്കും മിഥുനും ഒന്നര വയസ്സുള്ള കുട്ടിയുണ്ട്. രണ്ടാമതും ഗർഭം ധരിച്ചിരിക്കെയാണ് ദാരുണമായ സംഭവം നടന്നത്.

## തെലങ്കാനയിൽ പുരാതന മസ്ജിദ് ഇടിച്ചുനിരത്തി ഭൂമാഫിയ

ഹൈദരാബാദ്: തെലങ്കാനയിലെ മൊയ്നാബാദിൽ ചരിത്ര പ്രധാനമായ മസ്ജിദ് തകർത്ത് ഭൂമാഫിയ. രംഗറെഡ്ഡി ജില്ലയിലെ ചിൽക്കൂർ ഗ്രാമത്തിലെ ജാഗിർദാർ മസ്ജിദാണ് സമീപത്തെ സ്ഥലഉടമയായ പ്രസാദും കൂട്ടാളികളും ചേർന്ന് നിലംപരിശാക്കിയത്. ഇയാളുടെ ഭൂമിക്കൊപ്പം സംസ്ഥാന വഖഫ് ബോർഡിനു കീഴിലുള്ള ഈ ഭൂമി കൂടി നിരപ്പാക്കി വിൽക്കാനായിരുന്നു പദ്ധതി. സംഭവത്തിൽ പ്രതികൾക്കെതിരെ മൊയ്നാബാദ് പൊലീസ് കേസെടുത്തു. ചിൽക്കൂർ വില്ലേജിലെ 133, 134 സർവേ നമ്പരുകളിലുള്ള ഭൂമിയിലാണ് തെലങ്കാന സംസ്ഥാന വഖഫ് ബോർഡിനു കീഴിലുള്ള ജാഗിർദാർ മസ്ജിദ് സ്ഥിതി ചെയ്തിരുന്നത്. എന്നാൽ തിങ്കളാഴ്ച പ്രദേശത്ത് ആരുമില്ലാതിരുന്ന സമയം പ്രസാദവും സംഘവുമെത്തി ജെ.സി.ബി ഉപയോഗിച്ച് പള്ളി തകർക്കുകയും ഭൂമി നിരപ്പാക്കുകയുമായിരുന്നു. പ്രദേശത്തെ മുസ്‌ലിംകൾ പ്രാർത്ഥനയ്ക്കായി ആശ്രയിക്കുന്ന പള്ളികളിലൊന്നായിരുന്നു ജാഗിർദാർ മസ്ജിദ്. സംഭവത്തിൽ പ്രതിഷേധം ശക്തമായിട്ടുണ്ട്.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 24 ബുധൻ
ഗൾഫ് ചന്ദ്രിക



### മോദി സർക്കാറിനെ താങ്ങിനിർത്താൻ -ഷാഫി പറമ്പിൽ

ന്യൂഡൽഹി: കേന്ദ്ര ബജറ്റ് നരേന്ദ്ര മോദി സർക്കാറിനെ ഒരു വർഷം കൂടി താങ്ങി നിർത്താൻ ഉള്ളതാക്കി മാറ്റിയതായി ഷാഫി പറമ്പിൽ കുറ്റപ്പെടുത്തി. രാജ്യത്തിന്റെ വളർച്ചയോ, യുവാക്കളുടെ താൽപര്യങ്ങൾ സംരക്ഷിക്കാനുള്ള നടപടികളോ ബജറ്റിൽ കണ്ടില്ല. ഭരണം നിലനിർത്താനുള്ള വ്യഗ്രതയാണ് കണ്ടത്. ബിഹാറിലും ആന്ധ്രയിലും ഉള്ള ഘടകകക്ഷികളെ തൃപ്തിപ്പെടുത്താൻ വേണ്ടി മാത്രം അവതരിപ്പിച്ച ബജറ്റിയി മാറി.

### തൊഴിലാളികലെ മറന്ന ബജറ്റ്: എസ്.ടി.യു

കോഴിക്കോട്: തൊഴിൽ മേഖലകളെയും തൊഴിലാളികളേയും മറന്ന ബജറ്റാണ് മൂന്നാം മോദി സർക്കറിന്റേതെന്ന് എസ്.ടി.യു സംസ്ഥാന പ്രസിഡന്റ് അഡ്വ. എം റഹ്മത്തുള്ളയും ജനറൽ സെക്രട്ടറി കെ.പി മുഹമ്മദ് അഷ്റഫും കുറ്റപ്പെടുത്തി. രാജ്യത്ത് തൊഴിലില്ലായ്മ നിരക്ക് വർധിച്ചിട്ട് പോലും യുവാക്കൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനോ കേന്ദ്ര സർക്കാർ മേഖലയിൽ ഒഴിവുള്ള ലക്ഷക്കണക്കിന് ഒഴിവുകൾ നികത്താനോ ആവശ്യമായ യാതൊരു പരാമർശവും ബജറ്റിൽ ഇല്ല. രാജ്യത്തെ ഏറ്റവും വലിയ പദ്ധതിയായ ദേശീയ തൊഴിലുറപ്പ് പദ്ധതിക്കും ഐ.സി.ഡി.എസിനുമുള്ള ഫണ്ട് വലിയ തോതിൽ വെട്ടി കുറക്കുകയും ചെയ്തു. ഇത് ഈ മേഖലയിലെ തൊഴിൽ ദിനങ്ങളെയും തൊഴിലാളികളേയും ബാധിക്കുമെന്നും ഇരുവരും മുന്നറിയിപ്പ് നൽകി.

### ജീവനക്കാരെ അവഗണിച്ചു: എസ്.ഇ.യു

മലപ്പുറം: ജീവനക്കാരെയും സാധാരണക്കാരേയും പാടെ അവഗണിച്ച ബജറ്റാണിതെന്നും ആദായ നികുതി സ്ലാബുകൾ വർധിപ്പിച്ചില്ല എന്ന് മാത്രമല്ല പുതിയ സ്കീമിൽ 87 എ പ്രകാരം അനുവദിച്ചിരുന്ന റിബേറ്റ് എടുത്ത് കളഞ്ഞ് ചെറിയ വരുമാനക്കാരെ കേന്ദ്ര സർക്കാർ വഞ്ചിച്ചെന്നും സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ ( എസ്.ഇ.യു) സംസ്ഥാന കമ്മിറ്റി പ്രസ്താവിച്ചു. പ്രതിപക്ഷ സംസ്ഥാനങ്ങളെ തഴഞ്ഞ് ഇന്ത്യൻ ഫെഡറൽ സംവിധാനങ്ങളെ ബജറ്റ് നോക്കുത്തിയാക്കുന്നു എന്നും ദീർഘവീക്ഷണമില്ലാത്ത ബജറ്റ് രാജ്യത്ത് രൂക്ഷമായ വിലക്കയറ്റത്തിന് കാരണമാക്കുമെന്നും സംസ്ഥാന പ്രസിഡന്റ് സിബി മുഹമ്മദ്, ജനറൽ സെക്രട്ടറി ആമിർ കോഡൂർ എന്നിവർ പ്രസ്താവനയിൽ അറിയിച്ചു.



# സഖ്യ സർക്കാർ രാഷ്ട്രീയത്തിൽ കരഞ്ഞി ബജറ്റും

ന്യൂഡൽഹി: ലോക്സഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പിക്കേറ്റ കനത്ത തിരിച്ചടി ഇത്തവണത്തെ കേന്ദ്ര ബജറ്റിലും പ്രകടം. കേന്ദ്ര ധനകാര്യ മന്ത്രി അവതരിപ്പിച്ച മൂന്നാം മോദി സർക്കാറിന്റെ ആദ്യ പൊതു ബജറ്റിൽ മൊത്തം തുകയും സഖ്യ കക്ഷികളെ അരക്കിട്ടുറപ്പിക്കാനായി ചെലവാക്കേണ്ടി വന്നതോടെ കർഷകരും സാധാരണക്കാരുമുൾപ്പെടെ മുണ്ടുമുറുക്കി തന്നെ മുന്നോട്ടു പോകേണ്ടി വരും. ബി.ജെ.പിക്ക് ഭരണം നിലനിർത്താൻ പിടിച്ചു നിർത്തേണ്ട ടി.ഡി.പിയും ജെ.ഡി.യുവും വാശി പിടിച്ചതോടെ ആന്ധ്രയ്ക്കും ബിഹാറിനും ബജറ്റിൽ വാരിക്കോരി കൊടുക്കേണ്ടി വന്നു. ഒപ്പം രാജ്യത്തെ തൊഴിലില്ലായ്മ രൂക്ഷമാണെന്ന് ബജറ്റ് പ്രഖ്യാപനത്തോടെ കേന്ദ്ര സർക്കാറിന് സമ്മതിക്കേണ്ടിയും വന്നു. തൊഴിലില്ലായ്മ പരിഹരിക്കാനുള്ള പൊടിക്കൈകളും മധ്യവർഗത്തെ പിടിച്ചു നിർത്താൻ നികുതിയിൽ ചെറിയ ഇളവും പ്രഖ്യാപിച്ചെങ്കിലും കാർഷിക പ്രശ്നം പരിഹരിക്കാൻ വേണ്ടത്ര ഊന്നൽ ബജറ്റ് നൽകിയിട്ടില്ല. ശക്തമായ പ്രതിപക്ഷത്തെ പാർലമെന്റിൽ നേരിടേണ്ടതിനാൽ പ്രതിപക്ഷത്തിന് മുന്നിൽ തൊഴിലില്ലായ്മ നികത്തുക എന്ന ഭഗീരഥ യജ്ഞമാണ് കേന്ദ്ര സർക്കാറിനു മുന്നിലുള്ളത്. ബിഹാറിനും ആന്ധ്രയ്ക്കും ബജറ്റിൽ പ്രത്യേക പരാമർശം വഴി വിഹിതം അനുവദിക്കുക വഴി പ്രത്യേക പദവിയെന്ന ഇരു സംസ്ഥാനങ്ങളിലേയും സഖ്യ കക്ഷികളുടെ ആവശ്യത്തെ തൽക്കാലത്തേക്ക് ഒഴിവാക്കാനും ആയാറാം ഗയാറാം കളിക്കുന്ന നായിഡുവിനേയും നിതീഷിനേയും എൻ.ഡി.എ സഖ്യത്തിൽ തന്നെ പിടിച്ചു നിർത്താനുമായി എന്ന ആശ്വാസമാണ് കേന്ദ്രത്തിനുള്ളത്. അതേ സമയം നിയമസഭാ തിരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന മഹാരാഷ്ട്ര, ഹരിയാന സംസ്ഥാനങ്ങളെ കുറിച്ച് ബജറ്റിൽ പരാമർശമില്ലാത്തത് ബി.ജെ.പിക്ക് തലവേദനയാവും. നോട്ട് നിരോധനത്തെ തുടർന്ന് തകർന്ന് തരിപ്പണമായെന്ന് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി നിരന്തരം വിമർശിക്കുന്ന ചെറുകിട ഇടത്തരം വ്യവസായങ്ങളെ പ്രത്യേകം ബജറ്റിൽ പരാമർശിച്ചതോടെ പ്രത്യക്ഷത്തിൽ രാഹുലിന്റെ വിമർശനങ്ങൾ ശരിയാണെന്ന് കേന്ദ്ര ധനമന്ത്രിയും സമ്മതിക്കലായി. ഇന്ത്യ സഖ്യത്തിന്റെ തൊഴിൽ വാഗ്ദാനങ്ങൾ അതേ പടി പലതും കോപി പേസ്റ്റ് ചെയ്യാനും ധനമന്ത്രി മടി കാണിച്ചിട്ടില്ല. കഴിഞ്ഞ രണ്ട് തവണയും മോദി സർക്കാർ കയ്യയച്ച് സഹായിച്ച കോർപറേറ്റുകളെ ഇത്തവണയും കൈവിട്ടിട്ടില്ല. ഗ്രാമീണ മേഖല തകരുമ്പോഴും കോർപറേറ്റുകളെ വളർത്തുന്നതിനാവശ്യമായ നിർദേശങ്ങൾ യഥേഷ്ടം ഉണ്ട് ബജറ്റിൽ.

ആണവോർജ്ജമ മേഖലയടക്കം തന്ത്ര പ്രധാന മേഖല കൂടി സ്വകാര്യവത്കരിക്കുന്നതോടെ കോർപറേറ്റ് നിയന്ത്രണം എല്ലാ മേഖലയിലും എത്തും. കോർപറേറ്റുകൾക്ക് നികുതി ഇളവ് അടക്കം വലിയ തോതിൽ സഹായം ഇത്തവണയും ബജറ്റ് നൽകിയിട്ടുണ്ട്. ബജറ്റ് എ.എ ബജറ്റാണെന്ന് അദാനിയേയും അംബാനിയേയും പേര് പറയാതെ രാഹുൽ വിമർശിച്ചതും ഇക്കാരണത്താലാണ്. നേരത്തെ മോദിയുടെ ഫ്ളാഗ്ഷിപ്പ് പദ്ധതികളായി ഉയർത്തിക്കാട്ടിയിരുന്ന പി.എം കിസാൻ സമ്മാൻ നിധി, ജൽ ജീവൻ, സ്വച്ഛ ഭാരത് മിഷൻ എന്നീ പദ്ധതികളെ സഖ്യ കക്ഷികൾക്ക് ഉത്തേജനം നൽകാനായി നിലംപരിശാക്കി. അതേ സമയം കാർഷിക വായ്പകൾ തിരിച്ചടക്കാനാവാത്ത കർഷകരുടെ പ്രശ്നം ബജറ്റിൽ ഉൾപ്പെടുത്തിയതേ ഇല്ല. അതേ സമയം ബി.ജെ.പിയുടെ പ്രഖ്യാപിത നയമായ ഹിന്ദുത്വയ്ക്ക് ആവശ്യമായ ഉത്തേജനം ഈ ബജറ്റിലും ഉണ്ട്. ബിഹാറിലെ ക്ഷേത്ര ഇടനാഴികളും മത ടൂറിസത്തിനായി ഒഡീഷയേയും പരിഗണിച്ചത് ഇതിന്റെ ഭാഗമായാണ്. രണ്ട് കേന്ദ്ര മന്ത്രിമാരും ഒരു പാർലമെന്റ് അംഗവുമുള്ള കേരളത്തെയാവട്ടെ ബജറ്റ് തിരിഞ്ഞ് നോക്കിയതുമില്ല. സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായ ബാങ്കിങ് മേഖലയ്ക്ക് പ്രതീക്ഷിച്ച പിന്തുണയും ബജറ്റ് നൽകുന്നില്ല. ഇതിന്റെ ഫലമായാണ് ബാങ്കിങ് ഓഹരികൾ ബജറ്റ് പ്രഖ്യാപനത്തിന് പിന്നാലെ കൂപ്പുകുത്തിയത്. വായ്പയുടെ ആവശ്യത്തിനും വളർച്ചയ്ക്കും ആനുപാതികമായി നിക്ഷേപ സമാഹരണം സാധ്യമാകുന്നില്ല എന്ന സാഹചര്യമാണ് ബാങ്കിങ് മേഖല നേരിടുന്നത്. ഈ സാഹചര്യത്തെ മറികടക്കാൻ സഹായിക്കുന്ന നിർദേശങ്ങൾ, വിശേഷിച്ച് നിക്ഷേപത്തിന്റെ പലിശയിനത്തിൽ ഉള്ള നികുതിയിലും മറ്റുമുള്ള ഇളവുകൾ, ബാങ്കുകൾ പ്രതീക്ഷിച്ചിരുന്നു. അതുണ്ടായില്ല. അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റുമുള്ള പദ്ധതികളിൽ സ്വകാര്യ നിക്ഷേപം കൂടുതൽ പ്രതീക്ഷിക്കുന്ന സാഹചര്യത്തിൽ ബാങ്ക് വായ്പകളുടെ ആവശ്യം കൂടിവരും. ബജറ്റ് നിർദേശങ്ങൾ അനുസരിച്ചു കാർഷികരംഗത്തും, തൊഴിൽ രംഗത്തും, തൊഴിൽ പരിശീലന രംഗത്തും, സേവനരംഗത്തും വരുന്ന പുതിയ പദ്ധതികളിലേക്കു ബാങ്ക് വായ്പ വേണം. ബജറ്റ് നിർദേശമനുസരിച്ച് മുദ്ര വായ്പകൾ 10 ലക്ഷം രൂപയിൽ നിന്ന് 20 ലക്ഷം രൂപയാക്കി ഉയർത്തിയിരിക്കുന്നു. തവണ മുടങ്ങി ബുദ്ധിമുട്ടിലാവുന്ന ചെറുകിട ബിസിനസിന് തുടർന്നും വായ്പാ സഹായം ലഭ്യമാക്കുന്ന രീതിയിൽ സർക്കാരിന്റെ സഹായത്തോടു കൂടി പദ്ധതിയും പറയുന്നു.

## ആണവോർജ്ജവും സ്വകാര്യ മേഖലക്ക്

ന്യൂഡൽഹി: രാജ്യത്ത് ഏറ്റവും കൂടുതൽ നിയന്ത്രണങ്ങളുള്ള ആണവോർജ്ജ മേഖലയും സ്വകാര്യ മേഖലയ്ക്ക് തീറെഴുതാൻ കേന്ദ്ര തീരുമാനം. മൂന്നാം മോദി സർക്കാറിന്റെ ആദ്യ സമ്പൂർണ ബജറ്റ് അവതരണത്തിലാണ് സ്വകാര്യ മേഖലക്ക് സർക്കാർ സഹകരണത്തോടെ ചെറുകിട ആണവ റിയാക്ടറുകൾ സ്ഥാപിക്കാനും ആണവ ഗവേഷണത്തിന് അനുമതിയും നൽകുമെന്ന് പ്രഖ്യാപിച്ചത്. ഭാരത് ചെറുകിട റിയാക്ടറുകൾ, ചെറുകിട മോഡുലാർ റിയാക്ടേഴ്സിനുള്ള ഗവേഷണം, വികസനം, ആണവോർജ്ജത്തിനായുള്ള പുതിയ സാങ്കേതിക വിദ്യാക്കായുള്ള ഗവേഷണ വികനസ പ്രവർത്തനങ്ങൾ എന്നിവക്കായി സ്വകാര്യ മേഖലയുമായി സർക്കാർ സഹകരിക്കുമെന്ന് ധനമന്ത്രി നിർമല സീതാരാമൻ പറഞ്ഞു. വികസിത ഭാരത്തിന് ആണവോർജ്ജം നിർണായകമാകുമെന്നും അവർ പറഞ്ഞു. അതേ സമയം 1962ലെ ആണവോർജ്ജ നിയമത്തിനെതിരാണ് സർക്കാറിന്റെ പുതിയ തീരുമാനം. 1962ലെ ആണവോർജ്ജ നയം അനുസരിച്ച് സർക്കാർ ഏജൻസികൾക്ക് മാത്രമേ ആണവോർജ്ജം, ആണവ സാങ്കേതിക വിദ്യ എന്നിവ കൈകാര്യം ചെയ്യാൻ പാടുള്ളൂ. നിലവിൽ സർക്കാർ കമ്പനികൾക്കുള്ള സഹായമായി എൽ ആന്റ് ടി, ഗോദ്റേജ്, വാൽചന്ദ്നഗർ എന്നി കമ്പനികൾ ആണവോർജ്ജ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. 2029 ഓടെ പുതുതായി ഏഴ് ആണവോർജ്ജ റിയാക്ടറുകൾ കൂടി സ്ഥാപിച്ച് രാജ്യത്തെ ആണവോർജ്ജ പരിധി 7.48 ജി വാട്ടിൽ നിന്നും 13.08 ജി.ഡബ്ല്യു.ഇയിലേക്ക് ഉയർത്താനാണ് ലക്ഷ്യമിടുന്നത്. ബഹിരാകാശ മേഖല സ്വകാര്യമേഖലക്ക് തുറന്ന് കൊടുത്തു നാലു വർഷത്തിന് ശേഷമാണ് കേന്ദ്രം ആണവോർജ്ജ മേഖല കൂടി സ്വകാര്യ മേഖലക്ക് തുറന്ന് കൊടുക്കുന്നത്.

# പാർശ്വവൽക്കരിക്കപ്പെട്ടവരോട് മുഖം തിരിച്ച ബജറ്റ്: മുസ്‌ലിംലീഗ്

ന്യൂഡൽഹി: രാജ്യത്തെയാകെ ഒരുപോലെ കണ്ട് ധനവിയോഗം നടത്തുന്നതിന് പകരം രണ്ടു ഘടക കക്ഷികളെ കൂടെ നിർത്താനുള്ള കൈക്കൂലി നിലവാരത്തിലേക്ക് കേന്ദ്ര ബജറ്റിന്റെ നിലവാരം കൂപ്പുകുത്തിയെന്ന് മുസ്‌ലിം ലീഗ് പാർലിമെന്ററി പാർട്ടി ലീഡർ ഇ.ടി മുഹമ്മദ് ബഷീർ, എം.പിമാരായഡോ.എം.പി അബ്ദുസമദ് സമദാനി, അഡ്വ.ഹാരിസ് ബീരാൻ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. കേരളത്തെ അവഗണിച്ചുവെന്ന് മാത്രമല്ല ബജറ്റ് കേരളത്തെ അപമാനിക്കുകയാണ് ചെയ്തത്. കഴിഞ്ഞ ദിവസം പാർലമെന്റിൽ അവതരിപ്പിച്ച സാമ്പത്തിക സർവ്വേ വെളിപ്പെടുത്തുന്ന ചില സത്യങ്ങൾ ഉണ്ട്. അടുത്ത വർഷത്തെ ജി.ഡി.പി 6.5 മുതൽ ഏഴു ശതമാനം വരെ ഉണ്ടാവുകയുള്ളൂ എന്നാണ് അതിന്റെ കണ്ടെത്തൽ. എന്നാൽ നേരത്തെ പറഞ്ഞിരുന്നതാകട്ടെ അടുത്ത വർഷം മുതൽ 8.5 ശതമാനം ശതമാനമാവുമെന്നായിരുന്നു. അത് പോലെ തൊഴിൽ രംഗത്ത് ഒരു വർഷം ഇന്ത്യയിലെ ആവശ്യപ്രകാരം 78.5 ലക്ഷം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കേണ്ടതുണ്ടെന്നും അത് ഇപ്പോഴും ഒരു വെല്ലുവിളിയായി നിൽക്കുകയാണെന്നു പോലും സാമ്പത്തിക സർവ്വേ ചൂണ്ടികാണിച്ച കാര്യമാണ്. ഇന്ത്യയിൽ കുറെ കാലമായി വിഷമാവസ്ഥയിലായ കാർഷിക മേഖല അതിന്റെ പുനരുജ്ജീവനത്തെക്കുറിച്ച് കൃത്യമായ കാഴ്ചപ്പാടുകളോ മറ്റൊന്നും തന്നെ ഈ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. കർഷകർക്ക് താങ്ങുവിലയും വ്യാപാരികൾക്ക് ആശ്വാസവും നൽകുന്നതിന് പകരം സർക്കാറിനെ താങ്ങി നിർത്തലിൽ മാത്രം ഒതുങ്ങി.

ന്യൂനപക്ഷ പിന്നോക്ക ദളിത് വിഭാഗങ്ങളായ പാർശ്വവൽക്കരിക്കപപെട്ടവരെ മുഖ്യധാരയിലേക്ക് ഉയർത്തികൊണ്ടുവരാനും ശാക്തീകരിക്കാനുമുള്ള പദ്ധതികളൊന്നുമില്ല. സച്ചാർ കമ്മിറ്റി റിപ്പോർട്ട് ഉൾപ്പെടെ വരച്ചു കാണിച്ച യാഥാർത്ഥ്യങ്ങളെ കണ്ടില്ലെന്ന നടിച്ചാൽ രാജ്യത്തിന്റെ സമഗ്ര പുരോഗതിയെയാണ് അതുബാധിക്കുക. തൊഴിലില്ലായ്മയും വിലക്കയറ്റവും പരിഹരിക്കാൻ ശരിയായ കാൽവെപ്പുകളൊന്നുമില്ലാത്ത ബജറ്റ് ജനജീവിതം കൂടുതൽ ദുസ്സഹമാക്കും. പൊതു താൽപര്യം പാടെ അവഗണിച്ച ബജറ്റിൽ ആന്ധ്രക്കും ഗുജറാത്തിനും ബീഹാറിനും വാരിക്കോരി നൽകിയപ്പോൾ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളെയും പാടെ അവഗണിച്ചു. എയിംസ് ഉൾപ്പെടെയുള്ള കേരളത്തിന്റെ ദീർഘകാല ആവശ്യത്തോട് ഇത്തവണയും മുഖം തിരിച്ചു. ദേശീയ പ്രാധാന്യമുള്ള എട്ടു ലക്ഷ്യങ്ങളെന്ന പേരിൽ മുമ്പ് പ്രഖ്യാപനങ്ങളിലൊതുങ്ങിയ തൊഴിൽ നൽകലും കർഷകരെ സഹായിക്കലുമെല്ലാം പഴയ വീഞ്ഞ് പുതിയ കുപ്പിയിൽ വന്നെങ്കിലും ലക്ഷ്യബോധമില്ലാത്ത വാചക കസർത്താണെന്ന് വ്യക്തമാണ്. നാണയപ്പെരുപ്പം നിയന്ത്രിക്കുന്ന കാര്യത്തിൽ സർക്കാർ പരാജയപ്പെട്ടുവെന്നു മാത്രമല്ല സാധന സാമഗ്രികളുടെ വില വർധനക്ക് മുമ്പിൽ അന്തം വിട്ടു നിൽക്കുന്ന ഒരു കാഴ്ചയാണ്. കുറെയേറെ പദ്ധതികളിൽ ഡിജിറ്റലിസേഷൻ വരുമെന്നും ഓൺലൈൻ സംവിധാനം ഒക്കെ കൊണ്ടുവരുമെന്നും പറയുമ്പോൾ ഈ കാലഘട്ടത്തിൽ ഇതെല്ലാം എല്ലാ മേഖലയിലും അനിവാര്യമെണെന്നത് സർക്കാർ വിസ്മരിക്കുയാണ്. ലക്ഷ്യബോധത്തോടെ കാര്യമായി വല്ലതും ബജറ്റിൽ പറയാൻ സർക്കാരിന് കഴിഞ്ഞിട്ടില്ലെന്നും മുസ്‌ലിം ലീഗ് എം.പി മാർ പറഞ്ഞു.



ഡൽഹിയിൽ കേന്ദ്ര ബജറ്റിനെതിരെ ഇ.ടി മുഹമ്മദ് ബഷീറിന്റെ നേതൃത്വത്തിൽ മുസ്‌ലിംലീഗ് എംപിമാർ പ്രതികരിക്കുന്നു

# ഭരണം സുരക്ഷിതമാക്കാനുള്ളത്: പി.കെ കുഞ്ഞാലിക്കുട്ടി



മലപ്പുറം: കേന്ദ്ര ബജറ്റ് ഘടകകക്ഷികളെ പ്രീതിപ്പെടുത്തി ഭരണം സുരക്ഷിതമാക്കാനുള്ളതാണെന്നും രാജ്യത്തിന് യാതൊരു പ്രതീക്ഷയുമില്ലാത്തതാണെന്നും മുസ്‌ലിംലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി. ബജറ്റ് അവതരണത്തിന് പിന്നാലെ ഷെയർമാർക്കറ്റ് ഇടിഞ്ഞതും, രൂപ റെക്കോർഡ് തകർച്ചയിലേക്ക് പോയതും നിക്ഷേപകർക്കോ ജനങ്ങൾക്കോ സർക്കാരിൽ പ്രതീക്ഷയില്ലെന്നാണ് വ്യക്തമാക്കുന്നത്. ദീർഘവീക്ഷണമൊട്ടുമില്ലാത്ത പ്രഖ്യാപനങ്ങളാണ് കേന്ദ്രധനമന്ത്രി നിർമല സീതാരാമൻ നടത്തിയത്. രാജ്യത്തിന്റെ പുരോഗതിയോ സമ്പദ്ഘടന ശക്തിപ്പെടുത്തലോ അജണ്ടയിലില്ലാത്ത ബി.ജെ.പി തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങളും മറന്നു.

കേരളത്തിൽ ഒരുസീറ്റിലെങ്കിലും വിജയിച്ചാൽപോലും വികസന കുതിപ്പുണ്ടാകുമെന്നായിരുന്നു വാഗ്ദാനം. എന്നാൽ ബി.ജെ.പിക്ക് ഭരണത്തിന് കീഴിൽ പതിവ് അവഗണനയാണ് സംസ്ഥാനം നേരിടുന്നത്. കേരളമെന്ന നാമം പോലും ബജറ്റിലില്ല, അതേസമയം ബീഹാറിനും ആന്ധ്രാ പ്രദേശിനും വാരിക്കോരി ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുകയും ചെയ്യുന്നു. ആവശ്യങ്ങൾ അംഗീകരിച്ചില്ലെങ്കിൽ ഭരണം നിലനിർത്താൻ കഴിയില്ലെന്ന ഭീതിയാണ് ബി.ജെ.പിയെ നയിക്കുന്നതെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു.

കർണാടകയിലെ ഷിരൂരിൽ അർജുന് വേണ്ടിയുള്ള തിരച്ചിൽ വികസിത രാജ്യങ്ങളിലേതെന്ന പോലെ സമയബന്ധിതമായി, സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള രക്ഷാപ്രവർത്തനം നടത്തേണ്ടതിന്റെയും ആവശ്യകതയിലേക്കാണ് വിരൽചൂണ്ടുന്നത്. ഓരോദിവസവും ഓരോ പരീക്ഷണങ്ങൾ തുടരുകയാണ്. എന്നാൽ എല്ലാ ഉപകരണങ്ങളും സേനയെയും ആദ്യദിവസം തന്നെ എത്തിക്കണമായിരുന്നുവെന്നും ആ കാര്യക്ഷമത നിർഭാഗ്യവശാൽ ഉണ്ടായില്ലെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു. നിപ പ്രതിരോധിക്കുന്നതിന് പ്രതിപക്ഷത്തിന്റെ പൂർണ സഹകരണമുണ്ടെന്നും എന്നാൽ ബാധിക്കപ്പെട്ടവർക്ക് എത്രയും പെട്ടെന്ന് വേണ്ട സഹായമെത്തിക്കാൻ സർക്കാരിന് കഴിയണമെന്നും കുഞ്ഞാലിക്കുട്ടി കൂട്ടിച്ചേർത്തു.

### പി.വി അബ്ദുൽ വഹാബ്



ന്യൂഡൽഹി: ധനമന്ത്രി നിർമ്മല സീതാരാമൻ അവതരിപ്പിച്ച യൂണിയൻ ബജറ്റ് തീർത്തും അസമത്വം നിറഞ്ഞതും രാഷ്ട്രീയ പ്രേരിതവും നിരാശാജനകമാണെന്ന് പി.വി അബ്ദുൽ വഹാബ് എം.പി അഭിപ്രായപ്പെട്ടു. ബിഹാർ, ആന്ധ്രാപ്രദേശ് സംസ്ഥാനങ്ങൾക്കുള്ള ആനുപാതികമല്ലാത്ത വിഹിതം അനുവദിച്ചതിലൂടെ ബജറ്റിന്റെ പ്രാഥമിക ലക്ഷ്യം കൂട്ടുകക്ഷി സർക്കാരിനെ പരിക്കില്ലാതെ നിലനിർത്തുകയാണെന്നത് കേന്ദ്രം മറന്നെന്ന് വ്യക്തമാണ്. കേരളം, തമിഴ്നാട്, കർണാടക, തെലങ്കാന തുടങ്ങിയ ബി.ജെ.പി ഭരണം ഇല്ലാത്ത മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെ പൂർണമായും അവഗണിച്ചു എന്നതിലൂടെ ബജറ്റിനെ സർക്കാർ രാഷ്ട്രീയ വത്കരിച്ചു.

രാജ്യത്തുടനീളം വർധിച്ചുവരുന്ന യുവാക്കളുടെ തൊഴിലില്ലായ്മ നിരക്ക് നേരിടാൻ ഒടുവിൽ നിർബന്ധിതരായ സർക്കാരിന് ഒരു റിയാലിറ്റി ചെക്ക് ആയി ബജറ്റ് വർത്തിക്കുന്നു എന്നത് എടുത്തുപറയേണ്ടതാണ്. എന്നാൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ജനസംഖ്യാപരമായ ലാഭവിഹിതത്തിൽനിന്ന് പ്രയോജനം നേടുന്നതിനുമുള്ള ഗവൺമെന്റിന്റെ മുൻ ശ്രമങ്ങൾ പൂർണ പരാജയമായിരുന്നുവെന്നും ഇപ്പോൾ രാഷ്ട്രത്തിന് സംഭവിക്കുന്ന ജനസംഖ്യാപരമായ ദുരന്തത്തിന് കാരണമായെന്നും തിരിച്ചറിയേണ്ടത് പ്രധാനമാണ്. കേരളത്തിന്റെ ദീർഘകാലമായ എയിംസ് എന്ന ആവശ്യവും ബജറ്റിൽ പൂർത്തീകരിച്ചില്ല. ബീഹാർ, അസം സംസ്ഥാനങ്ങൾക്ക് വെള്ളപ്പൊക്കത്തിനും പ്രത്യേക പാക്കേജുകൾ ലഭിച്ചപ്പോൾ വർഷങ്ങളായി പലപ്പോഴും വെള്ളപ്പൊക്കം അനുഭവിച്ച സംസ്ഥാനമായ കേരളം അവഗണിക്കപ്പെട്ടു. ആന്ധ്രാപ്രദേശിൽ നിരവധി വ്യവസായ ഇടനാഴികൾക്ക് അനുമതി നൽകിയപ്പോൾ, കൊച്ചിബെംഗളൂരു വ്യവസായ ഇടനാഴികളുടെ ദീർഘകാല ആവശ്യത്തിന് ഒരു പരിഗണനയും ലഭിച്ചില്ല എന്നതും കേരളത്തിന് തിരിച്ചടിയാണ്. കേരളത്തിലെ ആഗോള സാമ്പത്തിക അഭിലാഷങ്ങൾക്കും വളർച്ചക്കും സാധ്യതയുള്ള രണ്ട് മേഖലകളായ ടൂറിസം, ഐ.ടി മേഖലകൾ തീർത്തും അവഗണിക്കപ്പെട്ടതിനാൽ കേരളത്തിലെ ജനങ്ങൾക്ക് ബജറ്റ് തീർത്തും നിരാശാജനകമാണ്.

### കെ. സുധാകരൻ



തിരുവനന്തപുരം: എൻ.ഡി.എ മുന്നണിയുടെ സങ്കുചിത താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള രാഷ്ട്രീയപ്രേരിത ബജറ്റാണ് മൂന്നാം മോദി സർക്കാരിന്റെ കന്നിബജറ്റെന്ന് കെ.പി.സി.സി പ്രസിഡന്റ് കെ.സുധാകരൻ. ഫെഡറൽ തത്വങ്ങൾക്ക് എതിരാണ് മൂന്നാം മോദി സർക്കാരിന്റെ ആദ്യബജറ്റ്. ബി.ജെ.പി ഇതര സംസ്ഥാനങ്ങളോടുള്ള സമീപനം ബജറ്റിലും മോദി ഭരണകൂടം കാട്ടി. എൻ.ഡി.എയുടെ ഘടകക്ഷികൾക്ക് പരിഗണന നൽകിയതിന് അപ്പുറം ജനപ്രിയ പദ്ധതികളൊന്നുമില്ല. രാജ്യത്തെ മതേതര രാഷ്ട്രീപാർട്ടികൾ സംയുക്തമായി ഈ വിവേചന നിലപാടിനെതിരെ പ്രക്ഷോഭം നടത്തണമെന്നും സുധാകരൻ ആവശ്യപ്പെട്ടു. ബിഹാറിനും ആന്ധ്രയ്ക്കും കൂടുതൽ സാമ്പത്തിക സഹായം പ്രഖ്യാപിച്ചപ്പോൾ കേരളത്തെ തഴഞ്ഞു. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാൻ ഒരു സഹായവും പ്രഖ്യാപിക്കാത്തത് നിരാശാജനകമാണ്. കേരളത്തിനോടുള്ള അവഗണനക്ക് എതിരെ എല്ലാവരുടേയും യോജിച്ചുള്ള സമരം അനിവാര്യമാണ്. പ്രളയ ദുരിതാശ്വാസ പദ്ധതികളിലും കേരളത്തെ തഴഞ്ഞു. എയിംസ് എന്നത് സ്വപ്നമായി തന്നെ തുടരും. കേരളത്തിൽ നിന്ന് രണ്ടു കേന്ദ്രമന്ത്രിമാരുണ്ടായിട്ടും കേരളത്തിന് ഒരു പരിഗണനയുമില്ല. മോദി അധികാരത്തിൽ വന്ന ശേഷമുള്ള എല്ലാ ബജറ്റിലും കേരളത്തിന് അവഗണനമാത്രമാണ്. അത് ഇത്തവണയും ആവർത്തിച്ചു. റെയിൽ, കാർഷിക, തൊഴിൽ, ആരോഗ്യ, തീരദേശ മേഖലയ്ക്ക് അർഹമായ പരിഗണന നൽകിയില്ലെന്നും കെ.സുധാകരൻ വിമർശിച്ചു.


രാജ്യത്തിന്റെ ഒരു മേഖലയും മോദി സർക്കാരിന്റെ കയ്യിൽ സുരക്ഷിതമല്ലെന്ന് തെളിയിക്കുന്ന ബജറ്റാണിത്. പണപ്പെരുപ്പവും വിലക്കയറ്റവും നിയന്ത്രിക്കാൻ ക്രിയാത്മക നിർദ്ദേശങ്ങളില്ല. കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച പലപദ്ധതികളും ഇപ്പോഴും ചുവപ്പ് നാടയിലാണ്. പദ്ധതിനടത്തിപ്പിന് ആവശ്യമായ പണം എങ്ങനെ കണ്ടെത്തുമെന്നത് സംബന്ധിച്ച് വ്യക്തയില്ലാതെയാണ് ഇത്തവണയും കുറെ പദ്ധതികൾ മോദി സർക്കാർ പ്രഖ്യാപിച്ചത്. ഇവയുടെയും സ്ഥാനം കടലാസിൽ മാത്രം ആയിരിക്കും. രാജ്യം നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിക്ക് തൊലിപ്പുറത്തെ ചികിത്സയല്ല ആവശ്യം. ആഴത്തിലുള്ള ശസ്ത്രക്രിയയാണ് വേണ്ടതെന്നും കെ.സുധാകരൻ പറഞ്ഞു.

### മന്ത്രി പി. പ്രസാദ്



ആലപ്പുഴ:കാർഷിക മേഖലക്ക് കടുത്ത അവഗണനയാണ് കേന്ദ്രബജറ്റിലെന്ന് മന്ത്രി പി.പ്രസാദ്.കേന്ദ്രസർക്കാർ കേരളത്തെ അവഗണിച്ച നിലപാട് പ്രതിഷേധാർഹമാണ്. കേരളത്തെ ശത്രു രാജ്യത്തെ കാണുന്നതുപോലെയാണ് കേന്ദ്രസർക്കാർ കാണുന്നത്. ഒരു മന്ത്രിയുണ്ടായപ്പോൾ കേരളത്തിന് ഏറെ പ്രതീക്ഷ ഉണ്ടായിരുന്നു. എന്നാൽ, യജമാനനും ഭൃത്യനും എന്ന രീതിയാണ് കേരളത്തോട് കാണിക്കുന്നത്. നരേന്ദ്ര മോദിയെ താങ്ങി നിർത്തുക എന്നതിനപ്പുറം ബജറ്റിൽ ഒന്നുമില്ല. കാർഷികമേഖലയ്ക്ക് മുൻവർഷത്തേക്കാൾ കുറഞ്ഞ തുകയാണ് അനുവദിച്ചിട്ടുള്ളത്. കോർപ്പറേറ്റുകൾക്ക് വാരിക്കോരി നൽകി.


### അഡ്വ. നൂർബിന റഷീദ്



മലപ്പുറം: ബജറ്റ് ഭരണസഖ്യത്തിന്റെ താൽപര്യം മുൻനിർത്തി രൂപകൽപ്പന ചെയ്തതാണെന്ന് വനിതാലീഗ് ദേശീയ ജനറൽ സെക്രട്ടറി അഡ്വ. നൂർബിന റഷീദ് അഭിപ്രായപ്പെട്ടു. ആന്ധ്രാപ്രദേശിനേയും ബീഹാറിനേയും മാത്രം പരിഗണിക്കുകയും ഇന്ത്യാ മുന്നണി സംഖ്യ കക്ഷികൾ ഭരിക്കുന്ന സംസ്ഥാനങ്ങളെ അവഗണിക്കുകയും ചെയ്ത ബജറ്റ് തീർത്തും നിരാശാജനകമാണ്.

സാമൂഹ്യനീതിയും സമത്വവും ഉറപ്പാക്കുന്നതിനായി വേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല. പിന്നാക്ക സമുദായങ്ങൾക്കു വിദ്യാഭ്യാസ പരിശീലനത്തിനു നിക്കിവെക്കുന്ന തുക കഴിഞ്ഞ ബജറ്റിൽ നീക്കിവെച്ച തുക 30 കോടിയിൽനിന്നും 10 കോടിയായി കുറച്ചു. മദ്രസക്കും മറ്റു പിന്നാക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസത്തിനും കഴിഞ്ഞ വർഷം നീക്കിവെച്ചു തുക 10 കോടിയിൽനിന്നും 2 കോടിയായി കുറച്ചു.

### എം.പി അഹമ്മദ്



കോഴിക്കോട്: സ്വർണത്തിന്റെ ഇറക്കുമതി തീരുവ 6 ശതമാനമായി കുറയ്ക്കാനുള്ള ബജറ്റ് നിർദേശം സ്വാഗതാർഹമാണെന്ന് മലബാർ ഗ്രൂപ്പ് ചെയർമാൻ എം.പി അഹമ്മദ് പറഞ്ഞു. അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് സെസ് അടക്കം 15 ശതമാനമാണ് ഇറക്കുതി ചെയ്യുന്ന സ്വർണത്തിന്തീരുവയായി നിലവിൽ ഈടാക്കിയിരുന്നത്. അത് 6 ശതമാനമായി കുറയ്ക്കാനുള്ള തീരുമാനമാണ് ധനമന്ത്രി നിർമല സീതാരാമൻ എടുത്തത്. സ്വർണത്തിന്റെ തീരുവയോടൊപ്പം വെള്ളിയുടെ തീരുവയും 6 ശതമാനമായി കുറച്ചിട്ടുണ്ട്. പ്ലാറ്റിനത്തിന്റെത് 6.4 ശതമാനമായും കുറച്ചു. സ്വർണാഭരണ മേഖയിലെ വ്യാപാരികൾ ദീർഘകാലമായി ഉന്നയിക്കുന്ന ആവശ്യമാണ് ഇറക്കുമതി തീരുവ ഗണ്യമായി കുറയ്ക്കണമെന്നത്. തീരുവയുടെ 60 ശതമാനം കുറയ്ക്കാനുള്ള തീരുമാനം, ഇന്ത്യയുടെ സമ്പദ്ഘടനക്ക് ഭീഷണിയായി വളർന്ന സ്വർണം കള്ളക്കടത്ത് ഗണ്യമായി കുറയ്ക്കും. ഇറക്കുമി തീരുവ കുറച്ചതിന്റെ തുടർച്ചയായി അനധികൃത സ്വർണ വ്യാപാരം നിയന്ത്രിക്കുന്നതിനുള്ള നടപടികൾകൂടി ഉണ്ടാവുമെന്ന് ജ്വല്ലറി മേഖല പ്രതീക്ഷിക്കുന്നു. ജി.എസ്.ടി വെട്ടിയ്ക്കുന്നവർക്കെതിരെ കർശന നടപടിയെടുക്കാൻ യൂണിയൻസംസ്ഥാന സർക്കാരുകൾ തയാറാകണം. ഡിജിറ്റൽ സാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗിച്ചാൽ നികുതി വെട്ടിപ്പ് പൂർണമായി തടയാൻ കഴിയുമെന്ന് എം.പി അഹമ്മദ് പറഞ്ഞു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 24 ബുധൻ
ഗൾഫ് ചന്ദ്രിക



## വ്യാപാര മേഖലയ്ക്ക് നേട്ടമില്ല: വ്യാപാരി വ്യവസായി ഏകോപന സമിതി

കൊച്ചി: കേന്ദ്ര ബജറ്റിൽ നിന്നും ചെറുകിട വ്യാപാര മേഖലക്ക് പ്രത്യക്ഷ നേട്ടമൊന്നുമില്ലെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റും കോൺഫഡറേഷൻ ഓഫ് ആൾ ഇന്ത്യ ട്രേഡേഴ്സ് ദേശീയ സെക്രട്ടറിയുമായ എസ്.എസ് മനോജ് പറഞ്ഞു. മുദ്രാവായ്പ 10 ലക്ഷത്തിൽ നിന്നും 20 ലക്ഷം രൂപയായി ഉയർത്തി എന്നത് മാത്രമാണ് എടുത്തു പറയാനുള്ളത്. ഇതര മേഖലകൾക്ക് നൽകിയ ബജറ്റ് വിഹിതം മൂലം ക്രയവിക്രയ സാധ്യത വർധിച്ചുവെങ്കിലും, അത് റീട്ടെയിൽ വ്യാപാര മേഖലയിലെ വിപണിയിൽ കൂടി പ്രതിഫലിക്കുന്നതിന് ആവശ്യമായ നടപടികൾ ഒന്നും തന്നെയില്ല. ജി.എസ്.ടിയിൽ ഗണ്യമായ വർധനവ് ഉണ്ടായി എന്ന് പ്രഖ്യാപിച്ചപ്പോഴും, അതിന് പ്രധാന പങ്ക് വഹിച്ച റീട്ടെയിൽ വ്യാപാര മേഖലക്ക് ആശ്വാസം നൽകിയില്ല എന്ന് മാത്രമല്ല ഒരു നന്ദി പോലും പറയുവാൻ ധനമന്ത്രി തയ്യാറായില്ലെന്നും അദ്ദേഹം ആരോപിച്ചു. കാർഷിക മേഖല കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ജനവിഭാഗം പ്രത്യക്ഷമായും പരോക്ഷമായും ആശ്രയിക്കുന്ന തൊഴിൽ മേഖലയാണ് റീട്ടെയിൽ വ്യാപാര മേഖല.





# കാർഷിക മേഖലയ്ക്ക് 1.52 ലക്ഷം കോടി

## 5 സംസ്ഥാനങ്ങളിൽ കിസാൻ ക്രെഡിറ്റ് കാർഡ്

ന്യൂഡൽഹി: കാർഷിക മേഖലയ്ക്ക് ഈ സാമ്പത്തിക വർഷം 1.52 ലക്ഷം കോടി രൂപ നീക്കിവെക്കുമെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. ഇതിൽ കാർഷിക മേഖലയിൽ ഉദ്പാദനവും ഉണർവും നൽകാനുള്ള വിവിധ പദ്ധതികൾ ഉൾപ്പെടുന്നു. കാർഷിക മേഖലയുടെ വളർച്ച ലക്ഷ്യം വെച്ചുള്ള ഗവേഷണത്തിന് പ്രാധാന്യം നൽകും. സ്വകാര്യ മേഖലയെയും ഉൾപ്പെടുത്തിയായിരിക്കും പുതിയ വിളകൾ അടക്കം വികസിപ്പിക്കാനുള്ള ഗവേഷണം. മികച്ച ഉദ്പാദനം നൽകുന്ന 109 ഇനങ്ങൾ വികസിപ്പിക്കും. രണ്ടു വർഷം കൊണ്ട് രാജ്യത്തെ ഒരുകോടി കർഷകർക്ക് ജൈവ കൃഷിക്കായി സർട്ടിഫിക്കേഷനും ബ്രാൻഡിങ്ങും നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളും ഗവേഷണ സ്ഥാപനങ്ങളും വഴി അവസരമൊരുക്കും. പതിനായിരം ജൈവ കാർഷിക കേന്ദ്രങ്ങൾ സ്ഥാപിക്കും. പരിപ്പ്, എണ്ണക്കുരു എന്നിവയുടെ ഉദ്പാദനം, സംഭരണം, വിപണനം എന്നിവ കൂടുതൽ ശക്തിപ്പെടുത്തും.

പച്ചക്കറി ഉത്പാദനം വർധിപ്പിക്കുന്നതിന് ഉപഭോഗ മേഖലകളോടനുബന്ധിച്ച് വൻകിട കേന്ദ്രങ്ങൾ, കാർഷിക സംഘങ്ങൾ സഹകരണ സംഘങ്ങൾ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവയെ ഉപയോഗപ്പെടുത്തി പച്ചക്കറി വിപണനത്തിനു സൗകര്യമൊരുക്കും.

സംസ്ഥാന സർക്കാറുമായി സഹകരിച്ച് ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രെക്ചർ കൊണ്ടുവരും. ജൻസമർഥ് അടിസ്ഥാനമാക്കിയുള്ള കിസാൻ ക്രെഡിറ്റ് കാർഡ് അഞ്ച് സംസ്ഥാനങ്ങളിൽ അവതരിപ്പിക്കും. ചെമ്മീൻ ഉത്പാദനവും കയറ്റുമതിയും വർധിപ്പിക്കുന്നതിനായി വിത്ത് ഉത്പാദന കേന്ദ്രങ്ങൾ, നബാഡ് മൂലം ധനസഹായം. രണ്ട് ലക്ഷം കോടിയുടെ അഞ്ച് പദ്ധതികൾ. കാലാവസ്ഥ മാറ്റത്തെ അതിജീവിക്കുന്ന വിളകൾ വികസിപ്പിക്കാൻ പദ്ധതി. മൂന്നു വർഷത്തിനകം 400 ജില്ലകളിൽ ഡിജിറ്റൽ വിള സർവേ.



# ബജറ്റിലെ അവഗണന സംസ്ഥാനത്ത് വ്യാപക പ്രതിഷേധം



തിരുവനന്തപുരം: കേന്ദ്ര ബജറ്റിലെ കേരള അവഗണനക്കെതിരെ സംസ്ഥാനത്ത് വ്യാപക പ്രതിഷേധം. ഒറ്റ നോട്ടത്തിൽ തന്നെ സംസ്ഥാനങ്ങൾക്കിടയിൽ വിവേചനപരമായ സമീപനം കൈക്കൊള്ളുന്ന ബജറ്റാണ് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ അവതരിപ്പിച്ചതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കുറ്റപ്പെടത്തി. കേരളം പോലുള്ള സംസ്ഥാനങ്ങളുടെ മുന്നോട്ടുള്ള പ്രയാണം തടയുന്ന സമീപനമാണിതെന്നും കേരളം നിരന്തരം ഉയർത്തിയ സുപ്രധാന ആവശ്യങ്ങൾ പരിഗണിക്കാൻ തയാറാകാത്തത് ജനങ്ങളോടുള്ള വെല്ലുവിളിയാണെന്നും അദ്ദേഹം പറഞ്ഞു.

കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ നിലനിൽപ്പിന് അനിവാര്യമായ പ്രഖ്യാപനങ്ങളാണ് ബജറ്റിൽ നടത്തിയിട്ടുള്ളത്. ജി.എസ്.ടി നിലവിൽ വന്നതിനുശേഷം സംസ്ഥാനങ്ങൾക്ക് വളരെ പരിമിതമായ തനത് നികുതി അധികാരം മാത്രമേയുള്ളൂ. അതുപോലും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ കേന്ദ്രത്തിന്റെ നിബന്ധനകൾക്ക് വിധേയമാക്കാനാണ് ബജറ്റിൽ ശ്രമം നടത്തിയിരിക്കുന്നത്. ഇത് ഫെഡറൽ തത്വങ്ങൾക്ക് നിരക്കാത്തതാണെന്നും മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിന്റെ ന്യായമായ ഒരാവശ്യം പോലും അംഗീകരിക്കാൻ തയ്യാറായിട്ടില്ലെന്നും ഇത് പ്രതിഷേധാർഹമാണെന്നും ധനകാര്യമന്ത്രി കെ.എൻ ബാലഗോപാൽ പറഞ്ഞു. എൻ.ഡി.എ സഖ്യത്തിന്റെ ജീവൻ രക്ഷാ ബജറ്റെന്നുവേണം കേന്ദ്ര സർക്കാർ അവതരിപ്പിച്ച ബജറ്റിനെ വിളിക്കേണ്ടത്.സ്വന്തം മുന്നണിയുടെ താൽപര്യം സംരക്ഷിക്കാനായി ചില സംസ്ഥാനങ്ങളുടെ മാത്രം താൽപര്യങ്ങൾ സംരക്ഷിക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ രാജ്യത്തിന്റെയാകെ വിഭവങ്ങളെ ഉപയോഗിക്കുകയാണ്. ഇത്തരത്തിലൊരു ബജറ്റ് സമീപനം രാജ്യത്തിന്റെ ചരിത്രത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല. ഫെഡറലിസത്തെക്കുറിച്ച് പറയാൻ കേന്ദ്രസർക്കാരിന് ഒരർഹതയും ഇല്ലെന്ന് തെളിയിക്കുന്നതാണ് പാർലമെന്റിൽ അവതരിപ്പിച്ച ബജറ്റ്. ജനവിരുദ്ധവും നിരാശാജനകവും രാജ്യത്തിന്റെ പുരോഗതിയ്ക്ക് സഹായകരമല്ലാത്തതുമായ പ്രഖ്യാപനങ്ങളാണ് ബജറ്റിലുടനീളമുള്ളത്. അത് കേരളത്തെ വലിയ തോതിലാണ് ബാധിക്കുക. പ്രീ-ബജറ്റ് ചർച്ചയിൽ സംസ്ഥാനം 24,000 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് ആവശ്യപ്പെട്ടിരുന്നു. അത് ചെവിക്കൊള്ളാൻ പോലും കേന്ദ്ര സർക്കാർ തയ്യാറായില്ല. അവഗണനയ്ക്കെതിരെ കേരളത്തിൽ കക്ഷിരാഷ്ട്രീയ ഭേദമെന്യേ അഭിപ്രായസമന്വയമുണ്ടാകണമെന്ന് അദ്ദേഹം പറഞ്ഞു. കേന്ദ്രസർക്കാരിന്റെ ബജറ്റിൽ കേരളത്തിന് വകയിരുത്തുകയല്ല മറിച്ച് കേരളത്തെ വകവരുത്തുകയാണ് ചെയ്തതെന്ന് മന്ത്രി പി.എ മുഹമ്മദ് റിയാസ് പറഞ്ഞു. ബജറ്റ് അവതരണ വേളയിൽ കേരളം എന്ന പേരു പറയാൻ പോലും ധനമന്ത്രി തയ്യാറായില്ല. ടൂറിസം മേഖലയിൽ ഏറെ പ്രതീക്ഷയോടെയാണ് കേരളം കാത്തിരുന്നത്. ടൂറിസം മേഖലയിൽ വലിയ ചലനങ്ങൾ സൃഷ്ടിക്കുന്ന പ്രഖ്യാപനങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചിരുന്നുവെങ്കിലും അതുണ്ടായില്ലെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

## മൂലധന നേട്ട നികുതിയിലെ വർധനവ് പ്രതികൂലമാകും

കൊച്ചി: മൂലധന നേട്ട നികുതിയിലെ (ഓഹരികളും കടപത്രങ്ങളുടെയും മറ്റും വിൽപനയിലൂടെ ലഭിക്കുന്ന ലഭത്തിൻമേലുള്ള നികുതി) വർധനവ് അമ്പരപ്പിക്കുന്ന ഒരു പോരായ്മയാണെന്ന് ജിയോജിത് ഫിനാൻഷ്യൽ സർവീസസ് എക്സിക്യൂട്ടീവ് ഡയറക്ടർ സതീഷ് മേനോൻ പറഞ്ഞു. ഹ്രസ്വകാല മൂലധന നേട്ട നികുതി (എസ്ടിസിജി)യിലെ 5 ശതമാനം വർധനവ് ഹ്രസ്വകാല നിക്ഷേപകരെ സമീപഭാവിയിൽ തന്നെ പ്രതികൂലമായി ബാധിക്കും.ഇടക്കാല ബജറ്റിൽ പറഞ്ഞിരുന്ന പുരോഗമനപരമായ നടപടികളെ അടിസ്ഥാനമാക്കിയാണ് ഈ ബജറ്റിൽ പ്രതീക്ഷയർപ്പിച്ചിരുന്നത്. സർക്കാർ ചെലവുകൾ ഇടക്കാല ബജറ്റിന്റെ ലക്ഷ്യവുമായി പൊരുത്തപ്പെടുന്നതാണെന്ന് കാണാം. ധനക്കമ്മി 4.9 ശതമാനമായി ആയി കുറയ്ക്കുക എന്നതിനാണ് ഊന്നൽ നൽകിയിരിക്കുന്നത്. ഇത് 2024 സാമ്പത്തിക വർഷത്തിൽ കണക്കാക്കിയ 5.6 ശതമാനത്തേക്കാൾ വളരെ കുറവാണ്.

## രണ്ട് കേന്ദ്രമന്ത്രിമാർ; ബജറ്റിൽ 'സംപൂജ്യ കേരളം'

തിരുവനന്തപുരം: കേരളത്തിൽ ബി.ജെ.പി അക്കൗണ്ട് തുറന്ന ലോക്സഭാ തിരഞ്ഞെടുപ്പിന് ശേഷവും അവഗണന തുടർന്ന് കേന്ദ്രസർക്കാർ. കേരളത്തിൽ നിന്നും രണ്ടു കേന്ദ്രമന്ത്രിമാരുണ്ടായിട്ടും സംസ്ഥാനത്തിന്റെ ഗുണകരമാകുന്ന എടുത്തുപറയാവുന്ന പദ്ധതികളൊന്നും ഉണ്ടായില്ല. കേരളത്തിൽ എയിംസ് കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ 10 വർഷമായി തുടരുകയാണെന്നാണ് കേന്ദ്രമന്ത്രി സുരേഷ് ഗോപി കഴിഞ്ഞ ദിവസം മാധ്യമങ്ങളോട് പറഞ്ഞത്. ചില ആവശ്യങ്ങൾ കേന്ദ്രത്തിനു മുന്നിൽ വച്ചിട്ടുണ്ടെന്നും ബജറ്റ് വരട്ടെ എന്നുമായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. അതുകൊണ്ട് തന്നെ ഇനിയുള്ള സുരേഷ് ഗോപിയുടെ പ്രസ്താവന നിർണായകമാകും. ബിഹാറിനും ആന്ധ്രപ്രദേശിനും പ്രത്യേക പദ്ധതികൾ പ്രഖ്യാപിച്ച് ധനമന്ത്രി നിർമല സീതാരാമൻ ഭരിക്കാൻ വേണ്ട പിന്തുണ ഉറപ്പാക്കുമ്പോൾ കേരളത്തെ ക്ലീനായി ഒതുക്കി. ലോക്സഭയിലേക്ക് ആദ്യമായാണ് ഇത്തവണ കേരളത്തിൽ ബി.ജെ.പി അക്കൗണ്ട് തുറന്നത്. തൃശൂരിനെ 'ഏടുത്ത' സുരേഷ് ഗോപിക്ക് കേന്ദ്ര കാബിനറ്റ് മന്ത്രിപദം മലയാളി പ്രതീക്ഷിച്ചു. എന്നാൽ നൽകിയത് പെട്രോളിയം- ടൂറിസം സഹമന്ത്രി സ്ഥാനം. ഒപ്പം മലയാളിയായ ജോർജ് കുര്യനേയും മന്ത്രിയാക്കി. മൂന്നാം മോദി സർക്കാരിന്റെ ആദ്യ ബജറ്റിൽ കേരളവും തൃശൂരും പലതും പ്രതീക്ഷിച്ചു. എന്നാൽ ധനമന്ത്രിയുടെ ബജറ്റ് പ്രസംഗത്തിൽ കേരളമോ തൃശൂരോ ഒരിക്കൽ പോലും പരമാർശിക്കപ്പെട്ടില്ല. മൂന്നാം മോദി സർക്കാരിന്റെ ആദ്യ ബജറ്റ് കേരളത്തിന് കണ്ണീർ ബജറ്റാകുമ്പോൾ കേരളത്തിലെ ബിജെപി ഘടകവും ഞെട്ടലിലാണ്. സുരേഷ് ഗോപി പ്രഭാവം ബജറ്റിലുണ്ടായില്ലെന്നതാണ് യാഥാർത്ഥ്യം. തൃശൂരിൽ സുരേഷ് ഗോപി ജയിച്ചതിനൊപ്പം കേരളത്തിൽ 20 ശതമാനം വോട്ട് വിഹിതവും ലോക്സഭയിൽ ബി.ജെ.പി നേടി. തിരുവനന്തപുരത്ത് രണ്ടാമത് എത്തി. ആലപ്പുഴയിലും ആറ്റിങ്ങലിലും വീറോടെ മത്സരം കാട്ടി. വികസന വാഗ്ദാനങ്ങളിലായിരുന്നു ഇതെല്ലാം. എന്നാൽ മൂന്നാം മോദി സർക്കാരിന്റെ ആദ്യ ബജറ്റിൽ കേരളത്തിന് പരിഗണന പോലും കിട്ടിയില്ല.

## പദ്ധതികളില്ല, പാക്കേജുമില്ല

# കേരളമില്ലാത്ത ബജറ്റ്

തിരുവനന്തപുരം: പ്രത്യേക സാമ്പത്തിക പാക്കേജില്ല, ഏറെക്കാലമായി പ്രതീക്ഷിക്കുന്ന എയിംസില്ല, വിഴിഞ്ഞം തുറമുഖ വികസനത്തിന് സഹായവുമില്ല. മൂന്നാം മോദി സർക്കാറിന്റെ ആദ്യ സമ്പൂർണ ബജറ്റിൽ കേരളത്തിന് സർവത്ര നിരാശ. സംസ്ഥാനത്തു നിന്ന് രണ്ടു കേന്ദ്രമന്ത്രിമാർ ഉണ്ടായിട്ടും ഇതാദ്യമായി ലോക്സഭയിലേക്ക് ബിജെപി പ്രതിനിധിയെ തിരഞ്ഞെടുത്തയച്ചിട്ടും കേരളത്തെ സംബന്ധിച്ച് ബജറ്റ് ബാക്കിവച്ചത് നിരാശ മാത്രം. സംസ്ഥാനം നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ 2024-25 മുതൽ രണ്ടുവർഷത്തേക്ക്, 24,000 കോടി രൂപയുടെ പ്രത്യേക പാക്കേജ് ലഭ്യമാക്കാനായിരുന്നു സംസ്ഥാനത്തിന്റെ ശ്രമം. എന്നാൽ ഇത് പരിഗണിക്കപ്പെട്ടതേയില്ല. 2022-23, 2023-24 വർഷങ്ങളിൽ സംസ്ഥാനത്തിന്റെ കടമെടുക്കൽ പരിധി വെട്ടിക്കുറച്ചതിലൂടെ വന്ന കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു 24,000 കോടി എന്ന തുകയിലേക്ക് എത്തിച്ചേർന്നതെന്ന് നേരത്തെ ധനമന്ത്രി കെ.എൻ. വേണുഗോപാൽ വ്യക്തമാക്കിയിരുന്നു. വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് പ്രത്യേക സഹായമായി 5,000 കോടി രൂപയും കേരളം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇതും ലഭ്യമായില്ല. ദേശീയപാതാ വികസനത്തിന് വായ്പയെടുത്ത വകയിലെ തുകയ്ക്ക് പകരമായി 6,000 കോടിരൂപ നടപ്പു സാമ്പത്തിക വർഷത്തിൽ നിരുപാധിക വായ്പ എടുക്കാനുള്ള അനുമതിയും തേടിയിരുന്നു. അതും അനുവദിച്ചില്ല. സിൽവർ ലൈൻ, അർധ അതിവേഗ റെയിൽവേ പ്രോജക്ടിന് വേഗത്തിൽ അനുമതി നൽകണമെന്ന ആവശ്യവും കേരളം ഉന്നയിച്ചിരുന്നു. എന്നാൽ അതും നടപ്പായില്ല. തലശ്ശേരി-മൈസൂരു, നിലമ്പൂർ-നഞ്ചൻഗുഡ് റെയിൽപാതകൾക്കായുള്ള സർവേകളും ഡി.പി.ആർ. തയ്യാറാക്കൽ തുടങ്ങിയ ആവശ്യങ്ങളും സംസ്ഥാനം ഉന്നയിച്ചിരുന്നുവെങ്കിലും ലഭിച്ചില്ല. കൂടുതൽ എക്സ്പ്രസ്, പാസഞ്ചർ ട്രെയിനുകളും കേരളം ആവശ്യപ്പെട്ടിരുന്നു. സംസ്ഥാനത്തിന്റെ ദീർഘകാല ആവശ്യമായ എയിംസ് ഇക്കുറിയും പരിഗണിക്കപ്പെട്ടില്ല. തൃശ്ശൂർ എം.പിയും കേന്ദ്രമന്ത്രിയുമായ സുരേഷ് ഗോപി, സംസ്ഥാനത്ത് എയിംസ് വരുമെന്ന തരത്തിൽ പലകുറി പ്രസ്താവനകൾ നടത്തിയിരുന്നു. എന്നാൽ ഇത്തവണയും എയിംസിൽ കേരളത്തിന് നിരാശ മാത്രം ബാക്കിയായി.

## ഒരു ചെമ്പ് പോലും കിട്ടിയില്ല, സുരേഷ് ഗോപിക്കെതിരെ ട്രോൾ



തിരുവനന്തപുരം: കേന്ദ്ര ബജറ്റിന് പിന്നാലെ സുരേഷ് ഗോപിക്ക് ട്രോളർമാരുടെ പൊങ്കാല. തൃശൂർ എടുത്ത സുരേഷ് ഗോപിക്ക് കേരളമെന്നോ തൃശൂരെന്നോ ബജറ്റിൽ പരാമർശിക്കാൻ പോലും കഴിഞ്ഞില്ലെന്നാണ് വിമർശനം.

'ഞാൻ എടുത്ത തൃശൂരിനെ നെറ്റിപ്പട്ടം കെട്ടി തിടമ്പേറ്റി എഴുന്നള്ളും' എന്ന സുരേഷ് ഗോപിയുടെ വാക്കുകളാണ് ട്രോളർമാർ കൊട്ടിഘോഷിക്കുന്നത്. സോഷ്യൽ മീഡിയയിലുടനീളം സുരേഷ്ഗോപിക്കെതിരായ പരിഹാസം കൊണ്ട് നിറയുകയാണ്. കേരളത്തിൽ ഒട്ടും പ്രതീക്ഷയില്ലാതിരുന്ന എംയിസ് ഏതാണ്ട് കിട്ടിയെന്ന മട്ടിലായിരുന്നു അദ്ദേഹത്തിന്റെ കഴിഞ്ഞ ദിവസത്തെ പ്രതികരണം. തൃശൂർ എടുത്തപ്പോൾ കേരളം തോറ്റു, അടിമയായി തുടരുക, ഒരു ചെമ്പ് പോലും കിട്ടിയില്ല, തൃശൂർക്കാർക്കിത് വേണം എന്നിങ്ങനെ നീളുന്നും ട്രോളുകൾ. കേരളത്തെ പൂർണമായി അവഗണിച്ച ബജറ്റിനോട് സുരേഷ് ഗോപിയുടെ പ്രതികരണം കാത്തിരിക്കുകയാണ് കേരളം.

## ആദായ നികുതി പരിധി ഉയർത്തിയില്ല





### പുതിയ സ്കീമിൽ പരിഷ്കരണം സ്റ്റാന്റേർഡ് ഡിഡക്ഷൻ 50,000ത്തിൽ നിന്ന് 75,000 ആക്കി

ന്യൂഡൽഹി: ധനമന്ത്രി നിർമ്മലാ സീതാരാമൻ ഇന്നലെ പാർലമെന്റിൽ അവതരിപ്പിച്ച കേന്ദ്ര ബജറ്റിൽ സാധാരണക്കാന് നേരിട്ട് ആശ്വാസം പകരുന്ന ഏക നിർദേശമാണ് ആദായ നികുതി പുതിയ സ്കീമിൽ വരുത്തിയ പരിഷ്കരണം. ആദായ നികുതി പരിധി ഉയർത്താൻ തയ്യാറായില്ലെങ്കിലും സ്റ്റാന്റേർഡ് ഡിഡക്ഷൻ 50,000ത്തിൽ നിന്ന് 75,000 ആക്കി ഉയർത്തിയത് നേരിയ ആശ്വാസമാകും. ശമ്പള വരുമാനക്കാർക്ക് പ്രതിവർഷം 17,500 രൂപ വരെ ഇതുവഴി മിച്ചം ലഭിക്കുമെന്നാണ് ധനമന്ത്രിയുടെ വാദം. അതേസമയം പഴയ സ്കീമിൽ തുടരുന്നവർക്ക് ഈ ആനുകൂല്യം ലഭിക്കില്ല. അദായ നികുതി കണക്കാക്കുമ്പോൾ മൊത്തം വരുമാനത്തിൽ നിന്ന് കിഴിവ് നൽകുന്ന തുകയാണ് സ്റ്റാന്റേർഡ് ഡിഡക്ഷൻ. ഇതിനു പുറമെ പെൻഷൻകാർക്ക് ഫാമിലി പെൻഷനുള്ള അധിക ഡിഡക്ഷൻ 15,000ത്തിൽ നിന്ന് 25,000 രൂപയായി ഉയർത്തിയിട്ടുണ്ട്. പുതിയ സ്കീമിലെ നികുതി ഘടനയും പരിഷ്കരിച്ചിട്ടുണ്ട്. പുതിയ നികുതി ഘടന ഇങ്ങനെ (ബ്രാക്കറ്റിൽ മുൻ വർഷത്തെ ഘടന):

| | |
|---|---|
| 0-3 ലക്ഷം ഇല്ല | (മാറ്റമില്ല) |
| 3-7 ലക്ഷം 5 | ശതമാനം(3-6 ലക്ഷം) |
| 7-10 ലക്ഷം 10 | ശതമാനം(6-9 ലക്ഷം) |
| 10-12 ലക്ഷം | 15 ശതമാനം(9-12 ലക്ഷം) |
| 12-15 ലക്ഷം 20 | ശതമാനം(മാറ്റമില്ല) |
| 15 ലക്ഷത്തിനു മുകളിൽ 30 | ശതമാനം(മാറ്റമില്ല). |

## ആരോഗ്യ, ടൂറിസം മേഖലക്ക് ഊന്നൽ നൽകാത്ത ബജറ്റ്

കൊച്ചി: കേന്ദ്ര ബജറ്റിൽ ആരോഗ്യ സംരക്ഷണ മേഖലക്ക് ഇത്തവണ വലിയ ഊന്നൽ നൽകിയെന്ന് തോന്നുന്നില്ലെന്ന് ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ സ്ഥാപക ചെയർമാൻ ഡോ.ആസാദ് മൂപ്പൻ പറഞ്ഞു. ഈ മേഖലക്കുള്ള ബജറ്റ് വിഹിതമായ 89,287 കോടി രൂപ, കഴിഞ്ഞ ബജറ്റുമായി താരതമ്യം ചെയ്യുമ്പോൾ 12.5% വർധന കാണിക്കുന്നത് പ്രതീക്ഷ നൽകുന്നു. എക്സ്റേ മെഷീൻ ഉൽപ്പാദനത്തിനായുള്ള എക്സ്റേ ട്യൂബുകളുടെയും ഫ്ളാറ്റ് പാനൽ ഡിറ്റക്ടറുകളുടെയും കസ്റ്റംസ് തീരുവയിൽ നിർദ്ദേശിച്ചിട്ടുള്ള ഇളവ്, മൂന്ന് കാൻസർ മരുന്നുകളെ കസ്റ്റംസ് ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കിയത് തുടങ്ങിയവ രാജ്യവ്യാപകമായി കാൻസർ രോഗികൾക്ക് വലിയ ആശ്വാസം നൽകുന്നതാണെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്തെ ജിഡിപി രംഗത്ത് നേട്ടമുണ്ടാക്കുന്ന ടൂറിസം, ഹോസ്പിറ്റാലിറ്റി വ്യവസായത്തിന് കൂടുതൽ പ്രോത്സാഹനം ബഡ്ജറ്റിൽ ആവശ്യമാണെന്ന് യുവ പ്രവാസി വ്യവസായിയും, ലുലു ഫിനാൻഷ്യൽ ഹോൾഡിങ്സ് എംഡിയുമായ അദീബ് അഹമ്മദ് പറഞ്ഞു. ഇന്ത്യയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ പ്രധാന പങ്കുവഹിക്കുന്നത് ടൂറിസത്തിലൂടെയാണ്. ഹോസ്പിറ്റാലിറ്റി വ്യവസായത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും ബഡ്ജറ്റ് പരിഗണിക്കപ്പെടുമെന്ന് പ്രത്യാശിക്കുന്നതായും അദീബ് അഹമ്മദ് പറഞ്ഞു. ചെമ്മീൻ കൃഷി, സംസ്കരണം, കയറ്റുമതി എന്നിവയ്ക്കായി തുക വർധിപ്പിച്ചത് അഭിനന്ദനാർഹമാണെങ്കിലും സമുദ്ര ഭക്ഷ്യോത്പന്ന മേഖലയിലെ യഥാർത്ഥ ആശങ്കകൾ ഇതുവരെ പരിഹരിക്കപ്പെട്ടിട്ടില്ലെന്ന് ഫിക്കി കേരള സ്റ്റേറ്റ് കൗൺസിൽ ചെയർമാൻ ഡോ.എം.ഐ സഹദുള്ള ചൂണ്ടിക്കാട്ടി. മെഡിക്കൽ മൂല്യമുള്ള യാത്രകൾ മെച്ചപ്പെടുത്തുന്നതിന് തുക വകയിരുത്തിയിട്ടില്ല. ആരോഗ്യ സംരക്ഷണത്തിൽ സ്റ്റാൻഡേർഡൈസേഷന്റെയും ഇഎസ്ജിയുടെയും അഭാവവും തിരിച്ചടിയാണ്. ഈ ബജറ്റ് ആറുമാസം മാത്രമേ ഉൾക്കൊള്ളുന്നുള്ളൂവെന്നും, വരുന്ന വർഷത്തെ ബജറ്റിൽ ഈ പ്രശ്നങ്ങൾ പൂർണമായും പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും എം.ഐ സഹദുള്ള പറഞ്ഞു.



# ലാസ്റ്റ് അപ്പിയറൻസ്

## ഇരട്ട സ്വർണം നേടിയ താരം

പാരീസ്:ആന്ദ്രെ മുറെക്ക് പ്രായം 37. രാജ്യാന്തര ടെന്നിസിൽ ബ്രിട്ടന്റെ വിലാസമായ കളിക്കാരൻ. ഈയിടെ അവസാനിച്ച വിംബിൾഡൺ ടെന്നിസോടെ മുഖ്യധാരയിൽ നിന്നും പിൻവാങ്ങുമെന്ന് പ്രഖ്യാപിച്ച മുറെ പാരീസിൽ എത്തിയിരിക്കുന്നു. അവസാന ഒളിംപിക്സ് കളിക്കാൻ മാത്രമല്ല ഇനി മൽസര രംഗത്തില്ല എന്ന പ്രഖ്യാപനവും നടത്താനാണ്. പാരീസിൽ എത്തിയിരിക്കുന്നത് എന്റെ കരിയറിലെ അവസാന ചാമ്പ്യൻഷിപ്പിൽ കളിക്കനാണ്. ബ്രിട്ടിഷ് സംഘത്തിൽ കളിച്ച് മതിയാക്കുക എന്ന സ്വപ്നമാണ് നിറവേറാൻ പോവുന്നത്. അടുത്ത രണ്ടാഴ്ച്ചക്കാലം എന്റെ കരിയറിലെ നിർണായക ദിവസങ്ങളാവും. സ്ക്കോട്ട്ലൻഡുകാരനായ മുറെ 2008 ലെ ബെയ്ജിംഗ് ഒളിംപിക്സ് മുതൽ ഒളിംപിക്സ് അറീനയിലുണ്ട്. എന്നാൽ അന്ന് ആദ്യ റൗണ്ടിൽ തന്നെ ചൈനയുടെ ലു യെൻ സമിനോട് തോറ്റു പുറത്തായി. എന്നാൽ നാല് വർഷത്തിന് ശേഷം സ്വന്തം തട്ടകമായ ലണ്ടനിൽ നടന്ന ഒളിംപിക്സിൽ സൂപ്പർ താരം റോജർ ഫെഡ്ററെ കീഴ്പ്പെടുത്തി സ്വർണം സ്വന്തമാക്കിയിരുന്നു. 2016 ലെ റിയോ ഒളിംപിക്സിലും ഈ നേട്ടം ഫെഡ്ററർ ആവർത്തിച്ചു.

## ഇനിയില്ല



പാരീസ്:അതിവേഗ വനിതാ അത്ലറ്റുകളുടെ പട്ടിക നോക്കുക. തിളങ്ങിനിൽക്കുന്ന പേര് ഷെല്ലി ആൻ ഫ്രേസർ പ്രൈസ് എന്ന ജമൈക്കക്കാരിയുടേതാവും. പാരീസ് ട്രാക്കിനെ തീപിടിപ്പിക്കാനും അവരുണ്ടാവും- അവസാന ഒളിംപിക്സിലും ഒന്നാം സ്ഥാനം നേടാൻ. ഷെല്ലിയുടെ കരിയറിൽ പതിമൂന്ന് ആഗോള കിരീടങ്ങളുണ്ട്. അതിൽ രണ്ട് ഒളിംപിക് സ്വർണങ്ങളും മൂന്ന് ലോക ചാമ്പ്യൻഷിപ്പ് ഒന്നാം സ്ഥാനങ്ങളും. 37-ാം വയസിലാണ് തന്റെ തുടർച്ചയായ അഞ്ചാമത് ഒളിംപിക്സിന് ഷെല്ലി എത്തുന്നത്. പതിവിലെന്ന പോലെ വെല്ലുവിളി കാര്യമായുണ്ടാവും. നിലവിലെ ലോക ജേത്രി ഷക്കാരി റിച്ചാർഡ്സൺ, 200 മീറ്ററിലെ ലോക ജേത്രി ഷെറീക്ക ജാക്സൺ എന്നിവരിൽ നിന്നാവും വലിയ വെല്ലുവിളി. സ്വന്തം നാട്ടിൽ നിന്നുള്ള എലേന തോംസൺ ഹെറാ പരുക്ക് കാരണം ഇത്തവണ കളത്തിൽ ഇല്ല. പാരീസിൽ സ്വർണം സ്വന്തമാക്കി വിരമിക്കാനാണ് താൻ ആഗ്രഹിക്കുന്നതെന്ന് ഷെല്ലി പറഞ്ഞു.

# ചന്ദ്രിക സ്പോർട്സ്



*ഫ്രഞ്ച് ജനതയുടെ കാത്തിരിപ്പാണ് അവസാനിക്കുന്നത്. ഒളിംപിക്സിലേക്ക് എല്ലാവർക്കും സ്വാഗതം. ലോകമാണ് ഫ്രാൻസിലേക്ക് വരുന്നത്. പുതിയ വേഗവും ദൂരവും ഉയരവും കണ്ടെത്താൻ. അവരെ വരവേൽക്കുന്നതിൽ രാജ്യത്തിന്റെ പ്രസിഡണ്ട് എന്ന നിലയിൽ അഭിമാനം. മൂന്നാം തവണയാണ് എന്റെ നഗരം ആഗോള കായിക മാമാങ്കത്തിന് ആതിഥേയത്വം വഹിക്കുന്നത്. ഇത്തവണ അതിൽ വലിയ പങ്ക് വഹിക്കാനാവുന്നു എന്നത് നിറഞ്ഞ സന്തോഷമാണ്*

**–ഇമാനുവൽ മക്രോൺ**

www.chandrikadaily.com

**BREAKING** രാഹുൽ ദ്രാവിഡ് ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ സഞ്ജു നയിക്കുന്ന രാജസ്ഥാൻ റോയൽസിന്റെ മുഖ്യപരിശീലകനാവും



### ഇന്ന്

ഏഷ്യാ കപ്പ്
വനിതാ ടി-20
ബംഗ്ലാദേശ്-മലേഷ്യ
(ഉച്ചക്ക് 2-00)
സ്റ്റാർ സ്പോർട്സ് ലൈവ്

പാരീസ് ഒളിംപിക്സ്
ഫുട്ബോൾ
അർജൻറീന-
മൊറോക്കോ.
സ്പെയിൻ-
ഉസ്ബെക്കിസ്താൻ
വൈകീട്ട് 6-30 മുതൽ
സ്പോർട്സ്-18

### ഇന്ത്യക്ക് മൂന്നാം ജയം

ദാംബുള്ള: വനിതകളുടെ ഏഷ്യകപ്പ് ക്രിക്കറ്റിൽ നേപ്പാളിനെ 82 റൺസിന് തോൽപിച്ച് മൂന്നാം ജയത്തോടെ ഇന്ത്യ സെമിയിൽ പ്രവേശിച്ചു. ഇന്ത്യ മുന്നോട്ടു വെച്ച മൂന്നിന് 178 പിന്തുടർന്ന നേപ്പാൾ 9ന് 96 എടുക്കാനായുള്ളൂ.

ഒളിംപിക്സിന് ഇനി രണ്ട് നാൾ മാത്രം ബാക്കി. ഫുട്ബോൾ മൽസരങ്ങളോടെ ഇന്ന് വേദികൾ ഉണരും. ഇന്ത്യയിൽ നിന്ന് ഇത്തവണ 117 അത്ലറ്റുകൾ. മൂന്ന് വർഷം മുമ്പ് ജപ്പാൻ ആസ്ഥാനമായ ടോക്കിയോവിൽ കോവിഡ് ബഹളത്തിനിടെ നടന്ന ഒളിംപിക്സിൽ ഇന്ത്യ സ്വന്തമാക്കിയത് ഒരു സ്വർണം ഉൾപ്പെടെ ഏഴ് മെഡലുകൾ. ഇത്തവണ അതിലും വലിയ നേട്ടമാണ് ഇന്ത്യൻ ഒളിംപിക് അസോസിയേഷൻ വാഗ്ദാനം ചെയ്യുന്നത്. ഒളിംപിക്സ് മെഡൽ വേട്ടയിൽ അനുഭവ സമ്പന്നരാണ് നീരജ് ചോപ്ര, പി.വി സിന്ധു, മിരാഭായി ചാനു തുടങ്ങിയവർ. ഈ മൂന്ന് പേരും ടോക്കിയോ നേട്ടം ആവർത്തിക്കാൻ ഒരുങ്ങുമ്പോൾ ഒളിംപിക്സിലെ കന്നിക്കാരായ നികാത് സരിൻ, ആന്റിം പങ്കൽ, സിഫ്റ്റ് കൗർ സംറ തുടങ്ങിയവരെല്ലാം മെഡൽ സ്വപ്നം കാണുന്നവരാണ്. മിക്ക ഇനങ്ങളിലും ഇന്ത്യക്ക് വെല്ലുവിളി ചൈനയാണ്. ഷൂട്ടിംഗിലും ഗുസ്തിയിലും ബോക്സിംഗിലുമെല്ലാം വെല്ലുവിളി ചൈനക്കാർ.

PARIS 2024

**ഇനി 02 നാൾ**

# ചൈനീസ് പാര

■ കമാൽ വരദൂർ

ഒളിംപിക്സ് എന്നത് വലിയ വേദിയായതിനാൽ നീരജ് ചോപ്രക്ക് കാര്യമായ വെല്ലുവിളിയുണ്ടാവുമെന്നാണ് കരുതപ്പെടുന്നത്. ലോകത്തെ ഏറ്റവും മികച്ച കായിക താരങ്ങളാണ് പാരീസിൽ ഇന്ത്യൻ താരത്തിന് വെല്ലുവിളി ഉയർത്തുന്നത്. ചെക്കിയ താരം യാക്കൂബ് വാഡ്ലെച്ച്, പാക്കിസ്താന്റെ അർഷാദ് നദീം എന്നിവരിൽ നിന്നാവും കാര്യമായ വെല്ലുവിളി. സമീപ വർഷങ്ങളിൽ ജാവലിൻ രംഗത്ത് സ്ഥിരത പ്രകടിപ്പിക്കുന്നവർ ഈ മൂന്ന് പേരാണ്. യാക്കൂബിനായിരുന്നു ടോക്കിയോ ഒളിംപിക്സിൽ വെള്ളി മെഡൽ. ഈയിടെ ഖത്തർ ആസ്ഥാനമായ ദോഹയിൽ നടന്ന ദോഹ ഡയമണ്ട് ലീഗിൽ യാക്കുബ് നീരജിനെ പരാജയപ്പെടുത്തി ഒന്നാം സ്ഥാനത്ത് വന്നിരുന്നു. ഒളിംപിക്സിന് മുന്നോടിയായി നടന്ന യൂറോപ്യൻ അത്ലറ്റിക് ചാമ്പ്യൻഷിപ്പിലും അദ്ദേഹം മെച്ചപ്പെട്ട പ്രകടനത്തിൽ ഒന്നാമനായിരുന്നു. നദീമാവട്ടെ ലോക ചാമ്പ്യൻഷിപ്പിൽ നീരജിന് പിറകിൽ രണ്ടാമനായിരുന്നു. യാക്കുബിനോളം സ്ഥിരത പുലർത്തുന്നില്ല പാക് താരം. എങ്കിലും സ്വന്തം ദിവസങ്ങളിൽ കരുത്ത് പ്രകടിപ്പിക്കാൻ അദ്ദേഹത്തിനാവുന്നു. 90 മീറ്റർ എന്ന റെക്കോർഡ് ദൂരം കരിയറിൽ ഒരു തവണ പിന്നിട്ടതും നദീമിന് ആത്മവിശ്വാസം നൽകുന്ന കാര്യമാണ്.



*പാരീസിൽ ഇന്ത്യ സ്വർണം പ്രതീക്ഷിക്കുന്നത് പുരുഷന്മാരുടെ ജാവലിൻ ത്രോയിൽ നിന്നാണ്. മൂന്ന് വർഷം മുമ്പ് ടോക്കിയോവിൽ നടന്ന ഒളിംപിക്സിൽ സ്വർണം സ്വന്തമാക്കുകയും ബുദാപേസ്റ്റിൽ നടന്ന ലോക ചാമ്പ്യൻഷിപ്പിൽ നേട്ടം ആവർത്തിക്കുകയും ചെയ്ത നീരജ് ചോപ്രയിൽ നിന്നും ഒന്നാം സ്ഥാനത്തിൽ കുറഞ്ഞതൊന്നും രാജ്യം പ്രതീക്ഷിക്കുന്നില്ല. ഇതാദ്യമായാണ് ഒരു ഇനത്തിൽ ഇന്ത്യൻ താരം ഒളിംപിക്സിലും ഒപ്പം ലോക ചാമ്പ്യൻഷിപ്പിലും ഒന്നാമനായി നിൽക്കുന്നത്. ചെക്ക് റിപ്പബ്ലിക്കിന്റെ യാക്കുബ് വെൽഡിച്ച്, പാക്കിസ്താന്റെ അർഷാദ് നദീം എന്നിവരിൽ നിന്നാണ് നീരജ് വെല്ലുവിളി പ്രതീക്ഷിക്കുന്നത്. മൂന്ന് പേർക്കുമായിരുന്നു ലോക ചാമ്പ്യൻഷിപ്പിലെ ആദ്യ മൂന്ന് സ്ഥാനങ്ങൾ. ചിത്രത്തിൽ മൂന്ന് പേരും ബുദാപേസ്റ്റിലെ നേട്ടത്തിന് ശേഷം*

## ഷൂട്ടിംഗിൽ സാംറ

ഷൂട്ടിംഗ് ഇന്ത്യക്ക് മെഗാ വേദികളിൽ മെഡൽ ഖനിയാണ്. പാരീസിലേക്ക് 22 ഷൂട്ടർമാരാണ് എത്തിയിരിക്കുന്നത്. എല്ലാ ഇനങ്ങളിലും ഇന്ത്യൻ താരങ്ങൾ മൽസരിക്കുന്നു. ഇവരിൽ വലിയ പ്രതീക്ഷ 22-കാരിയായ സിഫ്റ്റ് കൗർ സാംറയാണ്. 50 മീറ്റർ റൈഫിൾ-3 പൊസിഷനിൽ കഴിഞ്ഞ ഏഷ്യൻ ഗെയിംസിൽ സ്വർണം സ്വന്തമാക്കിയ താരം. ആഭ്യന്തര രംഗത്ത് കരുത്തുറ്റ പ്രകടനം നടത്തിയ താരം. ഈ വർഷം മ്യൂണിച്ചിൽ നടന്ന ലോക ചാമ്പ്യൻഷിപ്പിൽ വെങ്കലം നേടിയ താരം. ചൈനക്കാരായ ഹാൻ ജിയാവു, ഷാംഗ് കിയോൻഗി എന്നിവരാണ് സാംറക്ക് വെല്ലുവിളി. ചൈനക്കാരായ രണ്ട് പേരും ലോക ചാമ്പ്യൻഷിപ്പിൽ മെഡലുകൾ സ്വന്തമാക്കിയവരാണ്. ബ്രിട്ടന്റെ സിയോനദ് മകിൻരാഷാണ് മറ്റൊരു വെല്ലുവിളി.

## ഹോക്കിയിൽ വെല്ലുവിളി

പുരുഷ ഹോക്കിയിൽ ഇന്ത്യ നിലവിൽ മൂന്നാം സ്ഥാനക്കാരാണ്. ടോക്കിയോവിൽ ജർമനിയെ തോൽപ്പിച്ച് സ്വന്തമാക്കിയ മൂന്നാം സ്ഥാനം നിലനിർത്തുക എന്നത് പാരീസിൽ ഇന്ത്യക്ക് വെല്ലുവിളിയാണ്. ഇത്തവണ ഗ്രൂപ്പ് ഘട്ടത്തിൽ ഇന്ത്യക്ക് കാര്യമായ വെല്ലുവിളി ഓസ്ട്രേലിയക്കാരാണ്. ആറ് ടീമുകൾ മൽസരിക്കുന്ന ഗ്രൂപ്പിൽ നിന്നും ആദ്യ നാല് സ്ഥാനക്കാർ ക്വാർട്ടർ ബെർത്ത് സ്വന്തമാക്കുമ്പോഴും ഗ്രൂപ്പിൽ ആദ്യ സ്ഥാനങ്ങളിൽ വരാൻ കഴിയാത്തപക്ഷം ക്വാർട്ടറിൽ വലിയ പ്രതിയോഗികളുമായി കളിക്കേണ്ടി വരും. പാരിസിൽ ന്യൂസിലൻഡുമായാണ് ഇന്ത്യയുടെ ആദ്യ മൽസരം. അതിൽ ജയിച്ചു കയറാനാവും. പക്ഷേ രണ്ടാം മൽസരത്തിൽ റിയോ ഒളിംപിക്സിലെ സ്വർണ ജേതാക്കളായ അർജൻറീനയാണ് പ്രതിയോഗികൾ. സമീപകാല രാജ്യാന്തര ഹോക്കിയിൽ അർജൻറീനക്ക് മെച്ചപ്പെട്ട റെക്കോർഡില്ല എന്നത് ഇന്ത്യക്ക് ആശ്വാസമാണ്. ജൂലൈ 30 ന് ഇന്ത്യ മൂന്നാം മൽസരത്തിൽ അയർലൻഡുമായി കളിക്കും. ഈ മൽസരത്തിലും ആശങ്കപ്പെടാനില്ല. ഓഗസ്റ്റ് ഒന്നിന് നടക്കുന്ന മൽസരത്തിൽ ഇന്ത്യ ബെൽജിയവുമായാണ് കളിക്കുന്നത്. ടോക്കിയോവിൽ സ്വർണം സ്വന്തമാക്കിയവരാണ് ബെൽജിയം. അടുത്ത ദിവസം തന്നെ ഓസ്ട്രേലിയ എന്ന പ്രതിയോഗികൾ. അതായത് ഓഗസ്റ്റ് 1,2 തിയ്യതികൾ ഇന്ത്യൻ ഹോക്കിയെ സംബന്ധിച്ച് വെല്ലുവിളി നിറഞ്ഞതാണ്.



*ഷൂട്ടിംഗിൽ ഇത്തവണ പാരീസിൽ ഇന്ത്യയെ പ്രതിനിധീകരിക്കുന്നത് 22 അംഗ വൻ സംഘമാണ്. ഇവരിൽ വ്യക്തമായ മെഡൽ സാധ്യതയുള്ള താരമാണ് 22-കാരിയായ സിഫ്റ്റ് കൗർ സാംറ. 50 മീറ്റർ റൈഫിൾ-3 പൊസിഷനിൽ കഴിഞ്ഞ ഏഷ്യൻ ഗെയിംസിൽ സ്വർണം സ്വന്തമാക്കിയ താരം. ചൈനീസ് പ്രതിയോഗികളാണ് സാംറക്കും വെല്ലുവിളി.*

## നികാത് മെഡലാണ്

ഇന്ത്യൻ വനിതാ ബോക്സിംഗിലെ മിന്നും താരം മേരി കോമാണ്. ഒളിംപിക്സ് ബോക്സിംഗിൽ ആദ്യമായി മെഡൽ സ്വന്തമാക്കിയ താരം. എന്നാൽ വർത്തമാനകാല ഇന്ത്യൻ വനിതാ ബോക്സിംഗ് എന്നാൽ അത് നികാത് സരിനാണ്. പാരിസിലേത് നികാതിന്റെ കന്നി ഒളിംപിക്സ്. പക്ഷേ അതിന് മുമ്പ് തന്നെ രണ്ട് തവണ ലോകപ്പട്ടം സ്വന്തമാക്കി ഇന്ത്യൻ യുവതാരം. പാരീസിൽ തുർക്കിയേയിൽ നിന്നുള്ള ബുസേനാസ് സാഗിറോഗ്ലുവായിരിക്കും പ്രധാന പ്രതിയോഗി. പാരീസ് ഒളിംപിക്സ് ഒരുക്കത്തിന്റെ ഭാഗമായി നികാത് തുർക്കിയേയിൽ തന്നെ പോയിരുന്നു. അവിടെ നിന്ന് സംസാരിച്ചപ്പോൾ ബുസ്നാസ് തന്നെയാവും പാരീസിൽ വലിയ വെല്ലുവിളിയെന്നും അവർ സമ്മതിച്ചിരുന്നു. 2022 ൽ നടന്ന ഒരു ചാമ്പ്യൻഷിപ്പിൽ തുർക്കി താരത്തെ പരാജയപ്പെടുത്തിയിരുന്നു നികാത്. ടോക്കിയോ ഒളിംപിക്സിൽ വെള്ളി മെഡൽ ജേതാവായ തുർക്കിക്കാരി പാരീസിൽ സീഡ് ചെയ്യപ്പെട്ട താരമാണെങ്കിൽ നികാതിന് സീഡിംഗ് ഇല്ല.



*ഇന്ത്യൻ വനിതാ ബോക്സിംഗ് മേരി കോമിൽ തുടങ്ങി ഇപ്പോൾ നികാത് സരിനിലാണ് എത്തി നിൽക്കുന്നത്. വയസ് കേവലം 16. മേരി ഉൾപ്പെടെയുള്ളവരെയെല്ലാം തോൽപ്പിച്ചാണ് നികാത് കരിയർ തുടങ്ങിയത്. ഇപ്പോൾ ഈ വിഭാഗത്തിൽ ലോക ജേതാവ്. പാരിസിലേത് കന്നി ഒളിംപിക്സ്. ഈ വേദിയിൽ തന്നെ ലോകത്തോളം ഉയരാനാണ് കൗമാരക്കാരി ആഗ്രഹിക്കുന്നത്.*

## വിനേഷ് പ്രതികാരത്തിന്

ഇന്ത്യൻ വനിതാ ഗുസ്തിയില വിഖ്യാത താരമാണ് വിനേഷ് പോഗാട്ട്. ഇന്ത്യൻ ഗുസ്തിയെ ദീർഘകാലം നയിച്ച ബ്രിജ് ഭൂഷൺ സിംഗിനെതിരെ ധൈര്യസമേതം രംഗത്ത് വന്ന താരം. പീഡന കേസിൽ പ്രതിയായിട്ടും ബ്രിജ്ഭൂഷൺ സിംഗിനെ പോലുള്ളവർ തന്നെ ഗുസ്തിയെ നയിക്കുന്ന ദയനീയ കാഴ്ച്ചയിൽ സാക്ഷി മാലിക്കിനൊപ്പം ചേർന്ന് ദീർഘകാല സമരം നടത്തിയ വിനേഷിന് പക്ഷേ ഇത് വരെ ഒരു ഒളിംപിക്സ് മെഡൽ ഇല്ല. കരിയർ അവസാനിക്കുന്നതിന് മുമ്പ് തന്നെ ഒരു ഒളിംപിക്സ് മെഡൽ എന്നതാണ് വിനേഷിന്റെ മോഹം. നികാതിനെ പോലെ വിനേഷിനും സീഡിംഗ് ഇല്ല. അതിനാൽ തുടക്കം മുതൽ കാര്യമായ വെല്ലുവിളിയുണ്ടാവും. ജപ്പാന്റെ യുവി സുസാക്കിയാണ് വിനേഷിന് കാര്യമായ വെല്ലുവിളി. നാല് തവണ ലോകപ്പട്ടം നേടിയ താരം. ടോക്കിയോ ഒളിംപിക്സിൽ സുസാക്കി സ്വർണം സ്വന്തമാക്കിയത് പ്രതിയോഗികൾക്ക് ഒരു പോയിന്റ് പോലും നൽകാതെയാണ്. 2015 മുതൽ സുസാക്കിയുടെ കരിയർ നോക്കിയാൽ ആകെ തോൽവി മൂന്ന് തവണ മാത്രമാണ്. ആ മൂന്ന് തോൽവികളും സ്വന്തം നാട്ടുകാരി യുകി ഇറിക്ക് മുന്നിലായിരുന്നു.

## സിന്ധുവിന് എളുപ്പമല്ല

ഇന്ത്യൻ ബാഡ്മിന്റണിലെ സൂപ്പർ താരം പി.വി സിന്ധു പാരീസിൽ ചരിത്രം കുറിക്കാനാണ് എത്തുന്നത്. 2016 ൽ ബ്രസീലിയൻ നഗരമായ റിയോയിൽ നടന്ന ഒളിംപിക്സിൽ വെള്ളി മെഡൽ നേടിയ ഹൈദരാബാദുകാരി ടോക്കിയോവിൽ മൂന്നാം സ്ഥാനവും നേടയിരുന്നു. തുടർച്ചയായി രണ്ട് ഒളിംപിക്സുകളിൽ മെഡൽ സ്വന്തമാക്കിയ താരത്തിന് പാരീസിലും ആ നേട്ടം ആവർത്തിക്കാനായാൽ ഇന്ത്യൻ കായിക ചരിത്രത്തിൽ അത് സമാനതകളില്ലാത്ത ചരിത്രമാവും. തുടർച്ചയായി മൂന്ന് ഒളിംപിക്സുകളിൽ മെഡൽ എന്ന സിന്ധുവിന്റെ സ്വപ്നത്തിന് ഭീഷണിയായി തുടക്കത്തിൽ തന്നെ ചൈനയിൽ നിന്നുള്ള ലോക രണ്ടാം നമ്പർ താരം ചെൻ യുഫേയുണ്ട്. തുടക്കത്തിൽ സിന്ധുവിന് വെല്ലുവിളിയില്ല. ലോക റാങ്കിംഗിൽ 75 ൽ നിൽക്കുന്ന എസ്റ്റോണിയയുടെ ക്രിസ്റ്റിൻ കൂബ, റാങ്കിംഗിൽ 111 ൽ നിൽക്കുന്ന ഫാത്തിമാ നാബാ അബ്ദുൾ റസാക്ക് എന്നിവരെ മറികടന്ന് നോക്കൗട്ടിലെത്താനാവും. ഗ്രൂപ്പിൽ ഒന്നാമത് വരുമ്പോൾ പ്രിക്വാർട്ടറിലെ പ്രതിയോഗി ഹി ബിംഗ്ജിയാവോയായിരിക്കും. ടോക്കിയോവിൽ ഈ താരത്തെ തോൽപ്പിച്ച ചരിത്രവും സിന്ധുവിനുണ്ട്. നിലവിലെ ഫിക്സ്ച്ചർ പ്രകാരം സെമി ഫൈനലിലാവും ചൈനീസ് പ്രതിയോഗിക്ക് മുന്നിൽ സിന്ധു എത്തുക. ഒളിംപിക്സ് ഒരുക്കത്തിൽ സ്ഥിരതയാർന്ന പ്രകടനമാണ് ചൈനീസ് താരം നടത്തുന്നത്. സിന്ധുവാകട്ടെ പരുക്കിലും അസ്ഥിര പ്രകടനങ്ങളിലുമാണ് പാരീസിലേക്ക് എത്തിയിരിക്കുന്നത്. ഇരുവരും തമ്മിൽ ഇതിനകം 12 തവണ മുഖാമുഖം വന്നിരുന്നു. ഇതിൽ ആറ് വിജയങ്ങൾ വീതമാണ് രണ്ട് പേർക്കും നേടാനായാത്. ഏറ്റവുമൊടുവിൽ ഫ്രഞ്ച് ഓപ്പൺ ബാഡ്മിന്റണിലായിരുന്നു മുഖാമുഖം. അതിലാവട്ടെ മൂന്ന് ഗെയിം പോരാട്ടത്തിൽ ചൈനീസ് താരം ഇന്ത്യൻ സൂപ്പർ താരത്തെ വീഴ്ത്തിയിരുന്നു. എന്നാൽ ബാഡ്മിന്റണിൽ ഇന്ത്യയുടെ വലിയ പ്രതീക്ഷ പുരുഷ ഡബിൾസാണ്. സാത്വിക്-ചിരാഗ് സഖ്യം നിലവിൽ ലോക റാങ്കിംഗിൽ മൂന്നാം സ്ഥാനത്താണ്. ഗ്രൂപ്പ് ഘട്ടത്തിൽ ഇന്ത്യൻ സഖ്യത്തിന് കാര്യങ്ങൾ എളുപ്പമാണ്. ഇന്തോനേഷ്യക്കാരായ ഫജർ അൽഫിയാൻ-മുഹമ്മദ് റിയാൻ അരിദാത്തോ സഖ്യവുമായാണ് ആദ്യ കളി. ലോക റാങ്കിംഗിൽ ഇവർ ആറാം സ്ഥാനക്കാരാണ്. പിന്നീട് വരുന്നത് റാങ്കിംഗിൽ 31 ൽ നിൽക്കുന്ന ജർമനിയുടെ മാർക് ലാംഫസ്-മർവിൻ സിഡാലുസഖ്യമാണ്. അതിന് ശേഷം റാങ്കിംഗിൽ 43 ൽ നിൽക്കുന്ന ഫ്രാൻസിന്റെ ലുക്കാസ് കോർവി-റോനാൻ ലാബർ ടീമിനെതിരെ കളിക്കണം. പക്ഷേ പ്രശ്നക്കാർ ചൈനക്കാർ തന്നെ. ടോപ് സീഡുകളായ ലിയാംഗ് വൈകെംഗ്-വാംഗ് ചാംഗ് സഖ്യമാണ് കാര്യമായ വെല്ലുവിളി. ആറ് തവണയാണ് ഇവർ ഇതിനകം മുഖാമുഖം വന്നത്. ഇതിൽ ഒരു തവണ മാത്രമാണ് ഇന്ത്യൻ സഖ്യത്തിന് ജയിച്ചുകയറാനായാത്. സ്വർണം എന്ന വലിയ മോഹം സത്യമാക്കാൻ സാത്വിക്-ചിരാഗ് സഖ്യത്തിന് ഈ ചൈനക്കാരെ വീഴ്ത്തണം.



*വിനേഷിന്റെ ഈ ചിത്രം ഗുസ്തി ഗോദയിൽ നിന്നുള്ളതല്ല. ഡൽഹിയിലെ പ്രതിഷേധ ഗോദയിൽ നിന്നുമുള്ളതാണ്. ഇന്ത്യൻ ഗുസ്തിയെ അടക്കി ഭരിച്ച ബ്രിജ്ഭൂഷൺ സിംഗിനെതിരെ പീഡനക്കേസിൽ അതിശക്തമായ സമരം നയിച്ച ഇന്ത്യയുടെ മൂന്ന് ഗുസ്തി താരങ്ങളിൽ ഒരാളായിരുന്നു വിനേഷ്. ബജ്രംഗ് പുനിയയും സാക്ഷി മാലിക്കുമായിരുന്നു മറ്റുള്ളവർ. ഇവർ രണ്ട് പേരും പാരീസിൽ ഇല്ല. അധികാരികളുടെ എല്ലാ ഇടപെടലുകളെയും മനക്കരുത്തോടെ തോൽപ്പിച്ചാണ് വിനേഷ് പാരീസ് ടിക്കറ്റ് സ്വന്തമാക്കിയത്. അതിനാൽ തന്നെ അവർക്ക് ഒരു ഒളിംപക് മെഡൽ വൻ നേട്ടമാവും.*

## പങ്കലിന് ഫുജിനാമയുടെ വെല്ലുവിളി

പാരീസ് ഒളിംപിക്സ് ടിക്കറ്റ് ആദ്യം സ്വന്തമാക്കിയ ഇന്ത്യൻ വനിതാ ഗുസ്തി താരമാണ് അന്റിം പങ്കൽ. 53 കിലോഗ്രാം വിഭാഗത്തിൽ ലോക ചാമ്പ്യൻഷിപ്പിൽ മൂന്നാം സ്ഥാനം നേടിയ പങ്കലിന് കാര്യമായ വെല്ലുവിളി ജപ്പാനിൽ നിന്നുള്ള ലോക ചാമ്പ്യൻ അകാരി ഫുജിനാമിയാണ്. നിലവിൽ ലോക റാങ്കിംഗിൽ നാലാമതാണ് പങ്കൽ. അതിനാൽ തന്നെ ആദ്യ റൗണ്ടുകളിൽ ജപ്പാൻ താരവുമായി കളി വരുന്നില്ല. പ്രതീക്ഷിച്ച രീതിയിൽ പങ്കൽ മുന്നേറിയാൽ ഫൈനലിൽ മാത്രമാവും ജപ്പാനിയെ എതിരിടേണ്ടി വരുക. 2017 ന് ശേഷം ഈ ഇനത്തിൽ ഫുജിനാമി തോറ്റിട്ടില്ല എന്നതും പങ്കലിന് വെല്ലുവിളിയാണ്.

## വീണ്ടും ലവ്ലിന

വനിതാ ബോക്സിംഗിൽ കരുത്ത് കാട്ടി ടോക്കിയോവിൽ വെങ്കലം നേടിയ ലവ്ലിന ബോർഗഹൈന് പാരീസിലും ആ നേട്ടം ആവർത്തിക്കാനായാൽ തുടർച്ചയായി രണ്ട് ഒളിംപിക്സുകളിൽ മെഡൽ നേടുന്ന ആദ്യ ബോക്സർ എന്ന ഖ്യാതി സ്വന്തമാക്കാം. 75 കിലോഗ്രാം വിഭാഗത്തിൽ ലോകപ്പട്ടം നേടിയ ലവ് ലിന നല്ല ഫോമിലാണ്. ഡൽഹിയിലായിരുന്നു ഇത്തവണ ലോക ചാമ്പ്യൻഷിപ്പ് നടന്നത്. സ്വന്തം വേദിയിലെ മികവ് പാരീസിൽ ആവർത്തിക്കാനാവുമെന്നാണ് യുവ താരം വ്യക്തമാക്കിയത്. ഡൽഹി ലോക ചാമ്പ്യൻഷിപ്പിന്റെ സെമി ഫൈനലിൽ തോൽപ്പിച്ച ചൈനക്കാരി ലി കിയാനാണ് പാരിസിൽ ലവ്ലിനക്ക് വെല്ലുവിളി. പ്രതീക്ഷിച്ച രിതീയിൽ മൽസരം മുന്നോട്ട് പോയാൽ ഈ രണ്ട് പേരും ക്വാർട്ടർ ഫൈനലിൽ മുഖാമുഖം വരും. കഴിഞ്ഞ ഏഷ്യൻ ഗെയിംസിലെ ഫൈനൽ കിയാനും ലവ്ലിനയും തമ്മിലായിരുന്നു. അന്ന് സ്വർണം നേടിയത് ചൈനീസ് താരമായിരുന്നു.

## ടോക്കിയോ മീരാഭായി

ടോക്കിയോ ഒളിംപിക്സ് തുടങ്ങിയതും ഇന്ത്യയെ തേടിയെത്തിയത് ശുഭ വാർത്തയായിരുന്നു. രണ്ടാം ദിവസം തന്നെ ഭാരോദ്വഹനത്തിൽ ഇന്ത്യക്ക് വെള്ളി മെഡൽ. 49 കിലോഗ്രാം വിഭാഗത്തിൽ ഇപ്പോൾ ലോക തലത്തിലും മിര തന്നെയാണ് ഒന്നാമത്. പക്ഷേ പരുക്ക് പ്രശ്നമാണ്. സമീപ കാലങ്ങളിലെ പരുക്കുകൾ കാരണം മെച്ചപ്പെട്ട പ്രകടനം പോയ നാല് മാസത്തിൽ മീരക്ക് നടത്താനായിട്ടില്ല. ചൈനക്കാരി ഹു ഷിഹുയിയാണ് മീരക്ക് വലിയ വെല്ലുവിളി. ഇതിനകം സ്വന്തം ഇനത്തിൽ പതിനൊന്ന് ലോക റെക്കോർഡുകളാണ് ചൈനക്കാരിക്ക്. ടോക്കിയോ ഒളിംപിക്സിലും ഷിഹുയിക്ക് തന്നെയായിരുന്നു സ്വർണം. സ്നാച്ചിലും ക്ലീൻ ആൻഡ് ജർക്കിലും ലോക റെക്കോർഡ് സ്വന്തമായുള്ള ചൈനക്കാരിയെ തോൽപ്പിക്കണമെങ്കിൽ കരിയറിലെ ഏറ്റവും മികച്ച പ്രകടനം തന്നെ മീര നടത്തേണ്ടി വരും.



ഇന്ത്യ മറക്കാത്ത ചിത്രം. 2020 ലെ ടോക്കിയോ ഒളിംപിക്സിന്റെ രണ്ടാം ദിവസമായിരുന്നു ആ വാർത്തയും ഈ ചിത്രവും ലോകം നിറഞ്ഞത്. വനിതകളുടെ ഭാരോദ്വഹനത്തിൽ ഇന്ത്യയുടെ മീരാഭായി ചാനുവിന് വെള്ളി. വനിതകളുടെ 49 കിലോഗ്രാം വിഭാഗത്തിൽ ചൈനക്കാരി ഹു ഷിൻഹുയി സ്വർണം സ്വന്തമാക്കിയപ്പോൾ റെക്കോർഡ് പ്രകടനത്തിൽ മീര രണ്ടാമത് വരുകയായിരുന്നു. പാരീസിലും മീരയുണ്ട്. വെല്ലുവിളിയായി ഷിൻഹുയിയും.

## ബി.ടെക് ലാറ്ററൽ എൻട്രി ഓപ്ഷൻ സമർപ്പിക്കാം



തിരുവനന്തപുരം: സംസ്ഥാനത്തെ സർക്കാർ/സ്വാശ്രയ എൻജിനിയറിങ് കോളജുകളിലേക്ക് 2024-25 അധ്യയന വർഷത്തെ ബിടെക് ലാറ്ററൽ എൻട്രി (റെഗുലർ) പ്രവേശനത്തിന് ആദ്യഘട്ട അലോട്ട്മെന്റിന് മുൻപായി ഓപ്ഷൻ സമർപ്പിക്കാൻ സാധിക്കാത്ത വിദ്യാർഥികൾക്ക് രണ്ടാംഘട്ട അലോട്ട്മെന്റിന് പരിഗണിക്കപ്പെടുന്നതിനായി ഓപ്ഷൻ സമർപ്പിക്കാം. അവസാനതീയതി ജൂലൈ 26ന് ഉച്ചയ്ക്ക് ഒരു മണി വരെ. കൂടുതൽ വിവരങ്ങൾക്ക്: 0471-2324396,

## രണ്ട് ജില്ലകളിൽ യെല്ലോ അലർട്ട്; കാലവർഷം കനക്കും

തിരുവനന്തപുരം: സംസ്ഥാനത്ത് കാലവർഷം വീണ്ടും സജീവമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ ഇന്ന് കണ്ണൂർ, കാസർകോട് ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. നാളെ അതിശക്ത മഴയ്ക്ക് സാധ്യതയുള്ളതിനാൽ കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് അലർട്ടും ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ യെല്ലോ അലർട്ടും പ്രഖ്യാപിച്ചു. ശനിയാഴ്ച വരെ വടക്കൻകേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്നാണ് പ്രവചനം. കേരള തീരത്ത് കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ തീരദേശ വാസികൾ ജാഗ്രത പാലിക്കണം. കേരള, ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകുന്നത് വിലക്കി.

# പ്രാദേശിക വാർത്തകൾ

## പാഠമുദ്ര



പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മൂന്നാമൂഴത്തിലെ ആദ്യ ബജറ്റ് ഇന്നലെ അവതരിപ്പിച്ചത് പത്ര-ദൃശ്യ മാധ്യമങ്ങളിൽ കൂട്ടുകാർ ശ്രദ്ധിച്ചിരുന്നോ? നിത്യ ജീവിതത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ബജറ്റ് എന്നാൽ എന്താണെന്ന് കൂട്ടുകാർക്ക് അറിയാമോ? ഒരു നിശ്ചിത കാലയളവിലേക്ക് ഒരു കണക്കുകൂട്ടൽ പദ്ധതിയാണ് ബജറ്റ്. ബജറ്റിനെക്കുറിച്ച് കൂടുതലറിയാം.

# ഇന്ത്യയുടെ ബജറ്റ്

ഏതൊരു ബജറ്റിന്റെയും അടിസ്ഥാനപരമായ രണ്ട് ഘടകങ്ങൾ വരുമാനവും ചെലവുമാണ്. ഒരു ഭരണകൂടത്തിന്റെ ബജറ്റ് എന്നാൽ പ്രതീക്ഷിക്കുന്ന വിഭവങ്ങളുടെയും ചെലവുകളുടെയും സംഗ്രഹമോ പദ്ധതിയോയാണ്. സർക്കാർ ബജറ്റുകൾ മൂന്നു തരത്തിലുണ്ട്. പ്രവർത്തന ബജറ്റ് അല്ലെങ്കിൽ നിലവിലെ ബജറ്റ്, മൂലധനം അഥവാ നിക്ഷേപ ബജറ്റ്, പണം അഥവാ പണമൊഴുക്ക് ബജറ്റ്. വാണിജ്യമേഖലയിൽ ചെലവ് വിശദീകരിക്കുന്ന റിപ്പോർട്ട് കൂടിയാണ് ബജറ്റ്. വ്യക്തിഗതമായും ഒരാൾക്ക് ബജറ്റ് ഉണ്ടാക്കാവുന്നതാണ്. അത് അയാളുടെ സാമ്പത്തിക പദ്ധതിയാണ്. വരുമാനം, ചെലവ്, സമ്പാദ്യം, വായ്പ തിരിച്ചടവ് എന്നിവ ചേർത്ത് തയാറാക്കുന്നതാണ്. മറ്റൊന്ന് കോർപ്പറേറ്റ് ബജറ്റാണ് അവ. അത് ബിസിനസ് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.



### കേന്ദ്ര ബജറ്റ്

ഇന്ത്യയുടെ വാർഷിക ബജറ്റിനെയാണ് കേന്ദ്ര ബജറ്റ് എന്നു വിശേഷിപ്പിക്കുന്നത്. വാർഷിക ധനകാര്യ പ്രസ്താവനയായ ഇത് ഓരോ വർഷവും പാർലമെന്റിന്റെ ഇരുസഭകൾക്കും മുമ്പാകെ വെക്കേണ്ടതുണ്ട്. ഭരണഘടനയുടെ അനുഛേദം 112 ഇക്കാര്യം കൃത്യമായി അനുശാസിക്കുന്നുണ്ട്. കേന്ദ്ര ധനമന്ത്രിയാണ് ബജറ്റ് പാർലമെന്റിൽ അവതരിപ്പിക്കുക. വിവേചനങ്ങളിലാതെ ഓരോ ജനവിഭാഗത്തിനും ഉപകാരപ്രദമായ പദ്ധതികളാണ് ഓരോ ബജറ്റിലും അവിഷ്കരിച്ച് നടപ്പാക്കേണ്ടത്. പാർലമെന്റിന്റെ ഇരു സഭകളിലും വോട്ടെടുപ്പോടെ പാസാക്കിയ ശേഷം സാമ്പത്തിക വർഷം ആരംഭിക്കുന്ന ഏപ്രിൽ ഒന്നിന് ബജറ്റ് പ്രാബല്യത്തിൽ വരുന്നു. ബജറ്റിൽ ഉൾകൊള്ളിച്ച ചെലവുകൾ രണ്ട് ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. കൺസോളിഡേറ്റട് ഫണ്ട് ഓഫ് ഇന്ത്യയിൽ ചേർത്ത വോട്ട് ചെയ്യേണ്ടതില്ലാത്ത ചെലവുകളും വോട്ടു ചെയ്യേണ്ട ചെലവുകളും. രാഷ്ട്രപതി, പാർലമെന്റിന്റെ ഇരുസഭകളിലെയും അധ്യക്ഷന്മാർ, സുപ്രീംകോടതി-ഹൈക്കോടതി ജഡ്ജിമാർ, കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ എന്നിവരുടെ ശമ്പളവും അലവൻസും ഫെഡറൽ കോടിയിലെ വിരമിച്ച ജഡ്ജിമാരുടെ പെൻഷനും പാർലമെന്റ് വോട്ട് ചെയ്ത് പാസാക്കേണ്ടതില്ല. ആവശ്യമെങ്കിൽ ഇരുസഭകളിലും ചർച്ച ചെയ്യാം. എന്നാൽ വോട്ട് ചെയ്യേണ്ട ചെലവുകൾ സംബന്ധിച്ച ബില്ല്ലുകൾ ലോക്സഭക്കു മുമ്പാകെ വെക്കേണ്ടതാണ്.

### ആദ്യ ബജറ്റ്


ഇന്ത്യയിൽ ആദ്യമായി ബജറ്റ് അവതരിപ്പിക്കപ്പെട്ടത് ബ്രിട്ടീഷ് ഭരണകാലത്താണ്. 1860 ഫെബ്രുവരി 18നാണ് ആദ്യ അവതരണം. വൈസ്രോയിയുടെ ഇന്ത്യൻ കൗൺസിലിലെ ധനവിഭാഗം കൈകാര്യം ചെയ്ത ജെയിംസ് വിൽസണാണ് ആദ്യ ബജറ്റ് തയാറാക്കി അവതരിപ്പിച്ചത്. തുടർന്ന് 1909-ൽ ധനകാര്യം അംഗം എല്ലാ വർഷവും ആദ്യത്തിൽ ബജറ്റ് അവതരിപ്പിക്കണമെന്നും നിയമനിർമാണ സഭ അത് ചർച്ച ചെയ്യണമെന്നും വ്യവസ്ഥ ചെയ്തു. രാജ്യത്തെ ആദ്യ ധനമന്ത്രി ആർ.കെ ഷൺമുഖം ഷെട്ടിയാണ് സ്വതന്ത്ര ഇന്ത്യയിൽ ആദ്യമായി ബജറ്റ് അവതരിപ്പിച്ചത്. ഇന്ദിരാഗാന്ധിയാണ് ബജറ്റ് അവതരിപ്പിച്ച ആദ്യ വനിത.

ആഗോളതലത്തിൽ ബജറ്റിന്റെ ചരിത്രം പരിശോധിക്കുകയാണെങ്കിൽ ആദ്യമായി അവതരിപ്പിച്ചത് 1572-ൽ നെതർലാന്റ്സിലാണ്. പിന്നീട് 1689-ൽ ഇംഗ്ലണ്ടിലും 1830-ൽ ഫ്രാൻസിലും 1848-ൽ ഡെൻമാർക്കിലും ബജറ്റ് അവതരിപ്പിച്ചു.

**ജൂലൈ 24**
**ആദായ നികുതി ദിനം**

## ആദായത്തിന് നികുതി

ഇന്ന് ആദായ നികുതി ദിനം. ഇന്ത്യയിൽ ആദ്യമായി ആദായനികുതി ഏർപ്പെടുത്തിയതിന്റെ സ്മരണക്കായി എല്ലാ വർഷവും ജൂലൈ 24ന് ദേശായ ആദായ നികുതി ദിനമായി ആചരിക്കുന്നു. 1860-ലാണ് ആദ്യമായി ആദായ നികുതി രാജ്യത്ത് ഏർപ്പെടുത്തിയത്. അന്നത്തെ ബ്രിട്ടീഷ് ധനമന്ത്രിയായിരുന്നു സർ ജെയിംസ് വിൽസൺ ആണ് ഇത്തരമൊരു ആദായ നികുതി സമ്പ്രദായം ഇന്ത്യയിൽ പരിചയപ്പെടുത്തിയത്. വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ ആദായത്തിനുമേലുള്ള നികുതിയാണ് ആദായ നികുതിയെന്നറിയപ്പെടുന്നത്. ആദായ നികുതി നിയമം 1961 പ്രകാരം കേന്ദ്ര സർക്കാറാണ് നികുതി ഈടാക്കുന്നത്. ശമ്പളം, കെട്ടിടം, വ്യാപാരം, പ്രൊഫഷണൽ, മൂലധന ലാഭം, മറ്റ് സ്രോതസ്സുകൾ എന്നിങ്ങനെയാണ് ആദായം പിരിക്കുന്നത്.



### സംസ്ഥാന ബജറ്റ്

ഫെഡറൽ സംവിധാനങ്ങളിൽ ഓരോ സംസ്ഥാനങ്ങളും സ്വയം തയാറാക്കുന്ന ബജറ്റാണ് സംസ്ഥാന ബജറ്റ്. സംസ്ഥാന ബജറ്റിന്റെ വരുമാനം പ്രധാനമായും നികുതികൾ, കസ്റ്റംസ് തീരുവകൾ, ഫീസ്, മറ്റ് വരുമാനങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയത്. ഇന്ത്യൻ ഭരണഘടനയുടെ 202 ആർട്ടിക്കിൾ പ്രകാരം ഓരോ സംസ്ഥാനത്തിന്റെയും ഗവർണർമാർ ഓരോ സാമ്പത്തിക വർഷത്തെ സംബന്ധിച്ചും വാർഷിക ധനകാര്യ പത്രിക നിയമനിർമാണ സഭയുടെ മുമ്പാകെ വെക്കേണ്ടതാണ്. ഈ രേഖയാണ് സംസ്ഥാനത്തിന്റെ ആ സാമ്പത്തിക വർഷത്തെ ബജറ്റ് എന്നു പൊതുവായി അറിയപ്പെടുന്നത്.

*ബജറ്റുമായി ബന്ധപ്പെട്ട് ചില ക്വിസ് ചോദ്യങ്ങൾ*

- തുടർച്ചയായി ഏഴു തവണ ബജറ്റ് അവതരിപ്പിച്ച കേന്ദ്രധനമന്ത്രി -നിർമലാ സീതാരാമൻ.
- ബ്രിട്ടീഷ് ഇന്ത്യയിൽ ആദ്യ ബജറ്റ് അവതരിപ്പിച്ച വർഷം?-1860.
- പരിസ്ഥിതി ബജറ്റ് ആദ്യമായി അവതരിപ്പിച്ച സംസ്ഥാനം-കേരളം
- സ്വതന്ത്ര ഇന്ത്യയിൽ ആദ്യമായി ബജറ്റ് അവതരിപ്പിച്ചത് ആര്? -ആർ.കെ ഷൺമുഖം ഷെട്ടി
- ഇന്ത്യയുടെ ആദ്യ കടലാസ് രഹിത ബജറ്റ് അവതരണം എപ്പോൾ? -ബജറ്റ് 2021-2022.

## ഓണം വാരാഘോഷം സെപ്തംബർ 13 മുതൽ 19 വരെ

തിരുവനന്തപുരം: ഈ വർഷത്തെ സംസ്ഥാനതല ഓണാഘോഷ പരിപാടികൾക്ക് സെപ്തംബർ 13ന് തിരുവനന്തപുരത്ത് തുടക്കമാവും. ഒരാഴ്ച നീണ്ടുനിൽക്കുന്ന പരിപാടി 19ന് ഘോഷയാത്രയോടെ സമാപിക്കും. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആലോചിക്കാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു.

ഓണം മേളകൾ, ഓണം മാർക്കറ്റുകൾ, പച്ചക്കറി കൗണ്ടറുകൾ, പ്രത്യേക സെയിൽസ് പ്രൊമോഷൻ ഗിഫ്റ്റ് സ്കീമുകൾ, ഓണക്കാല പ്രത്യേക സംഭരണ വിപണന പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കും. ഇതിന് സപ്ലൈക്കോയെ ചുമതലപ്പെടുത്തി. ഹോർട്ടികോർപ്പിന്റെ പ്രത്യേക പച്ചക്കറി ചന്തകൾ ആരംഭിക്കും. എല്ലാ ജില്ലകളിലും പരമാവധി കേന്ദ്രങ്ങളിൽ കുടുംബശ്രീ ചന്തകൾ സംഘടിപ്പിക്കും. കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ സഹകരണ വകുപ്പിന്റെ സഹായത്തോടെ സബ്സിഡി വിപണികൾ ആരംഭിക്കും. പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ പ്രാദേശിക ഓണച്ചന്തകളും സഹകരണ മാർക്കറ്റുകളും ആരംഭിക്കും. ആവശ്യമായ പച്ചക്കറികൾ പരമാവധി കേരളത്തിൽ തന്നെ ഉൽപ്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും. എ.എ.വൈ വിഭാഗങ്ങൾക്കുള്ള സൗജന്യ കിറ്റ് വിതരണം, സ്പെഷ്യൽ പഞ്ചസാര വിതരണം, സ്കൂൾ കുട്ടികൾക്കുള്ള ഉച്ച ഭക്ഷണ പദ്ധതി, ആദിവാസി വിഭാഗങ്ങൾക്കുള്ള പ്രത്യേക കിറ്റുകൾ എന്നിവ സപ്ലൈക്കോ ഓണത്തിനുമുമ്പ് വിതരണം ചെയ്യും.

ലഹരി വസ്തുക്കൾ കൈവശം വെക്കൽ, ഉപഭോഗം, വിതരണം എന്നിവ കർശനമായി നിയന്ത്രിക്കാൻ പ്രത്യേക പരിശോധന നടത്തും. നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങൾ വിപണിയിലില്ലെന്ന് ഉറപ്പാക്കാൻ പരിശോധന കർശനമാക്കും. ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന ഉൽപന്നങ്ങൾ/പാക്കറ്റുകൾ പരമാവധി നിരുത്സാഹപ്പെടുത്തും.

## അസാപ് കേരളയിൽ ജോലി ഒഴിവ്

തിരുവനന്തപുരം: ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലെ അസാപ് കേരളയുടെ വിവിധ ജില്ലകളിലെ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിൽ (സി.എസ്.പി) കരാർ അടിസ്ഥാനത്തിൽ ഗ്രാജ്വേറ്റ് ഇന്റേൺ, എക്സിക്യൂട്ടീവ് തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. ഗ്രാജ്വേറ്റ് ഇന്റേണിനു 12,500ഉം എക്സിക്യൂട്ടീവിന് 25,350 ഉം ആണ് ശമ്പളം. അപേക്ഷിക്കേണ്ട അവസാന തീയതി ജൂലൈ 31. കൂടുതൽ വിവരങ്ങൾക്ക്: www.asapkerala.gov.in/career.

## എം.എ ഹംസക്ക് മജീദ്, റഹ്മാൻ, കുഞ്ഞിപ്പ അവാർഡ്



എം.എ ഹംസ

തിരുവനന്തപുരം: കേരള അറബിക് മുൻഷീസ് അസോസിയേഷന്റെ ഈ വർഷത്തെ മജീദ് റഹ്മാൻ കുഞ്ഞിപ്പ സ്മരണ അവാർഡ് എം.എ ഹംസക്ക്. 1980ലെ ഭാഷാസമരത്തിലെ രക്തസാക്ഷികളായ മജിദ്, റഹ്മാൻ, കുഞ്ഞിപ്പ എന്നിവരുടെ സ്മരണാർത്ഥമാണ് കെ.എ.എം.എ എല്ലാ വർഷവും ഈ അവാർഡ് നൽകുന്നത്.

1998 മുതൽ മൂവ്വാറ്റുപുഴ കെ.എം.എൽ.പി സ്കൂളിലെ അറബി അധ്യാപകനായിരുന്ന ഹംസ, കഴിഞ്ഞ മെയിൽ വിരമിച്ചു. കേരള അറബിക് മുൻഷീസ് അസോസിയേഷൻ മൂവ്വാറ്റുപുഴ സബ് ജില്ലാ സെക്രട്ടറി, ജില്ലാ ജനറൽ സെക്രട്ടറി, പ്രസിഡന്റ് എന്ന നിലയിലും സംസ്ഥാന വൈസ് പ്രസിഡന്റായും അദ്ദേഹം പ്രവർത്തിച്ചു. 28ന് ആലുവ ഹിറ ഓഡിറ്റോറിയത്തിൽ നടക്കുന്ന ഭാഷാനുസ്മരണ സമ്മേളനത്തിൽ വെച്ച് അൻവർ സാദത്ത് എം.എൽ.എ. അവാർഡ് സമർപ്പിക്കുമെന്ന് കെ.എ.എം.എ സംസ്ഥാന പ്രസിഡണ്ട് എ.എ ജാഫർ, സംസ്ഥാന ജനറൽ സെക്രട്ടറി എം. തമീമുദ്ദീൻ എന്നിവർ അറിയിച്ചു.

## വനിതാ സംരംഭകരുടെ വായ്പകളിൽ പിഴപ്പലിശ ഒഴിവാക്കി

തിരുവനന്തപുരം: സംസ്ഥാന വനിത ശിശുവികസന വകുപ്പിന് കീഴിലുള്ള കേരള വനിത വികസന കോർപറേഷനിൽ നിന്നും 2010 മുതൽ 2016 വരെ വിതരണം ചെയ്ത വായ്പകളിലെ കുടിശികയുള്ളവയിൽ പിഴപ്പലിശ പൂർണമായി ഒഴിവാക്കി.

ഈ കാലയളവിൽ വിവിധ കാരണങ്ങളാൽ കുടിശിക തീർക്കാതെ പോയ വായ്പകൾക്കാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഇത് ബാധകമാകുന്നത്.

ഇത്തരത്തിൽ കുടിശികയുള്ള വായ്പകളിൽ ഒറ്റത്തവണ തീർപ്പാക്കലിന് തയ്യാറായാൽ പിഴപ്പലിശ പൂർണമായും ഒഴിവാക്കി നൽകുന്നതിന് സംസ്ഥാന സർക്കാർ വനിത വികസന കോർപറേഷന് അനുമതി നൽകിയിട്ടുണ്ട്. മുന്നൂറ്റി അറുപതോളം വനിതകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

## ചേമ്പർ ഓഫ് സ്റ്റേറ്റ് ജലനിധി ബൾക് വാട്ടർ സ്കീംസ് ഭാരവാഹികൾ



സി.കെ എ റസാഖ്,അനീഷ് കെ തോമസ്

മലപ്പുറം: ചേമ്പർ ഓഫ് സ്റ്റേറ്റ് ജലനിധി ബൾക് വാട്ടർ സ്കീംസ് പുതിയ സംസ്ഥാന ഭാരവാഹികൾ കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട കേരളത്തിലെ പഞ്ചായത്ത് തല ശുദ്ധജലവിതരണ സൊസൈറ്റിയുടെ സംസ്ഥാന കോഓർഡിനേഷനായ ചേംബർ ഓഫ് സ്റ്റേറ്റ് ജലനിധി ബൾക്ക് വാട്ടർ സ്കീമിന്റെ ഭാരവാഹികളായിസി.കെ.എ റസാഖ് പ്രസിഡന്റ് അനീഷ് കെ. തോമസ് ജനറൽ സെക്രട്ടറിഎൻ -എസ് ബാബു ട്രഷറർ, രക്ഷാധികാരി അസീസ് ആവേലം , വൈസ് പ്രസിഡന്റുമാർ അൻവർ സാദിക്ക്, അസ്കർ കുളത്തോൾസെക്രട്ടറിമാർ എൻ.ടി മുഹമ്മദ് ഷെരീഫ് ,അലി പട്ടാക്കൽ, എന്നിവരെ തിരഞ്ഞെടുത്തു.

കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ ചേർന്ന യോഗത്തിൽ അസീസ് ആവേലം അധ്യക്ഷനായി. വിവിധ ഫെഡറേഷനുകളെ പ്രതിനിധീകരിച്ചു. പി.മുസ്തഫ, കെ.കെ ബഷീർ,സൈതു ബിൻ, അജീഷ് കെ.പി അക്ബർ, കെ.വി സലാഹുദ്ദീൻ, സാബിത് തിരൂർ പ്രസംഗിച്ചു.

## കവർചിത്രം ക്ഷണിച്ചു

തിരുവനന്തപുരം: കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ആഗസ്റ്റിൽ പ്രസിദ്ധീകരിക്കുന്ന മഹാകവി കുമാരനാശാൻ ജീവചരിത്ര വിജ്ഞാനകോശത്തിന്റെ കവർചിത്രത്തിന് സൃഷ്ടികൾ ക്ഷണിച്ചു. കുമാരനാശാന്റെ പോട്രേയിറ്റോ, ആശാന്റെ കൃതികളെ അടിസ്ഥാനപ്പെടുത്തിയുള്ള ചിത്രീകരണങ്ങളോ എ4 വലിപ്പത്തിൽ തയ്യാറാക്കി മികച്ച റെസല്യൂഷനിൽ സ്കാൻ ചെയ്ത് പി.ഡി.എഫ് രൂപത്തിൽ siepcovercontest@gmail.com ലേക്ക് ആഗസ്റ്റ് 10 നകം അയയ്ക്കണം. സൃഷ്ടികളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക്: sarva.kerala.gov.in.

## അരീക്കോട്ടെ നാഫിഹും അനാസിലും ഇനി ലണ്ടനിൽ പന്തുതട്ടും

**സാജിദ് ഒതായി**
അരീക്കോട്

ഇന്ത്യൻ ഫുട്ബാളിന് നിരവധി താരങ്ങളെ സംഭാവന ചെയ്ത കാൽപ്പന്ത് കളിയുടെ മെക്കാ എന്നറിയപ്പെട്ട അരീക്കോട്ടിൽ നിന്ന് ഇംഗ്ലീഷ് പ്രീമിയർ ലീഗ് നെക്സ്റ്റ് ജനറേഷൻ കപ്പിൽ പങ്കെടുക്കുവൻ നാഫിഹ് നാലകത്തും അനാസിൽ എം.ടിയും ഇനി ലണ്ടനിലേക്ക്. അരീക്കോട് പുത്തലം സ്വദേശികളാണ് നാഫിഹ് നാലകത്തും അനാസിൽ എം.ടിയും. ഈ മാസം 26 നാണ് മുത്തൂറ്റ് ഫുട്ബോൾ അക്കാദമിയുടെ അസിസ്റ്റന്റ് കോച്ചായി അനാസിലും ടീം മാനേജ്റായി നാഫിഹ് നാലകത്തും ലണ്ടനിലേക്ക് യാത്ര തിരിക്കുന്നത്. ഇന്ത്യയിൽ നിന്ന് ആകെ മൂന്നു ക്ലബ്ബുകൾ മാത്രമാണ് നെക്സ്റ്റ് ജനറേഷൻ കപ്പിൽ പങ്കെടുക്കാൻ യോഗ്യത നേടിയത്. റിലയൻസ് ഫൗണ്ടേഷൻ ഡവലപ്മെന്റ് ലീഗിൽ പഞ്ചാബ് എഫ്സിക്കും ഈസ്റ്റ് ബെംഗാൾ എഫ്സിക്കും പിറകെ മുത്തൂറ്റ് ഫുട്ബോൾ അക്കാദമി മൂന്നാം സ്ഥാനം നേടിയിരുന്നു.

ഇതാണ് നെക്സ്റ്റ് ജനറേഷൻ കപ്പിലേക്ക് വഴി തുറന്നത്. ആകെ 57 ടീമുകൾ മത്സരിച്ച ടൂർണമെന്റിൽ നിന്നായിരുന്നു മുത്തൂറ്റിന്റെ മൂന്നാംസ്ഥാനമെന്ന ചരിത്രനേട്ടം. ഓഗസ്റ്റ് 1 മുതൽ 4 വരെയാണ് ഇംഗ്ലണ്ടിൽ അണ്ടർ 21 പ്രായവിഭാഗത്തിൽ നെക്സ്റ്റ് ജനറേഷൻ കപ്പ്. ആസ്റ്റൺ വില്ല, ക്രിസ്റ്റൽ പാലസ്, എവർട്ടൺ, ടോട്ടനം ഹോട്സ്പർ എന്നീ ഇംഗ്ലീഷ് ടീമുകളും ആഫ്രിക്കയിൽനിന്നുള്ള സ്റ്റെല്ലൻബോഷ് എഫ്സിയും ഇന്ത്യയിൽ നിന്നുള്ള മൂന്നു ടീമുകളും ഉൾപ്പെടെ ആകെ 8 ടീമുകൾ ടൂർണമെന്റിൽ മാറ്റുരയ്ക്കും. ആസ്റ്റൺ വില്ല ടീമിന്റെ ബോഡി മൂർ ട്രെയ്നിങ് ഗ്രൗണ്ട്, ലഫ്ബറ സർവകലാശാലാ സ്റ്റേഡിയം എന്നിവയാണ് മത്സരവേദികൾ. ഇരുവരും ഒത്തിരി നേട്ടങ്ങൾ ഈ ക്ലബിന് നേടി കൊടുത്തത്തിൽ മുഖ്യപങ്കു വഹിച്ചിട്ടുണ്ട്. നാല് വർഷമായി ഇവിടെ പരിശീലന രംഗത്തും ഇവരുണ്ട്. അരീക്കോട് പുത്തലത്തെ മൈതാനത്തു നിന്നും കാൽപന്ത് കളി കളിച്ചും കളിപ്പിച്ചും ഇരുവരും ഒട്ടനവധി നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ഇനി ഇവർ യൂറോപ്പിലെ നമ്പർ വൺ ലീഗ് ഇംഗ്ലീഷ് പ്രീമിയർ ലീഗിലെ ആസ്റ്റൺ വില്ല, ക്രിസ്റ്റൽ പാലസ്, എവർട്ടൺ, ടോട്ടനം ഹോട്സ്പർ എന്നീ ടീമുകൾക്ക് എതിരെ കളിക്കുന്നത് അരീക്കോട്ടുകാർ ടിവി ചാനലിലൂടെ കാണും. പുത്തലം പ്രദേശത്തുകാർക്ക് ഇത് ഏറെ അഭിമാനം നിമിഷം കൂടിയാണ്. പുത്തലം സ്വദേശി നാലകത്ത് റസാഖ് സാജിത ബീഗം എന്നീ ദമ്പതികളുടെ മകനാണ് നാഫിഹ് നാലകത്ത്. മണ്ണിൽതൊടി നിസറിന്റെയും അനീസ ബാനുവിന്റെയും മകനാണ് എം.ടി അനാസിൽ.



നാഫിഹ് നാലകത്തും എം.ടി അനാസിലും

## അന്താരാഷ്ട്ര ബോട്ടാണിക്കൽ കോൺഗ്രസിൽ മലയാളി ഗവേഷക പ്രബന്ധം അവതരിപ്പിക്കും



ഡോ.ജനീഷ

മലപ്പുറം: അന്താരാഷ്ട്ര ബോട്ടാണിക്കൽ കോൺഗ്രസിൽ പ്രബന്ധം അവതരിപ്പിക്കാൻ മലയാളി ഗവേഷക സ്പെയിനിലെ മാഡ്രിഡിൽ ഈ മാസം അവസാനവാരം നടക്കുന്ന അന്താരാഷ്ട്ര ബോട്ടാണിക്കൽ കോൺഗ്രസിലേക്ക് പ്രബന്ധാവതരണത്തിനായി ഡോ.ജനീഷയ്ക്ക് ക്ഷണം. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഡോ.സന്തോഷ് നമ്പിയുടെ കീഴിൽ ഡി.എസ്.ടി വുമൺ സയന്റിസ്റ്റായി ഗവേഷണം നടത്തുന്ന ഡോ.ജനീഷ റോയൽ ബോട്ടാണിക് ഗാർഡൻ, ഈഡൻബറ, ജെസ്നാരിയാഡ് സൊസൈറ്റി, അമേരിക്ക എന്നിവരുടെ അന്താരാഷ്ട്ര റിസർച്ച് ഗ്രാന്റുകളും ഇന്ത്യൻ ബോട്ടാണിക്കൽ സൊസൈറ്റി, ഇന്ത്യൻ അസോസിയേഷൻ ഫോർ ആൻജിയോസ്പേം ടാക്സോണമിയുടെയും അംഗീകാരങ്ങളും ലഭിച്ചിട്ടുണ്ട്. നിലവിൽ ജസ്നേരിയേസിയെ സസ്യ കുടുംബത്തെപ്പറ്റി ഗവേഷണം ചെയ്യുന്ന ഡോ. ജനീഷ കൊടിയത്തൂരിൽ ഹസീം കാക്കിരിയുടെ ഭാര്യയുമാണ്. തിരൂരങ്ങാടി പിഎസ്.എം.ഒ കോളജിൽ ഗസ്റ്റ് അസിസ്റ്റന്റ് പ്രഫസറായി ജോലി ചെയ്യവേ വുമൺ സയന്റഫിക് ഫെലോഷിപ് നേടി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ റിസർച്ച് ചെയ്യുകയാണ്. മമ്പുറം കാവുങ്ങപാറയിലാണ് ഇപ്പോൾ താമസിക്കുന്നത്.

## യു.എസിൽ കറുത്തവർഗക്കാരിയെ വെടിവെച്ചു കൊല്ലുന്ന വീഡിയോ പുറത്ത്

വാഷിങ്ടൺ: അമേരിക്കയിൽ കറുത്തവർഗക്കാരിയായ യുവതിയെ വെള്ളക്കാരനായ പൊലീസുകാരൻ വീടിനകത്ത് കയറി വെടിവെച്ചു കൊല്ലുന്ന പൊലീസ് ബോഡി കാമറ ദൃശ്യം പുറത്ത്. വെടിവെപ്പുമായി ബന്ധപ്പെട്ട് പ്രോസിക്യൂട്ടർമാരുടെ വാദത്തെ ശരിവെക്കുന്ന ദൃശ്യങ്ങളാണ് വീഡിയോയിൽ കാണുന്നത്. സ്പ്രിങ്ഫീൽഡിൽ താമസിക്കുന്ന സോണിയ മാസെ എന്ന 36 കാരിയാണ് കൊല്ലപ്പെട്ടത്.

## 17 ഗ്രാം എം.ഡി.എം.എയുമായി രണ്ടുപേർ പിടിയിൽ



മുഹമ്മദ് അനീസ്,മുഹമ്മദ് ഷിബിൽ

മലപ്പുറം: ടൗണുകൾ കേന്ദ്രീകരിച്ച് ലഹരിവിൽപന നടത്തിയ രണ്ടുപേരെ പെരിന്തൽമണ്ണ പൊലീസ് അറസ്റ്റ് ചെയ്തു. 17 ഗ്രാമോളം എം.ഡി.എം.എയുമായി മഞ്ചേരി പട്ടർകുളം സ്വദേശി അത്തിമണ്ണിൽ മുഹമ്മദ് അനീസ് (28), പന്തല്ലൂർ സ്വദേശി മുട്ടങ്ങാടൻ മുഹമ്മദ് ഷിബിൽ(26) എന്നിവരെയാണ് രണ്ടുകേസുകളിലായി പെരിന്തൽമണ്ണ ഡി.വൈ.എസ്.പി സാജു കെ. എബ്രഹാം, സിഐ സുമേഷ് സുധാകരൻ, എസ്.ഐ ഷിജോ സി. തങ്കച്ചൻ എന്നിവരടങ്ങുന്ന സംഘം അറസ്റ്റ് ചെയ്തത്. കഴിഞ്ഞദിവസം വൈകിട്ട് നാലരയോടെ പെരിന്തൽമണ്ണ ടൗണിലെ ഓട്ടോഡ്രൈവറാണ് തന്റെ ഓട്ടോയിൽ കയറിയ ഒരാൾ ബാഗ് മറന്നുവെച്ചതായി പൊലീസ് സ്റ്റേഷനിൽ വിവരം നൽകിയത്. തുടർന്ന് പൊലീസ് നടത്തിയ പരിശോധനയിൽ ബാഗിൽ നിന്നും തിരിച്ചറിയൽ രേഖകളും ലഹരിമരുന്നിന്റെ പായ്ക്കറ്റുകളും കണ്ടെടുത്തു. ഓട്ടോഡ്രൈവറിൽ നിന്നും ലഭിച്ച അടയാളവിവരങ്ങളുടെയടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ ഓട്ടോയിൽ യാത്രചെയ്ത മുഹമ്മദ് അനീസിനെ ടൗണിൽ വെച്ച് രാത്രിയിൽ തന്നെ കസ്റ്റഡിയിലെടുത്തു. രാത്രിയിൽ പൊലീസ് സംഘം നടത്തിയ പരിശോധനയ്ക്കിടെയാണ് ലോഡ്ജിന്റെ പരിസരത്ത് നിന്നും മുഹമ്മദ് ഷിബിലിനെ എം.ഡി.എം.എയുമായി അറസ്റ്റ് ചെയ്തത്. കൂടുതൽ ചോദ്യം ചെയ്തതിൽ മുഹമ്മദ് അനീസും മുഹമ്മദ് ഷിബിലും എം.ഡി.എം.എ ചെറിയ പായ്ക്കറ്റുകളിലാക്കി ടൗണുകൾ കേന്ദ്രീകരിച്ചാണ് വിൽപന നടത്തുന്നതെന്ന് വ്യക്തമായി. ലഹരിമരുന്ന് വിൽപന നടത്തുന്ന സംഘത്തിലെ മറ്റു കണ്ണികളെ കുറിച്ച് വിവരം ലഭിച്ചതായും കൂടുതൽ ചോദ്യം ചെയ്ത് അന്വേഷണം നടത്തിവരികയാണെന്നും പൊലീസ് പറഞ്ഞു. മുഹമ്മദ് അനീസ് മങ്കട പൊലീസ് സ്റ്റേഷനിലും, തലശ്ശേരി എക്സൈസിലും എം.ഡി.എം.എ കേസിൽ പ്രതിയായി മൂന്ന് മാസം ജയിലിൽ കിടന്ന് ജാമ്യത്തിലിറങ്ങിയതാണ്. മുഹമ്മദ് ഷിബിലിന്റെ പേരിലും മുമ്പ് കഞ്ചാവ് കേസുണ്ട്.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 24 ബുധൻ
ഗൾഫ് ചന്ദ്രിക



'കേന്ദ്ര ബജറ്റിൽ കേരളം എന്ന വാക്ക് പോലുമില്ല. രാഷ്ട്രീയ അസ്ഥിരത പരിഹരിക്കാനും അധികാരം നിലനിർത്താനുമുള്ള ഡോക്യുമെന്റാക്കി മോദി സർക്കാർ ബജറ്റിനെ മാറ്റി. ബജറ്റിൽ ദേശീയ കഴ്ചപ്പാടല്ല സങ്കുചിത രാഷ്ട്രീയ താൽപര്യം മാത്രമാണുള്ളത്. ബീഹാറിനും ആന്ധ്രക്കും വാരിക്കോരി കൊടുത്തപ്പോൾ കേരളം എന്ന വാക്ക് ഉച്ചരിക്കാൻ പോലും ധനമന്ത്രി തയാറാകാതിരുന്നത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ഇന്ത്യ എന്ന യാഥാർഥ്യത്തെ ഉൾക്കൊള്ളാതെ കേന്ദ്ര സർക്കാരിന്റെ നിലനിൽപ്പ് മാത്രം അടിസ്ഥാനമാക്കിയാണ് ബജറ്റ് തയാറാക്കിയത്. ദേശീയ ബജറ്റിന്റെ പൊതുസ്വഭാവം തന്നെ ഇല്ലാതാക്കി.

-വി.ഡി സതീശൻ



ബി.ജെ.പിക്ക് ഒരക്കൗണ്ട് തുറന്നപ്പോൾ ബജറ്റിൽ കേരളത്തിന്റെ അക്കൗണ്ട് പൂട്ടപ്പെട്ടു എന്നതാണ് ജനങ്ങൾക്ക് കിട്ടിയ സമ്മാനം. അതുകൊണ്ട് തന്നെ കേരളത്തിൽ നിന്നുള്ള ബി.ജെ.പിയുടെ കേന്ദ്ര മന്ത്രിമാർ കേന്ദ്ര സർക്കാരിന്റെ സമീപനം തിരുത്താൻ ശക്തമായി ഇടപെടാൻ തയ്യാറാവണം. കേരളത്തിന്റെ പൊതു താൽപര്യം സംരക്ഷിക്കാൻ സംയുക്തമായി മുന്നോട്ടുപോകാൻ കഴിയണം. അത്രയേറെ വിഷമകരമായ നിലപാടാണ് കേന്ദ്രസർക്കാർ കേരളത്തോട് സ്വീകരിച്ചിട്ടുള്ളത്'

-കെ.എൻ ബാലഗോപാൽ

## കേരള വാർത്തകൾ

# നിപ: 17 പേരുടെ ഫലം നെഗറ്റീവ്

- സമ്പർക്ക പട്ടികയിൽ 460 പേർ
- ഐസൊലേഷനിലുള്ളവർ ക്വാറന്റയിൻ പൂർത്തിയാക്കണം

മലപ്പുറം: നിപ രോഗബാധയുമായി ബന്ധപ്പെട്ട് ഇന്നലെ പുറത്തു വന്ന 17 സ്രവ പരിശോധനാ ഫലങ്ങളും നെഗറ്റീവ് ആണെന്ന് സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. മലപ്പുറം കലക്ടറേറ്റ് കോൺഫ്രൻസ് ഹാളിൽ വൈകീട്ട് ചേർന്ന നിപ അവലോകന യോഗത്തിനു ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി. ഐസൊലേഷനിൽ കഴിയുന്നവർ 21 ദിവസത്തെ ക്വാറന്റയിനിൽ തുടരണമെന്നും പ്രോട്ടോകോൾ ലംഘിക്കുന്നവർക്കെതിരെ പൊതുജനാരോഗ്യ നിയമപ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു. നിലവിൽ 460 പേരാണ് സമ്പർക്ക പട്ടികയിൽ ഉള്ളത്. ഇതിൽ 220 പേർ ഹൈറിസ്ക് വിഭാഗത്തിൽ ഉൾപ്പെട്ടവരാണ്. ഹൈ റിസ്ക് വിഭാഗത്തിൽ ഉൾപ്പെട്ടവരിൽ 142 പേർ ആരോഗ്യ പ്രവർത്തകരാണ്. സമ്പർക്ക പട്ടികയിൽ ഉൾപ്പെട്ട 19 പേരാണ് വിവിധ ആശുപത്രികളിൽ അഡ്മിറ്റായി ചികിത്സ തുടരുന്നത്. മഞ്ചേരി മെഡിക്കൽ കോളജിൽ 17 പേരും തിരുവനന്തപുരത്ത് രണ്ടു പേരും.

രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഫീൽഡ് തലത്തിൽ ശക്തമായ പ്രതിരോധ പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. പാണ്ടിക്കാട്, ആനക്കയം ഗ്രാമപഞ്ചായത്തുകളിലായി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഇതുവരെ 18055 വീടുകൾ സന്ദർശിച്ചു. പാണ്ടിക്കാട് 10248 വീടുകളും ആനക്കയത്ത് 7807 വീടുകളും സന്ദർശിച്ചു. പാണ്ടിക്കാട് 728 പനി കേസുകളും ആനക്കയത്ത് 286 പനി ക്കേസുകളുമാണ് റിപ്പോർട്ട് ചെയ്തത്. രോഗ ബാധയുമായി ബന്ധപ്പെട്ട് യാതൊരു ആശങ്കയുടെയും ആവശ്യമില്ല. സി.സി.ടി.വി ദൃശ്യങ്ങൾ സഹിതം പരിശോധിച്ച് ഒരാളെ പോലും വിട്ടു പോവാത്ത വിധം കുറ്റമറ്റ രീതിയിലാണ് സമ്പർക്ക പട്ടിക തയ്യാറാക്കുന്നത്. നിപ സ്രവ പരിശോധയ്ക്കായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയുടെ മൊബൈൽ ലബോറട്ടറി കോഴിക്കോട് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. കൂടുതൽ സാമ്പിളുകൾ ഇവിടെ നിന്ന് പരിശോധിക്കാനാവും.

സമ്പർക്ക പട്ടികയിൽ ഉള്ളവർക്കായി ശക്തമായ മാനസിക പിന്തുണയാണ് നൽകി വരുന്നത്. നിപ സംശയനിവാരണത്തിനായും മാനസിക പിന്തുണയ്ക്കായും ആരംഭിച്ച കാൾ സെന്റർ വഴി 329 പേർക്ക് പിന്തുണ നൽകാനായി. നിപ ബാധിത മേഖലയിലെ സ്കൂളുകളിൽ ഓൺലൈൻ വഴി ക്ലാസ് നടക്കുന്നുണ്ട്. സമ്പർക്കപട്ടികയിൽ ഉൾപ്പെട്ടതു മൂലം ക്ലാസുകളിൽ ഹാജരാവാൻ സാധിക്കാത്ത, മറ്റു സ്കൂളുകളിൽ പഠിക്കുന്നവർക്ക് ഓൺലൈനായി പഠനം നടത്താനുള്ള സംവിധാനം ഒരുക്കും. പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ബോധവത്കരണ ക്ലാസുകളും പരിശീലനങ്ങളും നൽകി വരുന്നുണ്ട്.

വവ്വാലുകളിൽ നിന്നും സാംപിൾ ശേഖരിക്കുന്നതിനായി പൂനെ എൻ.ഐ.വിയിൽ നിന്നും ഡോ. ബാലസുബ്രഹ്മണ്യത്തിന്റെ നേതൃത്വത്തിലുള്ള വിദഗ്ധ സംഘം രോഗബാധിത മേഖലയിലെത്തി പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. വവ്വാലുകളുടെ സ്രവ സാമ്പിൾ ശേഖരിച്ച് വൈറസിന്റെ സാന്നിധ്യം കണ്ടെത്തിയാൽ ഇവർ ജനിതക പരിശോധന നടത്തും. വവ്വാലുകളുടെ സാന്നിദ്ധ്യം കണ്ടെത്താനായി രോഗ ബാധിത പ്രദേശങ്ങളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. വൈറസ് സാന്നിധ്യമുണ്ടെങ്കിൽ കണ്ടെത്തുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ കന്നുകാലികളിൽ നിന്നും വളർത്തു മൃഗങ്ങളിൽ നിന്നുള്ള സാമ്പിൾ ശേഖരിച്ച് ഭോപ്പാലിൽ നിന്നുള്ള വിദഗ്ധ സംഘത്തിന് കൈമാറുന്നുണ്ട്. നിപരോഗ ബാധയുമായി ബന്ധപ്പെട്ട് സോഷ്യൽ മീഡിയയിൽ വ്യാജവാർത്തകൾ പ്രചരിപ്പിച്ചതിനും വിദ്വേഷ പ്രചരണം നടത്തിയതിനും രണ്ടു കേസുകൾ പൊലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവർ അറിയിച്ചു.

യോഗത്തിൽ ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി രാജൻ നമദേവ് കോബർഗഡെ ഓൺലൈനായും ജില്ലാ കലക്ടർ വി.ആർ വിനോദ്, ജില്ലാ പൊലീസ് മേധാവി എസ്. ശശിധരൻ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ റീന, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ആർ. രേണുക ഓഫ് ലൈനായും പങ്കെടുത്തു.




## മഞ്ചേരി മെഡിക്കൽ കോളജിൽ 17 പേർ നിരീക്ഷണത്തിൽ

മഞ്ചേരി: നിപ രോഗം ബാധിച്ചു മരിച്ച പാണ്ടിക്കാട് സ്വദേശിയായ വിദ്യാർഥിയുമായി അടുത്ത് സമ്പർക്കം പുലർത്തിയ 5 പേരെ കൂടി മഞ്ചേരി മെഡിക്കൽ കോളജ് ഐസുലേഷൻ വാർഡിൽ പ്രവേശിപ്പിച്ചു. ഒരു ഗർഭിണിയടക്കം നിലവിൽ ഐസുലേഷൻ വാർഡിലുള്ളവരുടെ എണ്ണം 17 ആയി. ഇതിൽ സ്രവ പരിശോധനാ ഫലം നെഗറ്റീവ് ആവുകയും പനി മാറുകയും ചെയ്ത മൂന്ന് പേരെ അവരുടെ വീടുകളിലേക്ക് തിരിച്ചയക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇവർ 21 ദിവസം വീട്ടിൽ ക്വാറന്റൈനിൽ കഴിയണം. നിലവിൽ സ്രവ പരിശോധനാ ഫലം നെഗറ്റീവ് ആയതിനാൽ ഭയപ്പെടേണ്ട സാഹചര്യമില്ലെന്ന് ആരോഗ്യ വകുപ്പ് അറിയിച്ചു. നിപയുമായി ബന്ധപ്പെട്ട് സംശയകരമായി ആരും ഇന്നലെ റിപ്പോർട്ട് ചെയ്യാത്തതിനാൽ ഇന്ന് നടക്കുന്ന അവലോകന യോഗത്തിൽ പാണ്ടിക്കാട്, ആനക്കയം പഞ്ചായത്തുകളിലെ നിയന്ത്രണങ്ങളിൽ ഇളവു വരുത്തിയേക്കും. നിയന്ത്രണങ്ങൾ കർശനമായി പാലിക്കുന്നതിന് പഞ്ചായത്ത് തലങ്ങളിൽ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ കർശനമായ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

### മൊബൈൽ ലാബ് മഞ്ചേരിയിലെത്തിക്കാൻ സാധ്യത മങ്ങി

മഞ്ചേരി: പൂന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിലുള്ള മൊബൈൽ ലാബ് മഞ്ചേരി മെഡിക്കൽ കോളജിലെത്തിക്കാനുള്ള ശ്രമം ഉപേക്ഷിച്ചേക്കും. വൈദ്യുതിയോ, ജനറേറ്ററോ നിലച്ചാൽ മെഷീനുകൾ പ്രവർത്തനം നിലക്കാതിരിക്കാനുള്ള യു.പി.എസ് സംവിധാനം മഞ്ചേരിയിൽ ആവശ്യത്തിന് ഇല്ലാത്തതാണ് മൊബൈൽ ലാബ് കൊണ്ടുവരാതിരിക്കാനുള്ള കാരണം. 47 എ ശേഷിയുള്ള യു.പി.എസ് ഉണ്ടെങ്കിലേ പൂനയിൽ നിന്നുമെത്തിയ മൊബൈൽ ലാബ് പ്രവർത്തിപ്പിക്കുവാൻ കഴിയൂ.

മെഡിക്കൽ കോളജിൽ നിലവിലുള്ള യന്ത്രങ്ങൾ പ്രവർത്തിക്കാനുള്ള യു.പി.എസ് സംവിധാനം ഉണ്ടെങ്കിലും പുറത്തുനിന്നുള്ള ഒരു യന്ത്രത്തിന് പ്രവർത്തിക്കാനാവശ്യമായ യു.പി.എസ് സംവിധാനം മെഡിക്കൽ കോളജിൽ ഇല്ല. കൂടാതെ നിപയുമായി ബന്ധപ്പെട്ട് നിലവിൽ പുതിയ കേസുകളൊന്നും റിപ്പോർട്ട് ചെയ്യാത്തതിനാൽ ധൃതിപിടിച്ച് അത്തരത്തിൽ സംവിധാനം ഒരുക്കേണ്ടതില്ലെന്നുമാണ് ആലോചന. ഏതെങ്കിലും തരത്തിൽ വീണ്ടും രോഗം റിപ്പോർട്ട് ചെയ്താൽ മഞ്ചേരി മെഡിക്കൽ കോളജിൽ മൊബൈൽ ലാബ് എത്തിക്കുമെന്നുമാണ് അധികൃതർ പറയുന്നത്.

### പരിശോധനാഫലം ഇനി അതിവേഗം
## മൊബൈൽ ലാബ് തയ്യാർ

കോഴിക്കോട്: പുനെയിൽ നിന്നുള്ള മൊബൈൽ ബിഎസ്എൽ-3 ലബോറട്ടറി കോഴിക്കോട് മെഡിക്കൽ കോളജിൽ എത്തി പ്രവർത്തനക്ഷമമാക്കി. തിങ്കളാഴ്ച രാത്രിയോടെ മൊബൈൽ ലാബ് കോഴിക്കോട് എത്തിച്ചേർന്നു. ഇന്നലെ പ്രവർത്തനക്ഷമമാക്കി. ഇവിടെ നിന്ന് തന്നെ കൂടുതൽ സാമ്പിളുകൾ ഇനി പരിശോധിക്കാൻ കഴിയും. വീണ്ടും നിപ സ്ഥിരീകരിക്കപ്പെട്ട സാഹചര്യത്തിൽ ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ഐസിഎംആർ) സംഘം ഇന്നലെ കോഴിക്കോട്ടെത്തിയിരുന്നു. നിപ ബാധിച്ച് മരിച്ച 14 കാരൻ ചികിത്സയിലായിരുന്ന മെഡിക്കൽ കോളേജിൽ സംഘം സന്ദർശനം നടത്തി.ഡോ. റിമ ആർ സഹായ് (സയൻറിസ്റ്റ്-ഡി, മാക്സിമം കണ്ടെയ്ൻമെന്റ് ഫെസിലിറ്റി, ഐസിഎംആർ-എൻഐവി, പുനെ), ഡോ. ദീപക് വൈ പാട്ടീൽ, (സയൻറിസ്റ്റ്-ഡി, നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൺ ഹെൽത്ത്, നാഗ്പൂർ), ഡോ. സതീഷ് ഗെയ്ക്വാദ് (സയൻറിസ്റ്റ്-ബി, നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൺ ഹെൽത്ത്, നാഗ്പൂർ), രാമേശ്വർ ബൈദേക്കർ (ടെക്നീഷ്യൻ-സി, പോളിയോ വൈറസ് ഗ്രൂപ്പ്, ഐസിഎംആർ-എൻഐവി, പുനെ), ഡോ. സിബ, സയൻറിസ്റ്റ്-ബി, ഐസിഎംആർ-എൻഐവി, കേരള യൂണിറ്റ്), ജിജോ കോശി, സീനിയർ ടെക്നീഷ്യൻ-ഐ, ഐസിഎംആർ-എൻഐവി, കേരള യൂണിറ്റ്) എന്നിവരടങ്ങുന്ന സംഘമാണ് കോഴിക്കോട്ടെത്തിയത്. മെഡിക്കൽ കോളജിലെ വൈറോളജി ലാബ് സന്ദർശിച്ച സംഘം സ്ഥിതിഗതികൾ വിലയിരുത്തി. തുടർന്ന് മെഡിക്കൽ കോളജ് പ്രിൻസിപ്പാൾ ഡോ. കെ.ജി സജിത്ത് കുമാറുമായി നിപ പ്രതിരോധ സംവിധാനങ്ങളെ കുറിച്ചും മെഡിക്കൽ കോളജിലെ ഒരുക്കങ്ങളെ കുറിച്ചും സംസാരിച്ച സംഘം, മഞ്ചേരി മെഡിക്കൽ കോളജിലേക്ക് തിരിച്ചു. പുനെയിൽ നിന്നുള്ള മൊബൈൽ ലബോറട്ടറി എത്തിയതിനാൽ ഐസിഎംആർ സംഘം കോഴിക്കോട് മെഡിക്കൽ കോളജിലേക്ക് തിരിച്ചെത്തി ലാബിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

### മരിച്ച കുട്ടിയുടെ വീടിനു സമീപം സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചു

പാണ്ടിക്കാട്: നിപ ബാധിച്ചു മരിച്ച ചെമ്പ്രശ്ശേരിയിലെ പതിനാലുകാരന്റെ വീടിനു സമീപം സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചു. കുട്ടി സമീപത്തുള്ള വീടിന്റെ പറമ്പിൽ നിന്നും അമ്പഴങ്ങ കഴിച്ചതായി ഒപ്പമുണ്ടായിരുന്ന കൂട്ടുകാർ സ്ഥിരീകരിച്ചിരുന്നു. അതേ വീട്ടിൽ വവ്വാലുകളുടെ സാന്നിധ്യം സ്ഥിരീകരിച്ചതിനാലാണ് പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ നാല് സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചത്. അതോടൊപ്പം പൂനെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയുടെ (എൻ.ഐ.വി) നേതൃത്വത്തിൽ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിൽ വവ്വാലുകൾ കാണപ്പെടുന്ന സ്ഥലങ്ങളിൽ പരിശോധന നടത്തി.

## കുടുംബ കോടതി പരിസരത്ത് ഭാര്യാമാതാവിനെ വെട്ടി പരിക്കേൽപിച്ചു യുവാവ്

മലപ്പുറം: സിവിൽസ്റ്റേഷനിലെ കുടുംബ കോടതി പരിസരത്ത് ഭാര്യയെ ഓട്ടോറിക്ഷ ഇടിപ്പിച്ച ശേഷം ഭാര്യാമാതാവിനെ മരുമകൻ വെട്ടി പരിക്കേൽപിച്ചു. കോടതി പരിസരത്തു ഭീകരാന്തരീക്ഷം സൃഷ്ടിച്ച പ്രതിയെ അഭിഭാഷകർ ചേർന്ന് കീഴടക്കി പൊലീസിലേൽപ്പിച്ചു. ഇന്നലെ ഉച്ചക്ക് ഒരു മണിയോടെയാണ് സംഭവം. ഗുരുതരമായി പരിക്കേറ്റ ഭാര്യാമാതാവ് കാവനൂർ ചെരങ്ങക്കുണ്ടിൽ കീരന്റെ ഭാര്യ ശാന്ത (55)യെ മലപ്പുറം താലൂക്ക് ആശുപത്രിയിലെത്തി പ്രാഥമിക ചികിത്സ നൽകിയ ശേഷം മഞ്ചേരി മെഡിക്കൽ കോളജിലും പിന്നീട് കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലും പ്രവേശിപ്പിച്ചു. മരുമകൻ നിലമ്പൂർ പോരൂർ ചാത്തങ്ങോട്ട്പുറം കിഴക്കേക്കര കെ.സി. ബൈജുമോൻ (36) ആണ് വെട്ടിപ്പരിക്കേൽപിച്ചത്. ശാന്തയുടെ മകൾ ദിൽഷ (30)ക്കും ഓട്ടോറിക്ഷ ഇടിച്ചു പരിക്കുണ്ട്. കാലിന് പരിക്കേറ്റ ഇവർ മഞ്ചേരി മെഡിക്കൽ കോളജിൽ ചികിത്സ തേടി. 2016 ലായിരുന്നു ബൈജുമോന്റെയും ദിൽഷയുടെയും വിവാഹം. ഇവർക്ക് ആറും അഞ്ചും വയസുള്ള രണ്ട് ആൺമക്കളുമുണ്ട്. കുടുംബ വഴക്കിനെ തുടർന്ന് 2023ൽ ദിൽഷ വിവാഹമോചനത്തിനായി കോടതിയെ സമീപിച്ചിരുന്നു. കേസ് നടക്കുന്ന കുടുംബ കോടതിയിൽ ഇന്നലെ കേസിനായി എത്തി കൗൺസലിങ് കഴിഞ്ഞു മടങ്ങുമ്പോഴാണ് സംഭവം. ബൈജുവിന്റെ ഭാര്യ ദിൽഷയെ സാമൂഹ്യനീതി ഓഫീസിന്റെ മുൻവശത്ത് വെച്ച് ഓട്ടോറിക്ഷ ഇടിപ്പിച്ചു വീഴ്ത്തി. ഇവരെ രക്ഷപ്പെടുത്താൻ ശ്രമിക്കുന്നതിനിടെയാണ് മാതാവ് ശാന്തയെ വടിവാൾ ഉപയോഗിച്ചു വെട്ടിയത്. ശാന്തയുടെ കഴുത്തിനും കാലിനുമായി മൂന്നു തവണ വെട്ടുകയായിരുന്നുവെന്ന് ദൃക്സാക്ഷികൾ പറഞ്ഞു. പ്രതിയുടെ ആദ്യ വേട്ടേറ്റ് ശാന്തയുടെ മുടി അറ്റുവീണു. വെട്ടേറ്റ് തോളിനും, തുടക്കും സാരമായി പരിക്കേറ്റ ഇവർ രക്ഷപ്പെടാനായി കോടതിയിലേക്ക് ഓടിക്കയറുകയായിരുന്നു. മകൾ സിവിൽ സ്റ്റേഷൻ റോഡിലേക്ക് ഓടിയതിനാൽ വെട്ടേൽക്കാതെ രക്ഷപ്പെട്ടു. ബൈജുമോനെ കോടതി പരിസരത്തുണ്ടായിരുന്ന അഭിഭാഷകരും, ഓട്ടോ ഡ്രൈവറും സാമൂഹ്യ നീതി ഓഫീസിലെ ഉദ്യോഗസ്ഥരും ചേർന്നാണ് പിടികൂടിയത്. അഭിഭാഷകർക്കു നേരെയും കത്തിവീശി പ്രതി ഭീകരാന്തരീക്ഷം സൃഷ്ടിച്ചു. കീഴടക്കിയ പ്രതിയെ മലപ്പുറം പൊലീസെത്തി അറസ്റ്റ് ചെയ്തു നീക്കി. ഇയാൾക്കെതിരെ വധശ്രമ കുറ്റവും മാരകായുധങ്ങൾ കൈവശം വെച്ച കുറ്റവും ചുമത്തി കേസെടുത്തു.

## സർക്കാർ ജീവനക്കാരെ ആർ.എസ്.എസ് പ്രവർത്തനങ്ങളിലേക്ക് തള്ളിവിടുന്നത് അപകടകരം: മുസ്‌ലിംലീഗ് പാർലമെന്ററിപാർട്ടി

ന്യൂഡൽഹി: ആർ.എസ്.എസ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിൽ സർക്കാർ ജീവനക്കാർക്കുണ്ടായിരുന്ന വിലക്ക് നീക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത് വളരെ അപകടകരവും ലജ്ജാകരവുമാണെന്ന് മുസ്‌ലിം ലീഗ് പാർലമെന്ററി പാർട്ടി. എക്സിക്യൂട്ടീവിനെ ദുഷിപ്പിക്കുന്ന വിധത്തിലല്ലെങ്കിൽ സർക്കാർ സംവിധാനത്തെ തങ്ങളുടെ പരിധിയിൽ നിർത്തുന്നതിന് വേണ്ടി നിരവധി ദ്രോഹനടപടികൾ ബി.ജെ.പി സർക്കാർ എടുത്തതിന്റെ ഭാഗമായിട്ടാണിപ്പോൾ ആർ.എസ്.എസിനു ഈ രംഗ പ്രവേശനത്തിന് അനുവാദം കൊടുത്തത്. സർക്കാർ സ്ഥാപനങ്ങളിൽ മുഴുവനും ഇത്തരത്തിലുള്ള എല്ലാ അതിർ വരമ്പുകൾ ലംഘിച്ചു തങ്ങളുടെ ഇഷ്ടതാല്പര്യങ്ങൾ വളർത്തിയെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടുള്ള ഈ നീക്കത്തെ മുസ്‌ലിം ലീഗ് പാർലമെന്റ് പാർട്ടി കുറ്റപ്പെടുത്തി. കാൻവർ യാത്ര സംബന്ധിച്ച് സുപ്രീം കോടതി വിധി വളരെ ശ്രദ്ധേയമാണ്, കണ്ണു തുറപ്പിക്കുന്നതാണ്.

കോടതി പ്രത്യേകം പറഞ്ഞിട്ടുള്ളത് ഹോട്ടലുകളിൽ അവിടെ വിൽക്കപ്പെടുന്ന ഭക്ഷണ പാദർത്ഥങ്ങളുടെ വില വിവര പട്ടിക പ്രസിദ്ധീകരിക്കുക എന്നല്ലാതെ സർക്കാർ നിർദ്ദേശിച്ചത് പോലെയുള്ള കാര്യങ്ങൾ ഒരിക്കലും ചെയ്യാൻ പാടില്ലാത്തതാണ്. ഇത് വളരെ ശ്രദ്ധേയമായിട്ടുള്ള ഒരു കാര്യമാണ്. നാട്ടിൽ വർഗീയത വളർത്താൻ വേണ്ടി ഏതറ്റംവരെ പോകാമെന്ന ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ് സർക്കാറുകളുടെ നിഷേധാത്മക സമീപനത്തിനെതിരായി രാജ്യത്തിന്റെ മനസാക്ഷി തന്നെ ഉയർന്നുകഴിഞ്ഞ ഒരു സാഹചര്യത്തിലാണ് ഇപ്പോൾ ഇത്തരം സംഭവവികാസങ്ങളുണ്ടായിട്ടുള്ളത്. ഇനിയെങ്കിലും തിരിച്ചറിയുണ്ടായിട്ടില്ലെങ്കിൽ ഈ രാജ്യത്തെ ബിജെപി പരിപൂർണ്ണമായും നാശത്തിലേക്ക് നയിക്കുമെന്നതിൽ സംശയമില്ലെന്നും മുസ്‌ലിം ലീഗ് പാർലിമെന്ററി പാർട്ടി ലീഡർ ഇ.ടി മുഹമ്മദ് ബഷീർ, എം.പിമാരായഡോ.എം.പി അബ്ദുസമദ് സമദാനി, അഡ്വ.ഹാരിസ് ബീരാൻ എന്നിവർ പറഞ്ഞു.



മലപ്പുറം കുടുംബ കോടതി പരിസരത്ത് വെച്ച് ഭാര്യാമാതാവിനെ വെട്ടിപരിക്കേൽപ്പിച്ച കെ.സി ബൈജുമോനെ പൊലീസ് അറസ്റ്റ് ചെയ്ത് കൊണ്ടുപോകുന്നു



കുറുക്കോളി മൊയ്തീൻ എംഎൽഎ സ്കൂൾ അധികൃതരുമായി ചർച്ച നടത്തുന്നു

# ഷിരൂർ രക്ഷാ ദൗത്യം തുടരുന്നു

## പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് എ.കെ.എം അഷ്റഫ് എംഎൽഎ

ഷിരൂർ (കർണാടക): ഷിരൂർ മണ്ണിടിച്ചിലിൽ കാണാതായവരെ കണ്ടെത്താനുള്ള രക്ഷാദൗത്യം പുരോഗമിക്കുന്നതിനിടെ പ്രവർത്തനങ്ങൾ ഏകോപിച്ച് എകെഎം അഷ്റഫ് എം.എൽ.എ. അപകടവിവരം പുറത്തു വന്നതിനു പിന്നാലെ ഷിരൂരിലെത്തിയ അദ്ദേഹം നാല് രാത്രിയും മൂന്ന് പകലുകളുമായി ഉത്തര കർണാടകയിലെ കാർവാർ അങ്കോളയിലാണ്. രക്ഷാപ്രവർത്തനത്തിന്റെ അപ്പപ്പോഴുള്ള സ്ഥിതി ഗതികൾ ഉന്നത ഉദ്യോഗസ്ഥരടക്കമുള്ളവരിൽ നിന്ന് ചോദിച്ചറിഞ്ഞും, പോരായ്മകൾ ചൂണ്ടിക്കാട്ടിയും വിശ്രമമില്ലാതെ പ്രവർത്തനത്തിലാണ്. ഇടവിട്ട് നേവി,സൈന്യം, മറ്റു റസ്ക്യൂ ടീം എന്നിവരുമായി നിരന്തരം ബന്ധപ്പെട്ട് ആവശ്യമായ കാര്യങ്ങൾ ചെയ്ത് വരുന്നു. രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടവർക്ക് ആദ്യ ഘട്ടത്തിലുണ്ടായ യന്ത്ര ങ്ങളുടെയും, ഉപകരണങ്ങ ളുടെയും അപര്യാപ്ത പരിഹരിക്കാൻ എ.കെ.എം അഷ്റഫ് എംഎൽഎയുടെ ഇടപെടൽ സഹായകരമായി. കാണാതായ അർജുൻ അടക്കമുള്ളവരെ കണ്ടെത്താനുള്ള ശ്രമം എട്ടാം നാൾ പിന്നിട്ടിട്ടും കരയിലെ പരിശോധനയിൽ പുരോഗതിയില്ലാത്തത് നിരാശപ്പെടുത്തുന്നതായി അദ്ദേഹം പറഞ്ഞു. അർജുന്റെ കുടുംബത്തിന്റെയും മലയാളി രക്ഷാ പ്രവർത്തകരുടെയും അഭ്യർത്ഥന മാനിച്ച് കരയിലെ മണ്ണ് പൂർണ മായും മാറ്റിയിട്ടുണ്ട്. അടുത്ത ഘട്ടമെന്ന നിലയിൽ ഗംഗാവലി പുഴയിൽ പരിശോധന ശക്തമാക്കാനാണ് തീരുമാനം. ബൂം ജെസിബി എന്ന അത്യാധുനിക യന്ത്രം എത്തിച്ച് തുടർ പരിശോധനകൾ നടത്തും. സതീശ് സെയിൻ എംഎൽഎ ഇടപെട്ടാണ് ഈ അത്യാധുനിക മണ്ണു മാന്തി യന്ത്രം ലഭ്യമാക്കിയത്. അറുപത് മീറ്റർ ആഴത്തിൽ പുഴയിൽ നിന്നും മണ്ണ് മാന്താൻ ഈ യന്ത്രത്തിന് കഴിയും. പുഴയിൽ രൂപപ്പെട്ട മൺതിട്ട മാറ്റി പരിശോധന നടത്തി യാൽ അർജുന കണ്ടെത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷ.നമ്മളിൽ ഒരാളെയാണ് കാണാതായിരിക്കുന്നത്. അർജുനെ കണ്ടെത്താതെ എങ്ങിനെയാണ് തിരിച്ചു വരിക. ഇവിടത്തെ അവസ്ഥ ദയനീയം തന്നെ. ആ ദുരന്തവും ഭീകരമാണ് . അതേ സമയം തുളു, കന്നഡ ഭാഷകൾ കൈ കാര്യം ചെയ്യാൻ അഷറഫിനു കഴിയുന്നത് ഇവിടത്തെ പൊലിസ്, റവന്യൂ ഉദ്യോഗസ്ഥർക്കും ഏറെ സഹായകരമാകുന്നുണ്ട്. അതിനിടെ കേരളത്തിൽ നിന്നും എത്തിയ എംഎൽഎമാരായ സച്ചിൻ ദേവ്, ലിന്റോ ജോസഫ് എന്നിവർക്ക് വേണ്ട സൗകര്യമൊരുക്കണമെന്ന് സ്പീക്കർ എ.എൻ ഷംസീർ നേരിട്ട് അഷറഫിനെ വിളിച്ച് ആവശ്യപ്പെട്ടിരുന്നു.



മഞ്ചേശ്വരം എംഎൽഎ എകെഎം അഷ്റഫ് ഷിരൂരിൽ രക്ഷാദൗത്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു

### പാലക്കാട് സ്വദേശിയുടെ സഹായംതേടി

പാലക്കാട്: കർണാടകയിലെ ഷിരൂരിൽ കുന്നിടിഞ്ഞ് കാണാതായ കോഴിക്കോട് സ്വദേശി അർജുന് വേണ്ടിയുള്ള തിരച്ചിലിന്റെ ഭാഗമായി മണ്ണിനടിയിൽപ്പെട്ട ലോറി കണ്ടെത്താൻ പാലക്കാട് സ്വദേശിയുടെ സഹായംതേടി ദൗത്യസംഘം. മണ്ണിനടയിൽപ്പെട്ട ലോറി കണ്ടെത്താൻ ആധുനിക സാങ്കേതിക സഹായമാണ് റിട്ട.മേജർ ഇന്ദ്രബാലനിൽനിന്ന് തേടിയിരിക്കുന്നത്. കരയിലും വെള്ളത്തിലും ഒരു പോലെ 20 മീറ്ററിലും താഴെയുള്ള ഏത് വസ്തു കണ്ടെത്താനാവുന്ന സാങ്കേതകവിദ്യക്കാണ് ദൗത്യസംഘം സമീപിച്ചിരിക്കുന്നതെന്നും ഇന്ദ്രബാലൻ പറഞ്ഞു. ദൗത്യസംഘത്തിന്റെ സഹായത്തിനായി ഉടൻ പോകുമെന്നു അദ്ദേഹം അറിയിച്ചു.

### ബി.പി അങ്ങാടി ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ
# പുഴുശല്യം രൂക്ഷം,ഭക്ഷണത്തിലേക്ക് വീണു റോഡ് ഉപരോധിച്ചു വിദ്യാർഥികൾ

തിരൂർ: ബി.പി അങ്ങാടി ഗവ.വൊക്കേഷണൽ ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ രൂക്ഷമായ പുഴു ശല്യത്തെ തുടർന്ന് റോഡ് ഉപരോധിച്ചു കുട്ടികൾ. വിദ്യാർഥി ഉച്ച ഭക്ഷണം കഴിക്കുന്നതിനിടെ ഭക്ഷണത്തിലേക്ക് പുഴു വീണതോടെയാണ് വിദ്യാർത്ഥികൾ സമരവുമായി രംഗത്ത് വന്നത്. ഭൗതിക സൗകര്യങ്ങൾ കുറഞ്ഞ സ്കൂളിൽ മഴക്കാലമായാൽ പുഴു ശല്യം രൂക്ഷമാണ്. ഓടിട്ട കെട്ടിടത്തിലാണ് നിലവിൽ ക്ലാസ് റൂം പ്രവർത്തിക്കുന്നത്. നിരവധി തവണ അധികൃതരോട് പരാതി പറഞ്ഞിട്ടും വീണ്ടും ദേഹത്ത് പുഴു വീണതോടെയാണ് റോഡ് ഉപരോധിച്ചുള്ള സമരത്തിലേക്ക് കുട്ടികൾ കടന്നത്. നാല് മണിക്കൂറോളം നീണ്ട ഉപരോധത്തിനൊടുവിലാണ് വിദ്യാർഥികൾ സമരം അവസാനിപ്പിച്ചത്.



ഭക്ഷണത്തിലേക്കു വീണ പുഴു

പുഴു ശല്യം രൂക്ഷമായ മരം മുറിക്കാനും , ക്ലാസ് റൂമുകൾ സീലിങ് ചെയ്യാനും ഉടൻ നടപടി എടുക്കാൻ തീരുമാനിച്ചു. സ്ഥലം ജില്ലാ പഞ്ചായത്ത് മെമ്പർ സി.പി.എമ്മിന്റെ അഫ്സൽ കൈനിക്കര ജില്ലാ പഞ്ചായത്തിൽ നിന്നും എല്ലാ വർഷവും സ്കൂളുകളിലേക്ക് മെയിന്റനൻസ് വർക്കിന് അനുവദിക്കുന്ന പത്ത് ലക്ഷം രൂപക്കുള്ള അപേക്ഷ പോലും ജില്ലാ പഞ്ചായത്തിലേക്ക് നൽകിയിട്ടില്ല. പുതിയ രണ്ട് പ്ലസ് വൺ ബാച്ചുകൾ അനുവദിച്ചിട്ടുള്ള സ്കൂളിൽ അതനുസരിച്ച് ക്ലാസുകൾ തുടങ്ങാനുള്ള സൗകര്യം പോലും നിലവിലില്ല. അസൗകര്യങ്ങൾ കൊണ്ട് വീർപ്പു മുട്ടുന്ന സ്കൂളിലേക്ക് കിഫ്ബി പദ്ധതിയിൽ പുതിയ കെട്ടിടം നിർമിക്കാൻ മൂന്ന് കോടി 90 ലക്ഷം പാസ് ആക്കിയ ഫണ്ടിന്റെ നടപടികൾ നടന്നു വരികയാണ് . കൂടാതെ കുറുക്കോളി മൊയ്തീൻ എം.എൽ.എ പ്ലാൻ ഫണ്ടിൽ നിന്നുള്ള ഒരു കോടി രൂപയും സ്കൂളിന് തന്നെയാണ് അനുവദിച്ചിട്ടുള്ളത്. സ്വകാര്യ വ്യക്തി നൽകിയ 50 ലക്ഷം രൂപക്ക് സ്കൂളിന് കെട്ടിടം നിർമിക്കുന്നതിന്റെ നടപടികൾ കുറച്ച് ദിവസങ്ങളായി നടന്നു വരികയാണ്. എം.എൽ.എയുടെ നേതൃത്വത്തിൽ സ്കൂൾ അധ്യാപകർ,പിടിഎ ഭാരവാഹികൾ, വിദ്യാർഥികൾ,നാട്ടുകാർ തുടങ്ങിയവരുമായി ചർച്ച നടത്തി.



ബി.പി അങ്ങാടി ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ വിദ്യാർഥികൾ റോഡ് ഉപരോധിക്കുന്നു